# സർക്കുലർ

***Circular Letter No. 01/2013***
***Prot. No. 13050/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിൽ തിരുനാളുകൾ നടത്തപ്പെടുന്ന അവസരമാണല്ലോ ജനുവരി, ഫെബ്രുവരി മാസങ്ങൾ. നമ്മുടെ ആഘോഷങ്ങളെപ്പറ്റി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്താനാണ് ഈ സർക്കുലർ. ഇത്തരുണത്തിൽ വിശുദ്ധ പത്രോസ് സ്വന്തം ദൗത്യത്തെപ്പറ്റി പറയുന്ന കാര്യങ്ങൾ ഇവിടെ പ്രസക്തമാണ്. *നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സത്യത്തിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നെങ്കിലും, അവയെക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. ഞാൻ ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം കാലം, ഓർമ്മപ്പെടുത്തൽ വഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു.* (2 പത്രോസ് 1:12-13). മറവി മനുഷ്യസഹജമായതുകൊണ്ടാണ് ഇത്തരം ഓർമ്മപ്പെടുത്തൽ ആവശ്യമായി വരുന്നത്.

നമ്മുടെ ഇടവകകളിലെ തിരുനാൾ ആഘോഷങ്ങൾ എങ്ങനെ നടത്തണം അഥവാ എങ്ങനെ നടത്തരുത് എന്നതിനെപ്പറ്റി കേരള കത്തോലിക്കാ മെത്രാൻ സമിതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ രൂപതാ ബുള്ളറ്റിന്റെ 2010 ഓഗസ്റ്റ് ലക്കത്തിലും അവയെപ്പറ്റി എന്റെ ചില വിശദീകരണങ്ങളോടു കൂടിയ ഒരു സർക്കുലർ കത്ത് 2010 ഡിസംബർ ലക്കത്തിലും പ്രസിദ്ധീകരിച്ചിരുന്നു. മെത്രാൻ സമിതി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇപ്രകാരം പറയുന്നു:

*ക്രൈസ്തവ വിശ്വാസത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകകൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക മദ്ധ്യസ്ഥരുടേയും മാലാഖമാരുടേയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാ*

*സികൾക്ക് കടമയുണ്ട്. ഇടവകത്തിരുനാളുകൾ വിശ്വാസപാരമ്പര്യ ത്തിന്റേയും ആരാധനക്രമപൈതൃകത്തിന്റേയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാ ടത്തെക്കുറിച്ചും ധൂർത്തിനെക്കുറിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിശദമായി ചർച്ച ചെയ്യുകയും താഴെപറയുന്ന അജപാ ലനമാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു. കെ.സി.ബി.സി. നിർദ്ദേശങ്ങൾ രൂപതാതലത്തിലും ഇടവകാതല ത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേണ്ടതാണ്.*

തിരുനാളുകൾ നൊവേനകൾ തുടങ്ങിയവയെ സംബന്ധിച്ച് 12 നിർദ്ദേശങ്ങളാണ് മെത്രാൻ സമിതി നൽകിയിരുന്നത്. അവയുടെ ചുരുക്കം നിങ്ങളുടെ സവിശേഷ ശ്രദ്ധയ്ക്കായി ഒരിക്കൽകൂടി സമർപ്പി ക്കുകയാണ്. 1) നമ്മുടെ ആഘോഷങ്ങൾ വാണിജ്യവത്ക്കരിക്കപ്പെട രുത്. 2) തിരുനാളിന്റേയോ നൊവേനയുടേയോ ഭാഗമായി സംഘടിപ്പി ക്കുന്ന നേർച്ചസദ്യ, ഊട്ടുനേർച്ച തുടങ്ങിയവ ഇടവകക്കാർക്ക് മാത്ര മായി നടത്തുന്നതാണ് ഉത്തമം. 3) വിപണനക്കാർ ചെയ്യുന്നത് പോലെ തിരുനാൾ പരസ്യങ്ങൾ വലിയ ഹോർഡിംഗുകൾ, ഫ്ളെക്സ് ബോർഡു കൾ എന്നിവയിലൂടെ നൽകുന്നത് നിരുത്സാഹപ്പെടുത്തണം. 4) പ്രധാന ഇടവകത്തിരുനാളിന് പുറമേ കപ്പേളകളിലും കുരിശടികളിലും വലിയ തോതിൽ തിരുനാളുകൾ നടത്തുന്നത് തീർത്തും നിരുത്സാഹപ്പെടു ത്തണം. 5) തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുക യുടെ നിശ്ചിതശതമാനം സാമൂഹ്യപ്രവർത്തനത്തിനും ദരിദ്രരെ സഹാ യിക്കുന്നതിനും വേണ്ടി മാറ്റി വയ്ക്കണം. 6) ക്രിസ്തുകേന്ദ്രീകൃത ഭക്തി യിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്ത്യാഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. 7) തിരുനാളാഘോ ഷപരിപാടികൾ രാത്രി എത്രമണി വരെ പോകാം എന്ന കാര്യവും നമ്മുടെ തീരുമാനത്തിന് വിധേയമാകണം. ഏറെ വൈകി ദേവാലയാ ങ്കണത്തിൽ കലാപരിപാടികൾ നടത്തുന്നത് നിരുത്സാഹപ്പെടുത്തണം. 8) ആഘോഷത്തിന് വേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കു ന്നതും അഭിലഷണീയമല്ല. 9) മറ്റു ഇടവകകളിൽ നിന്ന് സ്വർണ്ണ, വെള്ളി ക്കുരിശുകൾ വാടകയ്ക്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം. 10) തിരുനാൾ പ്രദക്ഷിണങ്ങൾ ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണ് നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതു ജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ നട ത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 11) കരിമരുന്ന് പ്രയോഗങ്ങൾ

നിരുത്സാഹപ്പെടുത്തണം. 12) പരിസരമലിനീകരണത്തിനും അന്തരീക്ഷമലിനീകരണത്തിനും കാരണമാകുന്ന ഒന്നും നാം ചെയ്യരുത്. ഈ മാർഗ്ഗനിർദ്ദേശങ്ങളെപ്പറ്റി 2010 ഡിസംബറിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്ന വിശദീകരണം ഒന്നുകൂടി വായിച്ച് അതനുസരിച്ച് പ്രവർത്തിക്കണം എന്ന് ബന്ധപ്പെട്ട ഏവരോടും അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ അതിന് ആരും തടസ്സം നിൽക്കരുത് എന്നും ഓർമ്മപ്പെടുത്തട്ടെ. മറ്റുള്ള ഇടവകക്കാർ ഇവ നടപ്പിലാക്കുന്നില്ലല്ലോ; അപ്പോൾ പിന്നെ ഞങ്ങളെന്തിന് നടപ്പാക്കണം എന്ന് ആരും ചോദിക്കാൻ ഇട വരാതിരിക്കട്ടെ എന്നാണെന്റെ ആശംസയും ആഗ്രഹവും.

തിരുനാൾ പ്രദക്ഷിണങ്ങളെപ്പറ്റി കൂടുതലായി ചില കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ. ഒന്നാമതായി നാം ചിന്തിക്കേണ്ടത് പ്രദക്ഷിണങ്ങളുടെ ഉദ്ദേശ്യത്തെപ്പറ്റിയും അതിന്റെ പ്രകൃതിയെപ്പറ്റിയുമാണ്. നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ പരസ്യപ്രഘോഷണമാണ് പ്രദക്ഷിണത്തിന്റെ ഉദ്ദേശ്യം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രതീകമായ സ്വർണ്ണക്കുരിശുകളും വെള്ളിക്കുരിശുകളും സ്വർഗ്ഗവാസികളായ വിശുദ്ധരുടെ തിരുശേഷിപ്പും രൂപങ്ങളും സ്വർഗ്ഗപ്രവേശനത്തിൽ നമുക്ക് കിട്ടുന്ന സന്തോഷത്തിന്റെ പ്രതീകമായ കൊടികളും എല്ലാം ആ വിശ്വാസത്തിന്റെ ഉള്ളടക്കം എന്തെന്ന് സൂചിപ്പിക്കുന്നു. പ്രദക്ഷിണം സ്വർഗ്ഗപ്രവേശനത്തിന്റെ പ്രതീകമാണെന്ന് പറയാം. അത് പൂർണ്ണമായും ആത്മീയവും ആദ്ധ്യാത്മികവുമാണ്. അതുകൊണ്ട് വിശ്വാസത്തിന് വിരുദ്ധമായ ഒന്നും അതിൽ ഉണ്ടാകാൻ പാടില്ല. മറ്റ് വാക്കുകളിൽ പറഞ്ഞാൽ പ്രദക്ഷിണം ഒരു സാംസ്കാരിക ഘോഷയാത്രയല്ല. അത് ആരെയെങ്കിലും കാണിക്കാനുമല്ല.


നിർഭാഗ്യവശാൽ നമ്മുടെ തിരുനാൾ പ്രദക്ഷിണങ്ങൾ കൂടുതൽ കൂടുതൽ സാംസ്കാരികഘോഷയാത്രയുടെ പ്രകൃതി ആർജ്ജിക്കുന്നതായി കാണുന്നു. ഒന്നിലേറെ ചെണ്ട-ബാന്റ് ഗ്രൂപ്പുകളുടെ പ്രകടനങ്ങൾ, വിശ്വാസവുമായി ബന്ധമൊന്നുമില്ലാത്ത ടാബ്ലോകൾ, കലാരൂപങ്ങൾ, വിവിധതരം പ്രച്ഛന്നവേഷങ്ങൾ, തുടങ്ങിയവ തന്നെ ഉദാഹരണങ്ങളാണ്. പ്രദക്ഷിണം കാണാൻ ആളുകളെ കിട്ടുക എന്ന ലക്ഷ്യമായിരിക്കാം ഇതിന്റെ പിന്നിലുള്ളത്. മറ്റ് ഇടവകകളേക്കാൾ തങ്ങൾ മുമ്പിൽ നിൽക്കണം എന്ന ചിന്തയുമുണ്ടാകാം. തിരുനാൾ പ്രദക്ഷിണത്തെപ്പറ്റിയുള്ള അജ്ഞതയും കാരണമാകാം. അതിനാൽ അവസരോചിതമല്ലാത്തവയെ നീക്കിക്കളഞ്ഞ് തിരുനാൾ പ്രദക്ഷിണങ്ങളെ അവയുടെ ശരി

യായ അർത്ഥത്തിലേയ്ക്ക് തിരികെ കൊണ്ടുവരാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

മുൻവർഷങ്ങളിലേതുപോലെ ഈ വർഷവും നമ്മുടെ ഇടവക ത്തിരുനാളുകൾക്ക് തയ്യാറാക്കുന്ന ബഡ്ജറ്റിന്റെ അഞ്ച് ശതമാനമെ ങ്കിലും രൂപതയുടെ വിദ്യാഭ്യാസ സഹായനിധിയിലേക്ക് സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ കുറേയ ധികം ഇടവകകൾ ഇപ്രകാരം തരുകയുണ്ടായി. അവരെ പ്രത്യേകം നന്ദിപൂർവ്വം ഓർക്കുന്നു.

തിരുനാൾ ആഘോഷങ്ങളെപ്പറ്റി പല സന്ദർഭങ്ങളിലായി ഞാൻ എഴുതിയ കാര്യങ്ങൾ വളരെ ഗൗരവമായി എടുക്കുകയും അവ അനു സരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ ഇടവകകളും ബഹുമാന പ്പെട്ട വികാരിയച്ചന്മാരും ഉണ്ടെന്ന വസ്തുത എനിക്ക് ഏറെ സന്തോഷം തരുന്നുണ്ട്. അവരെ എല്ലാവരേയും അഭിനന്ദിക്കുകയും അവർക്ക് ഹൃദയ പൂർവ്വം നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളേ വരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജനുവരി മാസം 6–ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേ ണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 02/2013***
***Prot. No. 13051/2012***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2012 നോട് വിടപറഞ്ഞ് 2013 നെ സ്വാഗതം ചെയ്യുന്ന സന്ദർഭമാണല്ലോ ഇത്. സമയത്തെ വർഷങ്ങളായും മാസങ്ങളായും ആഴ്ചകളായും എല്ലാം തിരിക്കുന്നത് മനുഷ്യൻ തന്നെയാണ്. അതിനാൽ ഈ തിരിവുകൾക്ക് അതിൽ തന്നെ വലിയ പ്രാധാന്യമില്ല. എങ്കിലും സമയത്തെ മനുഷ്യമനസ്സിന് മനസ്സിലാക്കാനും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്താനും ഈ തിരിവുകൾ ഏറെ ഉപകരിക്കുന്നു. ക്രിസ്തുസംഭവവുമായി ബന്ധപ്പെടുത്തിയാണ് ക്രിസ്തുവർഷത്തെ നാം കാണേണ്ടത്. അതുകൊണ്ട് ഒരു പുതിയ വർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുമ്പോൾ ക്രിസ്ത്യാനികൾ എന്ന നിലയിലാണ് വർഷാവസാനത്തെയും വർഷാരംഭത്തേയും മറ്റും പരിഗണിക്കേണ്ടത്. ദൈവം നമുക്ക് തരുന്ന ദാനമാണ് സമയം. ഈ ദാനത്തെ നാം എപ്രകാരം ഉപയോഗപ്പെടുത്തുന്നു എന്നതാണ് നമ്മൾ പരിശോധിക്കേണ്ടത്. ദൈവത്തോടും നമ്മുടെ സഹജീവികളോടുമുള്ള നമ്മുടെ ബന്ധം ക്രൈസ്തവമായിരുന്നോ എന്നതാണ് ആ പരിശോധനയ്ക്ക് മാനദണ്ഡമാകേണ്ടത്. കഴിഞ്ഞ വർഷം ക്രൈസ്തവമായി നാം ഉപയോഗിച്ചെങ്കിൽ അത് സാധ്യമാക്കിയ ദൈവത്തിന് നന്ദി പറയാം. നമ്മുടെ കുറ്റം കൊണ്ട് അതിന് നമ്മൾക്ക് സാധിച്ചില്ലെങ്കിൽ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ ശ്രമിക്കാം. പുതിയ വർഷത്തിൽ കർത്താവിന്റെ പാതയിലൂടെ ചരിക്കാനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ശാന്തിയും സമാധാനവും സന്തോഷവും നിറഞ്ഞ പുതുവത്സരം ആശംസിക്കുന്നു.

നമ്മുടെ ക്രൈസ്തവജീവിതം വിജയമായിരുന്നോ പരാജയമായിരുന്നോ എന്ന് വിലയിരുത്തപ്പെടേണ്ടത് നാം നമുക്കുള്ളത് – സമയം, ഊർജ്ജം, കഴിവുകൾ, സമ്പത്ത് – തുടങ്ങിയവ മറ്റുള്ളവർക്ക് കൂടി ഉപകാരപ്പെടുന്ന രീതിയിൽ ഉപയോഗിച്ചോ എന്നതു കൂടി പരിഗണിച്ചിട്ടാണ്. വ്യക്തിജീവിതത്തിൽ എന്നതുപോലെ സഭാജീവിതത്തിലും ഇത് നടക്കേണ്ടതുണ്ട്. ഈ അരൂപിയിലാണ് നിർദ്ധനകുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കായി ഒരു വിദ്യാഭ്യാസ സഹായപദ്ധതി നമ്മുടെ രൂപതയിൽ നട

പ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ എട്ട് വർഷമായി ഈ പദ്ധതിയിലൂടെ ധാരാളം കുട്ടികൾക്ക് പഠനസഹായം കൊടുത്തിട്ടുണ്ട്. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന ചുരുങ്ങിയത് അഞ്ഞൂറ് കുട്ടികൾക്കെങ്കിലും ആയിരം രൂപാ വച്ച് ഓരോ വർഷവും സഹായധനമായി കൊടുക്കുന്ന ഒരു പദ്ധതിയാണിത് എന്ന് നിങ്ങൾ ഇതിനകം മനസ്സിലാക്കിക്കാണും. ഇപ്പറഞ്ഞ പദ്ധതിയിൽ നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങളും പങ്ക് ചേരുന്നുണ്ട്. അവർ തനിയെ വർഷംതോറും ഇരുന്നൂറ്റമ്പതിനും മുന്നൂറിനും ഇടയിൽ കുട്ടികൾക്ക് സഹായം കൊടുക്കുന്നുണ്ട്. മിടുക്കരും എന്നാൽ നിർദ്ധനരും ആയ കുട്ടികളെ നമ്മുടെ രൂപതയിലെ ഇംഗ്ലീഷ് മീഡീയം സ്കൂളുകളിൽ സൗജന്യമായി പഠിപ്പിക്കുന്ന മറ്റൊരു പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതിയനുസരിച്ച് കുട്ടികൾ ഗൂഡല്ലൂർ കയ്യൂന്നിയിലുള്ള സേക്രട്ട് ഹാർട്ട് മട്രിക്കുലേഷൻ സ്കൂളിലും തലഞ്ഞി കാർമ്മൽ സ്കൂളിലുമായി പഠിക്കുന്നുണ്ട്. ആ സ്കൂളുകളുടെ വാഹനങ്ങൾ എത്തുന്ന സ്ഥലങ്ങളിൽ നിന്ന് മാത്രമാണ് അപ്രകാരം കുട്ടികളെ തെരഞ്ഞെടുത്തിട്ടുള്ളത്.

സ്കൂൾ കുട്ടികൾക്ക് പുറമേ കോഴിക്കോട്ടുള്ള സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിനുള്ള സഹായധനവും കൊടുക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും ഐ.എ.എസ്., ഐ.പി.എസ്. പോലെയുള്ള മത്സരപ്പരീക്ഷകൾക്കും കുട്ടികളെ ഒരുക്കാൻ താമരശ്ശേരി രൂപത തുടങ്ങിയിട്ടുള്ള സ്ഥാപനമാണ് സ്റ്റാർട്ട്. നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങൾ പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സഹായം കൊടുക്കുന്നുണ്ട്.

കുട്ടികളെ തെരഞ്ഞെടുക്കുന്നതു മുതൽ അവർക്കുള്ള സഹായധനം വിതരണം ചെയ്യുന്നതും പഠനത്തിന്റെ കണക്കുകൾ ശരിയായി സൂക്ഷിക്കുക, കുട്ടികളുടെ മാതാപിതാക്കൾ പണം ശരിയായി വിനിയോഗിച്ചോ എന്ന് അന്വേഷിക്കുക, അവരുടെ വീടുകൾ സന്ദർശിക്കുക, തുടങ്ങിയ എല്ലാ കാര്യങ്ങളിലും ഇടവകയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്റെയും സമർപ്പിതരുടേയും കൈക്കാരന്മാരുടേയും കമ്മറ്റിക്കാരുടേയും എല്ലാം സജീവ പങ്കാളിത്തം ഉണ്ടെങ്കിലേ ഈ പദ്ധതി ഉദ്ദേശിച്ച ഫലം ചെയ്യുകയുള്ളു എന്ന കാര്യം ഒരിക്കൽകൂടി ഏവരേയും ഓർമ്മപ്പെടുത്തുകയാണ്. ഇക്കാര്യങ്ങൾ ഞാൻ മുമ്പ് എഴുതിയിട്ടുള്ളതായതിനാൽ വീണ്ടും ആവർത്തിക്കുന്നില്ല.

കഴിഞ്ഞവർഷം രൂപതാ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന പദ്ധതിക്കായി 6,42522 രൂപയും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നടത്തുന്ന പദ്ധതിക്കായി 3,39300 രൂപയും കിട്ടി. അതിൽ രൂപതാ കേന്ദ്രത്തിലെ പദ്ധ

തിയിൽ നിന്ന് 13,27927 രൂപയും സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്ന് 2,98000 രൂപയും വിതരണം ചെയ്തു. ആകെ 16,25927 രൂപയാണ് വിതരണം ചെയ്തത്. 572, 246 എന്നിങ്ങനെയാണ് ഓരോ പദ്ധതിയിലും സഹായധനം കിട്ടിയ കുട്ടികളുടെ എണ്ണം.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ 86 കുട്ടികൾക്കായി 7,75632 രൂപയാണ് കൊടുത്തത്. അതുപോലെ IAS എൻട്രൻസിനുവേണ്ടി ഒരു കുട്ടിക്ക് 67295 രൂപയും ഇതുവരെ കൊടുത്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനായി സിസ്റ്റേഴ്സിന്റെ പദ്ധതിയിൽ നിന്നും 5 കുട്ടികൾക്ക് 20000 രൂപയും കൊടുത്തു. ഇതിലേയ്ക്ക് സംഭാവനകൾ നൽകിയ എല്ലാവരേയും ഹൃദയപൂർവ്വം അഭിനന്ദിക്കുകയും അവർക്ക് നന്ദി പറയുകയും ചെയ്യുന്നു.

പല മാർഗ്ഗങ്ങളിലൂടെയാണ് നമ്മുടെ പദ്ധതികൾക്കുള്ള പണം കണ്ടെത്തുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓരോ വർഷവും നമ്മൾ ഇടവകകളിൽ നിന്ന് എടുക്കുന്ന പൊതു പണസമാഹരണം. ജനുവരി മാസത്തിലെ അവസാന ഞായറാഴ്ചയാണ് ഇത് സമാഹരിക്കുന്നത്. ഈ വർഷം ജനുവരി 27-ന് ഞായറാഴ്ചയാണ് വിദ്യാഭ്യാസ നിധിയിലേക്കുള്ള സംഭാവനകൾ സമാഹരിക്കേണ്ടത്. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇക്കാര്യം മുൻകൂട്ടി പള്ളികളിൽ അറിയിക്കുകയും ആ ദിവസം ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ച് തരുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങൾ ഏവരുടേയും ഉദാരമായ സംഭാവനകൾ ഞാൻ പ്രതീക്ഷിക്കുന്നു. ഏവർക്കും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2012 ഡിസംബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജനുവരി മാസം 20-ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

*Circular Letter No. 03/2013*
*Prot. No. 13057/2012*

# സർക്കുലർ

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആനുകാലിക സാഹചര്യങ്ങൾ പരിഗണിച്ച് കുർബാന ധർമ്മം പുതുക്കുവാൻ ഈ ഡിസംബർ 11 മുതൽ 13 വരെ എറണാകുളത്ത് പി.ഒ.സിയിൽ വച്ചു കൂടിയ കേരള കത്തോലിയ്ക്കാ മെത്രാൻ സമിതി തീരുമാനിക്കുകയുണ്ടായി. സാധാരണ കുർബാനയ്ക്ക് 75 രൂപയാണ് പുതുക്കിയ നിരക്ക്.

ആനുപാതികമായ വർദ്ധനവ് ആഘോഷമായ കുർബാന ധർമ്മത്തിനും വരുത്തുകയാണ്. 150 രൂപയായിരിക്കും ആഘോഷമായ കുർബാനയുടെ ധർമ്മം (100 രൂപ കാർമ്മികന്, 25 രൂപ പാട്ടുകാർക്ക്, 15 രൂപ ശുശ്രൂഷിക്ക്, 10 രൂപ പള്ളിക്ക്). 2013 ജനുവരി 01 ന് പുതുക്കിയ നിരക്ക് നിലവിൽ വരും. മറ്റു തിരുക്കർമ്മങ്ങൾക്കുള്ള നിരക്കുകൾക്ക് മാറ്റമില്ല. (മാനന്തവാടി രൂപതാ ബുള്ളറ്റിൻ 2012 മെയ്, പേജ് 36 - 37 കാണുക)

വി. കുർബാനയർപ്പണത്തിന് കാർമ്മികത്വം വഹിക്കുന്ന പുരോഹിതന് ദൈവജനം നൽകുന്ന കാഴ്ചയാണ് കുർബാന ധർമ്മം. പുരോഹിതന്റെ ഉപജീവനത്തിനുള്ള ഒരു മാർഗ്ഗമെന്ന രീതിയിലാണ് സഭ ഇത് നിശ്ചയിച്ചിരിക്കുന്നത്. ബലിപീഠത്തിൽ ശുശ്രൂഷിക്കുന്നവർ ബലിപീഠത്തിൽ നിന്ന് ഉപജീവിക്കുന്നു (1 കോറി. 9:13) എന്ന തിരുവചനാഹ്വാനമാണ് ഇതിന് അടിസ്ഥാനം. കുർബാനധർമ്മം വി.കുർബാനയുടെ വിലയല്ലെന്ന് പ്രത്യേകം ഓർക്കുമല്ലോ. ഓരോ വി.കുർബാനയർപ്പണ വേളയിലും വിശ്വാസികളുടെ ത്യാഗപൂർവ്വകമായ സാന്നിധ്യത്തോടൊപ്പം ബലിയർപ്പണത്തിന്റെ മനോഭാവമുണ്ടാകുന്നതിനും ഈ കാഴ്ച സമർപ്പണം സഹായകമാകും. ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടിയുള്ള നിയോഗത്തോടുകൂടി ബലിയർപ്പിക്കുന്ന ഉൽകൃഷ്ടമായ പാരമ്പര്യം നിലനിർത്തി കർത്താവിന്റെ രക്ഷാകരബലിയിൽ നമുക്കും പങ്കാളികളാകാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2012 ഡിസംബർ 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 04/2013*
*Prot. No. 13052/2012*

**രൂപതാ വൈദികരുടേയും ആശ്രമങ്ങൾ, മഠങ്ങൾ എന്നിവയുടെ സുപ്പീരിയർമാരുടേയും പ്രത്യേക ശ്രദ്ധയ്ക്ക്**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ആരാധനക്രമ സംബന്ധമായ ഏതാനും കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരാനാണ് ഈ സർക്കുലർ. ഇതിൽ പറയുന്ന കാര്യങ്ങൾ എല്ലാവരും ഗൗരവമായി എടുക്കുകയും ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ഏതാനും വർഷങ്ങൾക്കു മുമ്പ് നമ്മുടെ സഭയിൽ ഉപയോഗത്തിലുള്ള കൂദാശകളുടെ ക്രമങ്ങളും വലിയ ആഴ്ച, ക്രിസ്തുമസ് തുടങ്ങിയ സമയങ്ങളിലേയ്ക്കുള്ള ക്രമങ്ങളും സീറോ മലബാർ ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നല്ലോ. ഈയടുത്ത കാലത്ത് വിശുദ്ധ കുർബാനയുടെ തക്സയും ജനങ്ങളുടെ ഉപയോഗത്തിനായുള്ള ചെറിയ പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരാധനാക്രമവത്സരമനുസരിച്ച് ഓരോ കാലഘട്ടത്തിലും മാറി വരുന്ന പ്രാർത്ഥനകൾ (പ്രോപ്രിയ) ഉൾപ്പെടുത്തിയാണ് കുർബാനപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പുനരുദ്ധാരണത്തിന്റെ പ്രക്രിയയിലായിരുന്ന നമ്മുടെ ആരാധനക്രമപുസ്തകങ്ങൾ ഇങ്ങനെ കൂടുതൽ കൂടുതൽ പ്രാർത്ഥനകളും മറ്റും ഉൾപ്പെടുത്തി പലപ്പോഴായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെ നാളത്തെ ചർച്ചകളുടെ ഫലമായി ഉരുത്തിരിഞ്ഞവയാണ് ഇവ. ആരാധനാക്രമവത്സരത്തിലെ ഓരോ കാലഘട്ടത്തിനും അനുയോജ്യമായ രീതിയിലുള്ള പ്രാർത്ഥനകളും ഗീതങ്ങളും അവയിലുണ്ട്. അവ നാം വിശ്വസിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന വിശുദ്ധരഹസ്യങ്ങൾ മനസ്സിലാക്കാനും അവയ്ക്കനുസൃതമായി പ്രാർത്ഥിക്കാനും ഏറെ അനുയോജ്യമാണ്. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും ഇക്കാര്യങ്ങൾ യഥാവിധി പഠിക്കാനും വിശ്വാസികളെ പഠിപ്പിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

കൂദാശകളുടെ ക്രമങ്ങളും, വലിയ ആഴ്ച, ക്രിസ്തുമസ് എന്നീ കാലഘട്ടങ്ങളിലേയ്ക്കുള്ള ക്രമങ്ങളും നമ്മുടെ രൂപതയിൽ നടപ്പിലാക്കിയവയാണ്. എങ്കിലും ചില ഇടവകകളിൽ മുമ്പ് നടപ്പിലിരുന്ന ക്രമങ്ങളനുസരിച്ച് വലിയ ആഴ്ച, ക്രിസ്തുമസ്സ് എന്നീ കാലഘട്ടങ്ങളിലെ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അത് ഇനിയും അനുവദനീയമല്ല എന്ന് ഓർമ്മിപ്പിക്കട്ടെ. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും പുതുക്കിയ ക്രമമനുസരിച്ചാണ് വിശുദ്ധ കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. അതുപോലെ തന്നെ എല്ലായിടത്തും ഉപയോഗിക്കേണ്ടത് ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ തന്നെയാണ്. അവിടെ നിന്ന് ഏതെല്ലാം ക്രമങ്ങൾക്കാണോ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാത്തത് അവയ്ക്ക് വേണ്ടി മാത്രമേ മറ്റ് രൂപതകളുടേയോ വ്യക്തികളുടേയോ പ്രസിദ്ധീകരണങ്ങൾ ഉപയോഗിക്കാവൂ. ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുപുസ്തകത്തിന്റെ കാര്യത്തിൽ ഓരോ രൂപതയ്ക്കും വിശ്വാസ രൂപീകരണ ലക്ഷ്യം വച്ചുകൊണ്ട് വിശദീകരണങ്ങളോടെ പ്രസിദ്ധീകരിക്കാൻ സിനഡ് അനുവാദം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ രൂപതയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന പുസ്തകമാണ് ജനങ്ങൾക്ക് കൊടുക്കേണ്ടത്. ഇപ്പോൾ നിലവിലുള്ളതിൽ മാറിവരുന്ന പ്രാർത്ഥനകൾ പെടുത്തിയിട്ടില്ലാത്തതുകൊണ്ട് പിന്നീട് അതും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതാണ്.

വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകത്തെപ്പറ്റിയും ചില കാര്യങ്ങൾ സൂചിപ്പിക്കട്ടെ. പല സന്ദർഭങ്ങളിലായി പ്രസിദ്ധീകരിച്ച കുർബാന പുസ്തകങ്ങളാണല്ലോ നമ്മൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ആരാധനാക്രമ വത്സരമനുസരിച്ച് ഓരോ കാലത്തിലും മാറി വരുന്ന പ്രാർത്ഥനകൾ ഉൾപ്പെടുത്തിയാണ് കുർബാന പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നത് എന്ന് മുകളിൽ പറഞ്ഞല്ലോ. 2013 ജനുവരി 1 മുതൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ആശ്രമങ്ങളിലും മഠങ്ങളിലും പുതിയതായി പ്രസിദ്ധീകരിച്ചിരിക്കുന്ന തക്സാകൾ ഉപയോഗിക്കാൻ തുടങ്ങണം എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. അതുപോലെ തന്നെ കാലത്തിനനുസരിച്ച് മാറി വരുന്ന പ്രാർത്ഥനകളും ഗീതങ്ങളും ഉപയോഗിക്കാനും ശ്രദ്ധിക്കണം. തുടക്കത്തിൽ അല്പം ആശയക്കുഴപ്പം ഉണ്ടാകും എന്നത് സത്യമാണ്. എങ്കിലും ക്രമേണ എല്ലാവരും അവ പരിചയപ്പെട്ടുകൊള്ളും. മാത്രമല്ല അവ ആസ്വദി

ക്കാനും തുടങ്ങും എന്നത് സംശയമില്ലാത്ത കാര്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഇടവക വൈദികർ പ്രത്യേക താത്പര്യം ഇക്കാര്യത്തിൽ എടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുപുസ്തകങ്ങളും ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ കൂടി ഉപയോഗിക്കാൻ തുടങ്ങിയാലേ മാറി വരുന്ന പ്രാർത്ഥനകളിൽ എല്ലാവർക്കും പങ്ക് ചേരാൻ കഴിയുകയുള്ളൂ. സാവധാനം അവ ഉപ യോഗിക്കാൻ വിശ്വാസികളെ പ്രോത്സാഹിപ്പിക്കണം. എങ്കിലും അവർക്ക് പ്രയാസമുണ്ടാകാത്ത വിധത്തിൽ വേണം ഇക്കാര്യങ്ങൾ നടപ്പിലാ ക്കാൻ. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഡിസംബർ മാസം 20–ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ



# ഇടയലേഖനം

*Pastoral Letter No. 01/2013*
*Prot. No. 13168/2013*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

കർത്താവിന്റെ ഉത്ഥാനത്തിരുനാൾ ആഘോഷിക്കുന്നതിന് ഒരുക്കമായിട്ടുള്ള വലിയ നോമ്പിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. കുരിശുവരപ്പെരുന്നാൾ അഥവാ വിഭൂതി എന്നറിയപ്പെടുന്ന ദിവസം നെറ്റിയിൽ കരികൊണ്ട് കുരിശു വരച്ചുകൊണ്ട് നാം നോമ്പ് ആരംഭിക്കുന്നു. *ചാക്കുടുത്ത്, ചാരം പൂശി ഉപവാസമെടുക്കാനുള്ള* ആഹ്വാനം പലപ്പോഴും നമ്മൾ പഴയ നിയമത്തിൽ കണ്ടുമുട്ടുന്നുണ്ട്. തലയിൽ ചാരം പൂശുന്നത് പശ്ചാത്താപത്തിന്റെ അടയാളമായിട്ടാണ് അവിടെ കാണുന്നത്. ചാരം പൂശലാണ് കുരിശുവരയായി രൂപാന്തരപ്പെട്ടിരിക്കുന്നത് എന്ന് നിങ്ങൾക്കറിയാം. നമ്മുടെ പാപങ്ങളെപ്പറ്റി നാം പശ്ചാത്തപിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ് കരികൊണ്ട് കുരിശു വരയ്ക്കുന്നത്.

ഏതാനും വർഷങ്ങൾക്ക് മുമ്പ് വരെ നമ്മൾ നോമ്പ് തുടങ്ങിക്കഴിഞ്ഞ് വരുന്ന ആദ്യത്തെ ബുധനാഴ്ചയാണ് വിഭൂതി ആചരിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടിൽ പാശ്ചാത്യ മിഷണറിമാരുടെ വരവ് വരെ നമ്മുടെ സഭയിൽ ഇങ്ങനെയൊരു ചടങ്ങുണ്ടായിരുന്നില്ല. അവരുടെ വരവോടെ നമ്മളും അവരുടെ ആചാരം സ്വീകരിക്കുകയായിരുന്നു. പാശ്ചാത്യസഭയിൽ നോമ്പ് തുടങ്ങുന്നത് വിഭൂതിബുധനാഴ്ച കഴിഞ്ഞു വരുന്ന വ്യാഴാഴ്ചയാണ്. അതുകൊണ്ടാണ് അവർ ആ ബുധനാഴ്ച വിഭൂതി ആചരിച്ചിരുന്നത്. എന്നാൽ നമ്മൾ നോമ്പ് തുടങ്ങിയിരുന്നത് അതിനു മുമ്പുള്ള തിങ്കളാഴ്ചയായിരുന്നു. നോമ്പ് തുടങ്ങി രണ്ട് ദിവസം കൂടി

കഴിഞ്ഞ് നോമ്പാരംഭത്തിന്റെ പ്രതീകമായ വിഭൂതി ആചരിക്കുന്നതിനുള്ള പൊരുത്തക്കേട് മാറ്റാനാണ് ഇപ്പോൾ നമ്മൾ അത് തിങ്കളാഴ്ചയാക്കിയിരിക്കുന്നത്. നോമ്പ് നോക്കുക അഥവാ നോമ്പെടുക്കുക എന്ന് പറയുന്നത് ഈ കാലഘട്ടത്തിൽ നാമനുഷ്ഠിക്കുന്ന ഉപവാസവും മാംസവർജ്ജനവും പരിഹാരപ്രവൃത്തികളും പ്രാർത്ഥനകളും തീർത്ഥാടനങ്ങളും സാധുജനസഹായവും എല്ലാം ഉൾപ്പെട്ട പ്രക്രിയയെയാണ്. കേവലം മാംസവർജ്ജനത്തെയല്ല നോമ്പ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

നാമെല്ലാം പാപികളാണ്. പാപത്തോട് കൂടി നമുക്ക് കർത്താവിനോടൊത്ത് ഉയിർപ്പിന്റെ ജീവിതം ആസ്വദിക്കാൻ കഴിയുകയുമില്ല. അതിനാൽ അവയിൽ നിന്ന് നാം വിടുതൽ പ്രാപിക്കണമെന്നും കർത്താവിനെപ്പോലെ വിശുദ്ധീകരിക്കപ്പെടണം എന്നുമാണ് നോമ്പുകാലവും ആ കാലഘട്ടത്തിൽ നമ്മൾ അനുഷ്ഠിക്കുന്ന ഭക്തകൃത്യങ്ങളും പരിഹാരപ്രവർത്തികളും എല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നത്. അതിനായി നമ്മളുടെ ഇഷ്ടങ്ങൾ പലതും ത്യജിക്കണം എന്ന വസ്തുതയും നോമ്പുകാലം നമ്മെ അനുസ്മരിപ്പിക്കുന്നു. അങ്ങനെ ത്യജിക്കേണ്ട കാര്യങ്ങളിൽ പലതും നമ്മുടെ ശരീരത്തിനും മനസ്സിനും സന്തോഷം തരുന്ന കാര്യങ്ങളാണ് എന്നതാണ് ഭക്ഷണപാനിയങ്ങളിൽ നമ്മൾ നിയന്ത്രണം വരുത്താൻ കാരണം. നമ്മിൽ പലരിലുമുള്ള വാശിയും വൈരാഗ്യവും അസൂയയും സ്വാർത്ഥതയും സ്പർദ്ധയും ദുശ്ശീലങ്ങളായ മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും അശ്ലീലസംസാരവും സമ്പത്തിനോടും സ്ഥാനമാനങ്ങളോടുമുള്ള അമിതാസക്തിയും എല്ലാം വർജ്ജിക്കേണ്ട കാര്യങ്ങളുടെ കൂടെ പെടുന്നവ തന്നെ.

കത്തോലിക്കാ കൂട്ടായ്മയിലെ ഓരോ വ്യക്തിസഭയിലും നോമ്പ്, ഉപവാസം, മാംസവർജ്ജനം തുടങ്ങിയ കാര്യങ്ങളെപ്പറ്റി വ്യത്യസ്ത ആചാരങ്ങളാണ് നിലവിലുള്ളത്. പ്രാദേശികമായി വളർന്നു വന്നവയാണ് അവയെന്നതാണ് ഈ വ്യത്യാസങ്ങൾക്ക് കാരണം. ഇക്കാര്യത്തിൽ നമ്മുടെ സഭയുടെ നിർദ്ദേശങ്ങൾ സീറോമലബാർ സഭയുടെ പ്രത്യേക നിയമങ്ങളിൽ കാണാം. അതനുസരിച്ച് ഉപവാസദിനങ്ങളിൽ ഒരു പൂർണ്ണ ഭക്ഷണമാകാം. അതുകൊണ്ടാണ് നമ്മൾ ഈ ദിവസങ്ങളെ ഒരുനേര ദിവസങ്ങൾ എന്ന് വിളിക്കുന്നത്. മാംസവർജ്ജന ദിവസങ്ങളിൽ എല്ലാ തരത്തിലുമുള്ള മാംസാഹാരങ്ങളും ഉപേക്ഷിക്കാനും സഭാനിയമം നമ്മോട് ആവശ്യപ്പെടുന്നു. വിഭൂതിത്തിങ്കളാഴ്ചയും ദു:ഖവെള്ളി

യാഴ്ചയും ഉപവാസം നിർബന്ധമാണ്. വലിയ നോമ്പിലെ എല്ലാ ദിവസവും മാംസവർജ്ജനവും എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസവും ശുപാർശ ചെയ്യുന്നു. ഉപവാസത്തിൽ മാംസവർജ്ജനവും ഉൾപ്പെടുന്നുണ്ട്.

1966 ൽ പരിശുദ്ധപിതാവ് പോൾ ആറാമൻ മാർപ്പാപ്പ നോമ്പും ഉപവാസവും സംബന്ധിച്ച് പ്രസിദ്ധീകരിച്ച അപ്പസ്തോലിക ലേഖനത്തിൽ ആരെല്ലാമാണ് ഈ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടത് എന്ന് പറയുന്നുണ്ട്. 18 നും 59 നും ഇടയിൽ പ്രായമുള്ളവരാണ് നോമ്പനുഷ്ഠിക്കാൻ കടപ്പെട്ടിരിക്കുന്നത്. ബാക്കിയുള്ളവർക്ക് അവ ശുപാർശ ചെയ്തിരിക്കുന്നു. എന്നാൽ 14 വയസ്സ് പൂർത്തിയായവർക്ക് മാംസവർജ്ജനം നിർബന്ധമാണ്.

വലിയനോമ്പിനു പുറമേ നമ്മുടെ സഭയിൽ ഉപവാസവും മാംസവർജ്ജനവും അനുഷ്ഠിക്കാൻ കടപ്പെട്ടിരിക്കുന്ന ദിവസങ്ങൾ താഴെപ്പറയുന്നവയാണ്. ക്രിസ്തുമസ്സിനും ദനഹാത്തിരുന്നാളിനും ഇടയിലുള്ള വെള്ളിയാഴ്ചകൾ ഒഴികെ ആണ്ടു വട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും മാംസവർജ്ജനം നിർബന്ധമാണ്. ഇതിനും പുറമേ മംഗളവാർത്താക്കാലം, മൂന്ന് നോമ്പ്, എട്ടുനോമ്പ്, പതിനഞ്ച് നോമ്പ് എന്നീ അവസരങ്ങളിലും മാംസവർജ്ജനം ശുപാർശചെയ്തിരിക്കുന്നു.

എന്നാൽ കേവലം ഭക്ഷണപാനീയങ്ങളിൽ നിയന്ത്രണം പാലിച്ചതുകൊണ്ട് മാത്രം നോമ്പ് പൂർണ്ണമാകുന്നില്ല. അവ അനുഷ്ഠിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന നമ്മുടെ മനോഭാവവും നോമ്പിനുശേഷം നമ്മിൽ രൂപപ്പെടേണ്ട മനോഭാവവും വളരെ പ്രധാനപ്പെട്ടതാണ്. നോമ്പ് തുടങ്ങുന്നതിന് മുമ്പായി തലേ ദിവസം പേത്തുർത്താ എന്ന പേരിൽ ഒരു ദിവസവും നാം ആഘോഷിക്കുന്നുണ്ട്. അന്ന് കൂടുതലായി മാംസാഹാരം ഉണ്ടാക്കാൻ നമ്മൾ താൽപര്യപ്പെടുന്നു. ഇവയെല്ലാം കാലാകാലങ്ങളായി നമ്മുടെ അനുഷ്ഠാനങ്ങളായി മാറിയവയാണ്. അവ തുടങ്ങിയ സാഹചര്യങ്ങളിൽ അവയ്ക്ക് പ്രസക്തിയുണ്ടായിരുന്നു. എന്നാൽ പലതിന്റേയും പ്രസക്തിനഷ്ടപ്പെട്ടു എന്നതാണ് വാസ്തവം. അതിനാൽ തന്നെ അവയെല്ലാം ഒരു പുനർവായനയ്ക്ക് നമ്മൾ വിധേയമാക്കണമെന്ന് തോന്നുന്നു.

പേത്തുർത്തായ്ക്ക് സമാനമായ ഒന്ന് പാശ്ചാത്യസഭയിൽ നിലവിലുണ്ട്. പ്രസിദ്ധമായ കാർണിവൽ ആഘോഷങ്ങളാണ് അത്. *മാംസമേ വിട (Carne vale എന്ന ലത്തീൻ വാക്കുകളുടെ അർത്ഥം*

*അതാണ്)* എന്ന് പറഞ്ഞ് മാംസാഹാരമില്ലാത്ത നോമ്പുകാലത്തേയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പായി വീട്ടിൽ ബാക്കിയുള്ള മാംസാഹാരങ്ങൾ മുഴുവൻ ഭക്ഷിച്ചു തീർക്കുന്ന ഒരു ദിവസമായിരുന്നു അത്. ഇതു തന്നെ യാണ് പേത്തുർത്തയിലും നമ്മൾ ചെയ്യുന്നത്. എന്നാൽ ഇവ രണ്ടും ഇന്ന് വലിയ ആഘോഷങ്ങളുടെ ദിവസങ്ങളായി മാറിയിരിക്കുന്നു. വീട്ടിൽ മാംസം മിച്ചമില്ലെങ്കിൽ പ്രത്യേകം വാങ്ങി കഴിക്കുകയാണല്ലോ നമ്മൾ ചെയ്യുന്നത്. കാർണിവലിന്റെ കാര്യത്തിലാണെങ്കിൽ ആഭാസ കരമായ പ്രകടനങ്ങളും നൃത്തങ്ങളും അവതരിപ്പിക്കുന്ന ദിവസമായി പ്പോലും അത് മാറിയിരിക്കുന്നു. നല്ല ഉദ്ദേശത്തോടെ തുടങ്ങിയ പേത്തുർത്തായും കാർണിവലുമെല്ലാം എപ്രകാരം വഴിതെറ്റിപ്പോകുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണങ്ങളാണ് ഇവയെല്ലാം. നോമ്പിന്റെ കാര്യത്തിലും ഇത് സംഭാവ്യമാണ്.

കത്തോലിക്കരുടെ വിശ്വാസ ജീവിതത്തിന്റെ അവിഭാജ്യ ഘടക മാണ് നോമ്പും ഉപവാസവും. അതിനായി ചില പ്രത്യേക സമയങ്ങളും സഭ നിർദ്ദേശിച്ച് തന്നിട്ടുണ്ട് എന്ന് മുകളിൽ പറഞ്ഞല്ലോ. അങ്ങനെ യുള്ള സമയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കർത്താവിന്റെ ഉയിർപ്പി നായുള്ള കാത്തിരിപ്പ് കാലം. കാരണം തന്റെ പിതാവ് തന്നെ ഭര മേൽപ്പിച്ച ദൗത്യനിർവ്വഹണത്തിന് തടസ്സമായി നിന്ന എല്ലാറ്റിനേയും എങ്ങനെ അതിജീവിക്കണം, എന്ന് കാണിച്ച് തന്നതിന്റെ ഓർമ്മയാണ് ഈ കാലഘട്ടത്തിൽ നാം അനുസ്മരിക്കുന്നത്. പ്രതീകാത്മകമായി ജ്ഞാനസ്നാനത്തിൽ നാം അത് ചെയ്തതാണ്. ജ്ഞാനസ്നാനജല ത്തിൽ മുങ്ങുന്നത് ക്രിസ്തുവിനോടൊത്ത് പാപത്തിന് മരിക്കുന്നതി ന്റെയും ജലത്തിൽ നിന്ന് കയറി വരുന്നത് ഉയിർത്തെഴുന്നേൽക്കുന്ന തിന്റേയും പ്രതീകമായിട്ടാണ് വിശുദ്ധ പൗലോസ് ശ്ലീഹാ റോമാ ക്കാർക്കെഴുതിയ ലേഖനം ആറാം അധ്യായത്തിൽ അവതരിപ്പിക്കുന്നത്. അതായത് ക്രൈസ്തവജീവിതം ഇപ്രകാരം വിശുദ്ധീകരിക്കപ്പെട്ട ജീവിതമായിരിക്കണം. ഈ കാര്യമാണ് വിശുദ്ധ കുർബാനയിൽ നോമ്പു കാലത്തിലെ പ്രാരംഭപ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നത്. ആ പ്രാർത്ഥന ഇങ്ങനെയാണ്: *ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങ യുടെ തിരുക്കുമാരന്റെ രക്ഷാകരരഹസ്യങ്ങളിൽ ഞങ്ങളെ പങ്കുകാരാ ക്കുന്നതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. പാപം മൂലം അകന്നു പോയ ഞങ്ങൾ അനുതപിക്കുന്ന ഹൃദയത്തോടെ പിതാവായ അങ്ങയെ സമീപിക്കുന്നു. മിശിഹായോട് ചേർന്ന് എളിമയോടും ഹൃദയവിശുദ്ധി*

*യോടും കൂടി പരിഹാരത്തിന്റേയും കൃതജ്ഞതയുടേയും ഈ ബലി യർപ്പിക്കാൻ ഞങ്ങളെ യോഗ്യരാക്കണേ.*


നാം പാപികളായതുകൊണ്ടാണ് നമ്മെത്തന്നെ വിശുദ്ധീകരിക്കാൻ കുമ്പസാരമെന്ന ഒരു കൂദാശയും കർത്താവ് സ്ഥാപിച്ചിരിക്കുന്നത്. അതിലൂടെ നാം വിശുദ്ധീകരിക്കപ്പെടണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. വേണം എന്ന് തീരുമാനിക്കുമ്പോഴാണ് ക്രൈസ്തവർ എന്ന നിലയിൽ നമ്മൾ നമ്മുടെ സ്വാതന്ത്ര്യം ശരിയായി ഉപയോഗിക്കുന്നത്. നിർഭാഗ്യവശാൽ പാപബോധം നഷ്ടപ്പെട്ട ഒരു ലോകത്തിലാണ് നമ്മൾ ജീവിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. തനിയ്ക്ക് ലാഭകരമാകുന്ന എന്തും ശരിയാണ് എന്നൊരു നിലപാടിലാണ് പലരും എത്തിച്ചേർന്നിരിക്കുന്നത്. വളരെ അപകടകരമായ ഒരു നിലപാടാണ് അതെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചു വരുന്ന അഴിമതിയും അക്രമവും കൈക്കൂലിയും സ്ത്രീപീഢനവും മറ്റുള്ളവരോടുള്ള പരിഗണനക്കുറവും മറ്റും ഈ നിലപാടിന്റെ പരിണിതഫലങ്ങളാണ്.

ഈ വർഷം നമ്മൾ വിശ്വാസവർഷമായി ആചരിക്കുകയാണല്ലോ. ശരിയായ കത്തോലിക്കാ വിശ്വാസം എന്താണെന്ന് മനസ്സിലാക്കുകയും അതിനനുസരിച്ച് ജീവിക്കുകയും മറ്റുള്ളവരെ ജീവിക്കാൻ പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ മുഖ്യലക്ഷ്യം. നോമ്പിന്റെ ലക്ഷ്യവും മറ്റൊന്നല്ല. അങ്ങനെ ക്രിസ്തുകേന്ദ്രീകൃതമായ ഒരു മനോഭാവത്തിലേയ്ക്കും ജീവിതത്തിലേയ്ക്കും നോമ്പും വിശ്വാസവർഷാചരണവും നമ്മെ നയിക്കണം. ഇത് കേവലം അത്മായവിശ്വാസികളുടെ മാത്രം കാര്യവുമല്ല. സഭയിലെ മെത്രാന്മാരും വൈദികരും സന്യസ്തരും എല്ലാം ഈ പ്രക്രിയയിലൂടെ കടന്നു പോകണം. അപ്പോഴേ നമ്മുടേത് ക്രിസ്തുകേന്ദ്രീകൃതവും ഉയിർപ്പിനെ ലക്ഷ്യം വച്ചുകൊണ്ട് നീങ്ങുന്നതുമായ ഒരു സഭയാവുകയുള്ളു. ശരിയായ കത്തോലിക്കാ വിശ്വാസം എന്തെന്ന് നമുക്ക് മനസ്സിലാകണമെങ്കിൽ നാം നിരന്തരം വിശുദ്ധഗ്രന്ഥം വായിക്കുകയും ധ്യാനിക്കുകയും അവയെപ്പറ്റിയുള്ള സഭാപ്രബോധനം എന്തെന്ന് മനസ്സിലാക്കുകയും വേണം. കാരണം കത്തോലിക്കാവിശ്വാസമെന്നത് കേവലം ചില വ്യക്തിപരമായ അനുഭവങ്ങളിൽ ഒതുങ്ങി നിൽക്കുന്നതല്ല. നിരന്തരമായ കൗദാശികജീവിതവും വിശുദ്ധ കുർബാനയിലുള്ള സജീവ ഭാഗഭാഗിത്വവും നമ്മുടെ

സ്വത്തിന്റെ പങ്കുവയ്ക്കലും എല്ലാം നമ്മുടെ വിശ്വാസജീവിതത്തിന്റെ അളവുകോലുകളാണ്.

തന്റെ പിതാവിന്റെ കല്പനകളോടുള്ള പൂർണ്ണവിധേയത്വമാണ് കർത്താവിനെ ഉയിർപ്പിലേയ്ക്ക് നയിച്ചത്. ഇതായിരിക്കണം ഓരോ ക്രൈസ്തവവിശ്വാസിയുടേയും മനോഭാവം. അപ്പോൾ നമുക്കും ഉയിർപ്പിന്റെ സന്തോഷം അനുഭവിക്കാൻ സാധിക്കും. നമ്മുടെ പ്രയാസങ്ങളേയും ബുദ്ധിമുട്ടുകളേയും പ്രതിസന്ധികളേയും കുടുംബപ്രശ്നങ്ങളേയും എല്ലാം പിതാവിന്റെ ഇഷ്ടമായി കർത്താവിന്റെ പീഢാനുഭവങ്ങളോട് ചേർത്ത് വയ്ക്കാം. അപ്പോൾ അവ നമ്മെ ഉയിർപ്പിന്റെ സന്തോഷത്തിലേയ്ക്ക് നയിക്കും. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഈസ്റ്റർ ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യലയത്തിൽ നിന്ന് 2013 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2013 ഫെബ്രുവരി മാസം 10–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 05/2013***
***Prot. No. 13171/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ വിശ്വാസജീവിതത്തിൽ നമുക്ക് വഴികാട്ടിയായി എപ്പോഴും നമ്മോടൊപ്പമുള്ള ഒന്നാണ് ദൈവവചനമുൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥം. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ അതിന് രണ്ട് ഭാഗങ്ങളുണ്ട് എന്ന് നിങ്ങൾക്കറിയാം. പാപം ചെയ്ത് ദൈവപുത്ര സ്ഥാനം നഷ്ടപ്പെടുത്തിയ മനുഷ്യനെ വീണ്ടും ആ പദവിയിലേയ്ക്ക് തിരികെയെത്തിക്കാൻ അഥവാ മനുഷ്യനെ രക്ഷിക്കാൻ ദൈവം ആവിഷ്ക്കരിച്ച പദ്ധതിയുടെ പൂർത്തീകരണചരിത്രമാണ് വിശുദ്ധ ഗ്രന്ഥം. ഈ രക്ഷാകരപദ്ധതിയുമായി സഹകരിക്കുന്നവർക്കാണ് അതിന്റെ ഫലം ലഭ്യമാകുന്നത് എന്നത് വ്യക്തമാണല്ലോ. അതുകൊണ്ട് തന്നെ എന്താണ് അവിടുത്തെ രക്ഷാകരപദ്ധതിയിലൂടെ ദൈവം തയ്യാറാക്കിയത് എന്നും അതിൽ നാമെങ്ങനെ സഹകരിക്കണം എന്നും വചനം നമ്മെ പഠിപ്പിക്കുന്നു.

എഴുതപ്പെട്ട ദൈവവചനത്തോടൊപ്പം എഴുതപ്പെടാത്ത വചനവുമുണ്ട്. പ്രത്യേകിച്ച് പുതിയ നിയമത്തെ സംബന്ധിച്ച് ഇത് കർത്താവിന്റെയും വിശുദ്ധ പൗലോസ് ശ്ലീഹായുടേയും മറ്റും പ്രബോധനങ്ങളിൽ നിന്ന് വളരെ വ്യക്തമാണ്. സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളിലാണ് എഴുതപ്പെടാത്ത ദൈവവചനത്തെ നമ്മൾ കണ്ടുമുട്ടുന്നത്. അതുകൊണ്ട് കത്തോലിക്കരായ നമ്മെ സംബന്ധിച്ച് എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ ദൈവവചനത്തിൻമേലാണ് നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എന്നതാണ് സത്യം. ഇക്കാര്യത്തെപ്പറ്റി 2012 നവംബർ മാസത്തിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നത് നിങ്ങൾ വായിച്ചുകാണുമല്ലോ.

എഴുതപ്പെട്ട ദൈവവചനം നാം ഓരെ ദിവസവും വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം. കാരണം ഓരോ സാഹചര്യത്തിലും എങ്ങനെ പെരുമാറണം എന്നതിനുള്ള ഉൾക്കാഴ്ച ദൈവവചനത്തിൽ


നിന്ന് നമുക്ക് ലഭിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തെ ദൈവവചനം അറിയാനുള്ള ഒരുപാധി എന്നതിലുപരി നമ്മുടെ അനുദിനജീവിതത്തിന് ഒരു വഴികാട്ടി എന്ന നിലയിലാണ് നമ്മൾ പരിഗണിക്കേണ്ടത് എന്ന് ഞാൻ പറയാതെ നിങ്ങൾക്കറിയാം. നിങ്ങളിൽ വളരെപ്പേർ ഏതൊരു പ്രധാന കാര്യം ചെയ്യുന്നതിനും മുമ്പായി വചനം വായിച്ച് ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ്. ദൈവേഷ്ടമനുസരിച്ച് നമ്മൾ ജീവിക്കുമ്പോൾ നമുക്ക് ജീവിതത്തിൽ നന്മയുണ്ടാകുന്നു. അങ്ങനെ വചനം നമുക്ക് ജീവന്റെ ഉറവിടമായിത്തീരുന്നു.

വചനപ്രഘോഷണങ്ങൾ ഉൾക്കൊള്ളുന്ന ബൈബിൾ കൺവെൻഷനുകൾ ഇന്ന് ഒരു സാധാരണസംഭവമാണ്. നമ്മുടെ രൂപതയിലും സ്ഥിതി വ്യത്യസ്തമല്ല. എല്ലാ ആദ്യശനിയാഴ്ചകളിലും നമ്മുടെ പാസ്റ്ററൽ സെന്ററിൽ തന്നെയുള്ള സിയോൻ ധ്യാനകേന്ദ്രത്തിൽ നമ്മൾ അപ്രകാരം ചെയ്യുന്നുണ്ട്. അതിൽ ധാരാളം പേർ സംബന്ധിക്കുന്നുമുണ്ട്. ഈ വരുന്ന 2013 ഏപ്രിൽ 15 മുതൽ 18 വരെയുള്ള തീയതികളിൽ വിശ്വാസവർഷത്തോടനുബന്ധിച്ച് സവിശേഷമായി നമ്മൾ ഒരു രൂപതാകൺവെൻഷൻ സംഘടിപ്പിക്കുന്നുണ്ട്. പാലക്കാട് രൂപതയിലെ താവളം സെഹിയോൻ കേന്ദ്രമാക്കി വചനശുശ്രൂഷ നടത്തുന്ന ബഹുമാനപ്പെട്ട സേവ്യർ ഖാൻ വട്ടായിലച്ചനും നമ്മുടെ രൂപതയിലെ നവീകരണശുശ്രൂഷകളുടെ ഡയറക്ടർ ബഹുമാനപ്പെട്ട അഗസ്റ്റിൻ താന്നിയിലച്ചനും സെഹിയോൻ ടീമും ആണ് ഈ കൺവെൻഷൻ നയിക്കുന്നത്. നിങ്ങളിൽ പലരും ബഹുമാനപ്പെട്ട വട്ടായിലച്ചന്റെ വചനപ്രഘോഷണ ശുശ്രൂഷയിൽ പങ്കെടുത്തിട്ടുണ്ടാകും.

ഏപ്രിൽ 15 മുതൽ 18 വരെ ദിവസവും രാവിലെ 9 മണിക്ക് തുടങ്ങി വൈകുന്നേരം 4 മണിക്ക് അവസാനിക്കത്തക്കവിധമാണ് കൺവെൻഷൻ ഒരുക്കിയിരിക്കുന്നത്. കൺവെൻഷൻ നടക്കുന്ന സ്ഥലം ദ്വാരക പാസ്റ്ററൽ സെന്ററാണ്. പാസ്റ്ററൽ സെന്ററിൽ നിന്ന് വളരെ അകലെയുള്ള ഇടവകകളിൽ നിന്ന് എല്ലാ ദിവസവും ആളുകൾക്ക് വന്നുപോകാൻ വിഷമമായിരിക്കും എന്നറിയാം. എങ്കിലും സാധിക്കുന്ന എല്ലാവരും ഈ കൺവെൻഷനിൽ പങ്കെടുക്കണം എന്നഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സമർപ്പിതരും ഇക്കാര്യം എല്ലാവരേയും അറിയിച്ച് കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിക്കാൻ ശ്രമിക്കുകയും കൺവെൻഷന്റെ വിജയ

ത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥി ക്കുന്നു. രൂപതയിലെ മുഴുവൻ കുടുംബങ്ങളിലും എത്തിക്കുന്ന കൺവെൻഷന്റെ വിജയത്തിനായുള്ള പ്രാർത്ഥന എല്ലാദിവസവും കുടും ബപ്രാർത്ഥനയുടെ അവസാനം ചൊല്ലേണ്ടതാണ്. കർത്താവിന്റെ കൃപ നിങ്ങളോടുകൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജനുവരി മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഫെബ്രുവരി മാസം 24–ന് ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായി ക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 06/2013***
***Prot. No. 13265/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പാപ്പാ സ്ഥാനം ത്യജിക്കുന്നു എന്നതായിരുന്നല്ലോ കഴിഞ്ഞ ഏതാനും ആഴ്ച കളായി മാധ്യമങ്ങളിൽ നിറഞ്ഞു നിന്ന വാർത്ത. അദ്ദേഹത്തിന്റെ സ്ഥാനത്യാഗത്തിന്റെ വാർത്ത ആശ്ചര്യത്തോടെയാണ് ലോകം ശ്രവി ച്ചത് എന്നത് വാർത്തകളിൽ നിന്ന് വ്യക്തമാണ്. എന്നാൽ മാർപ്പാപ്പയാ കട്ടെ, തന്റെ സ്വതസിദ്ധമായ നിർവ്വികാരശൈലിയിൽ, ഒരു സാധാരണ കാര്യം പറയുന്ന രീതിയിലാണ് കർദ്ദിനാളന്മാരോട് അത് അവതരിപ്പി ച്ചത്. നിങ്ങളിൽ പലരും ആ ദൃശ്യം ടെലിവിഷനിൽ കണ്ട് കാണും.

സഭാനിയമമനുസരിച്ച് മാർപ്പാപ്പ തന്റെ സ്ഥാനം ത്യജിച്ചു കൊണ്ടുള്ള കത്ത് ആർക്കും കൊടുക്കേണ്ടതില്ല. ആരും അത് അംഗീ കരിക്കേണ്ടതുമില്ല. പൂർണ്ണമായ അറിവോടെയും സ്വാതന്ത്ര്യത്തോടെയും അത് വെളിപ്പെടുത്തിയാൽ മതി. ആരോട് എങ്ങനെ വെളിപ്പെടുത്തണം എന്നൊന്നും നിയമം അനുശാസിക്കുന്നില്ല. അതെല്ലാം അദ്ദേഹത്തിന് തന്നെ തീരുമാനിക്കാം. ബെനഡിക്ട് മാർപ്പാപ്പ ഇക്കാര്യം വെളിപ്പെടു ത്തിയത് മറ്റു ചില കാര്യങ്ങൾക്കായി മാർപ്പാപ്പയുടെ ആസ്ഥാനത്ത് സമ്മേളിച്ച കർദ്ദിനാളന്മാരോടാണ്. താൻ പ്രാർത്ഥിച്ചും ചിന്തിച്ചും പൂർണ്ണമായ അറിവോടെയും സ്വാതന്ത്ര്യത്തോടെയും ആണ് ഈ തീരു മാനം എടുത്തതെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഈ ഫെബ്രു വരി മാസം 28 ന് ഇറ്റാലിയൻ സമയം വൈകുന്നേരം എട്ട് മണി മുതൽ വിശുദ്ധ പത്രോസിന്റെ സിംഹാസനം ഒഴിഞ്ഞു കിടക്കും എന്നാണ് പരി ശുദ്ധ പിതാവ് കർദ്ദിനാളന്മാരെ അറിയിച്ചത്. അതിനു ശേഷം ഉത്തര വാദപ്പെട്ടവർ പുതിയ മാർപ്പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് അഥവാ കർദ്ദിനാളന്മാരുടെ സമ്മേളനം കൂടണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. താൻ ആ കോൺക്ലേവിൽ പങ്കെടുക്കുന്നതല്ല എന്നും അദ്ദേഹം അറിയിച്ചു.

എന്തുകൊണ്ടാണ് താൻ പാപ്പാസ്ഥാനം ത്യജിക്കുന്നത് എന്ന് മാർപ്പാപ്പ വെളിപ്പെടുത്തി. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ഉദ്ധരിക്കാം: *എന്റെ മനഃസാക്ഷിയെ ആവർത്തിച്ചാവർത്തിച്ച് ദൈവതിരുമുമ്പിൽ സമർപ്പിച്ചു നടത്തിയ പരിശോധനയിൽ, പത്രോസിന്റെ പരമാചാര്യശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കാനുള്ള ശേഷി പ്രായാധിക്യം മൂലം എനിക്ക് ഇല്ലെന്ന ഉത്തമബോധ്യത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുന്നു. ഈ ശുശ്രൂഷയുടെ അനിവാര്യമായ ആത്മീയസ്വഭാവം മൂലം വാക്കുകളും പ്രവൃത്തികളും കൊണ്ടെന്നപോലെ പ്രാർത്ഥന കൊണ്ടും സഹനംകൊണ്ടും കൂടിയാണത് നിർവ്വഹിക്കേണ്ടതെന്ന കാര്യം എനിക്ക് നന്നായി അറിയാം. എങ്കിലും, വിശ്വാസസംബന്ധമായി ആഴത്തിൽ പ്രസക്തമായ ചോദ്യങ്ങളും ദ്രുതഗതിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നിരവധിയായ മാറ്റങ്ങളും വല്ലാതെ ഉലച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പത്രോസിന്റെ പടവിനെ നയിക്കാനും സുവിശേഷം പ്രഘോഷിക്കാനും ശരീരത്തിന്റേയും മനസ്സിന്റേയും ശക്തി ഒരുപോലെ അനിവാര്യമാണ്. കഴിഞ്ഞ ഏതാനും മാസങ്ങളിൽ എന്റെ ഈ ശക്തി വല്ലാതെ ക്ഷയിച്ചിരിക്കുന്നു. എന്നിൽ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള ശുശ്രൂഷ വേണ്ടവിധം നിർവ്വഹിക്കാൻ എനിക്ക് ശേഷിയില്ലെന്ന തിരിച്ചറിവ് അംഗീകരിക്കേണ്ടിടത്തോളം ഈ ശക്തിക്ഷയം സംഭവിച്ചിരിക്കുന്നു. ഇക്കാരണത്താൽ, ഈ നടപടിയുടെ ഗൗരവത്തെക്കുറിച്ചുള്ള ഉത്തമബോധ്യത്തോടെ പൂർണ്ണസ്വാതന്ത്ര്യത്തോടെ, 2005 ഏപ്രിൽ 19-ന് കർദ്ദിനാളന്മാർ എന്നെ ഭരമേൽപ്പിച്ച റോമിലെ മെത്രാൻ ശുശ്രൂഷയും വിശുദ്ധ പത്രോസിന്റെ പിൻഗാമിത്വവും ഫെബ്രുവരി 28 ന് രാത്രി 8 മണിയ്ക്ക് പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ഞാൻ ത്യജിക്കുകയാണെന്ന് ഞാൻ പ്രഖ്യാപിക്കുന്നു.*

വിവിധ രൂപങ്ങളിലുള്ള പ്രബോധനങ്ങളിലൂടെ പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപ്പാപ്പ പറഞ്ഞുവച്ച എല്ലാ കാര്യങ്ങളെക്കാളും കൂടുതലായി ചരിത്രത്തിൽ ഓർമ്മിക്കപ്പെടാൻ പോകുന്നത് അദ്ദേഹത്തിന്റെ സ്ഥാനത്യാഗമെന്ന ഈയൊരു പ്രവൃത്തി ആയിരിക്കും എന്നത് നിസ്സംശയമാണ്. ഇത്തരത്തിലുള്ള ഒരു സ്ഥാനത്യാഗം മാർപ്പാപ്പമാരുടെ കാര്യത്തിൽ നാടാടെയാണ് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. അതുകൊണ്ട് തന്നെ അതിന്റെ ശോഭ പതിന്മടങ്ങ് വർദ്ധിക്കുന്നു.

തന്റെ സ്ഥാനത്യാഗത്തിലൂടെ മഹത്തായ ഒരു മാതൃകയാണ് പരിശുദ്ധ പിതാവ് ലോകത്തിന് പൊതുവായും കത്തോലിക്കർക്ക്

പ്രത്യേകമായും നൽകുന്നത്. നേതൃത്വശുശ്രൂഷകളിൽ പ്രത്യേകിച്ച് സഭാനേതൃത്വശുശ്രൂഷയിൽ സ്വാർത്ഥതയ്ക്ക് സ്ഥാനം ഉണ്ടാകാൻ പാടില്ല എന്ന് അദ്ദേഹം ഇതിലൂടെ എല്ലാവരേയും ഓർമ്മപ്പെടുത്തുന്നു. നേതൃത്വം ശുശ്രൂഷയാണെന്നും അവിടെ വ്യക്തികൾ അപ്രസക്തരാണെന്നും ഈ സ്ഥാനത്യാഗം വെളിപ്പെടുത്തുന്നു. ശുശ്രൂഷാനേതൃത്വത്തിൽ, നേതൃത്വത്തിൽ ഇരിക്കുന്നയാളിന്റെ പരിഗണനയ്ക്ക് വിഷയമാകേണ്ടത് തന്റെ നേതൃത്വത്തിൻ കീഴിൽ ഉള്ള ജനവും അവർക്ക് ശുശ്രൂഷ ചെയ്യാനുള്ള മാനസികവും ശാരീരികവുമായ തന്റെ അനുയോജ്യതയാണെന്നും നേതൃത്വത്തിൽ ഉള്ളവർ മനസ്സിലാക്കേണ്ടതാണെന്നും മാർപ്പാപ്പായുടെ പ്രവൃത്തി സൂചിപ്പിക്കുന്നു. ഇവിടെ തന്റെ തന്നെ സുഖസൗകര്യങ്ങളൊന്നും മാർപ്പാപ്പ കണക്കിലെടുക്കുന്നില്ല. തനിക്ക് നഷ്ടപ്പെടാൻ പോകുന്ന താരപ്രഭയെപ്പറ്റി അദ്ദേഹം അശ്ശേഷം ആകുലപ്പെടുന്നുമില്ല. അങ്ങനെയുള്ളവർക്കേ തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ ശാരീരികവും മാനസികവുമായ ശക്തിയും കഴിവും ഇല്ലാതെ വരുമ്പോൾ അത് തിരിച്ചറിയാനും കഴിവുള്ളവർക്ക് വഴി മാറിക്കൊടുക്കാനും മനസ്സ് ഉണ്ടാവുകയുള്ളൂ. തന്റെ കാലശേഷവും കർത്താവ് സഭയെ വഴി നടത്തിക്കൊള്ളുമെന്നും തന്റെ ശുശ്രൂഷ, സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ അനിവാര്യമല്ലെന്നും ഉള്ള വസ്തുതയും അങ്ങനെയുള്ളവർക്കേ തിരിച്ചറിയാൻ സാധിക്കൂ.

തന്റെ ശിഷ്ടജീവിതം പ്രാർത്ഥനയിലും പഠനത്തിനുമായി വത്തിക്കാൻ രാഷ്ട്രത്തിന്റെ ഉള്ളിൽ തന്നെയുള്ള ഒരു ആശ്രമത്തിൽ ചെലവഴിക്കും എന്നാണ് പരിശുദ്ധപിതാവ് അറിയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ സഭാശുശ്രൂഷയ്ക്കായി നമുക്ക് ദൈവത്തെ സ്തുതിക്കുകയും അദ്ദേഹത്തിന്റെ ശിഷ്ടജീവിതം ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് നമുക്ക് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

ചില മാധ്യമങ്ങളെല്ലാം പ്രചരിപ്പിച്ചത് മാർപ്പാപ്പ പല കാര്യങ്ങളിലും പരാജയപ്പെട്ടതുകൊണ്ടുള്ള നിരാശ മൂലമാണ് സ്ഥാനത്യാഗം ചെയ്യുന്നതെന്നാണ്. അതിന് കാരണമായി അവർ എടുത്ത് കാണിച്ചത് യൂറോപ്പിലും അമേരിക്കയിലും വൈദികജീവിതത്തിൽ ഉണ്ടായ അപജയങ്ങളാണ്. അതിൽ തക്ക സമയത്ത് ആവശ്യമായ നടപടികൾ എടുക്കാൻ അദ്ദേഹം പരാജയപ്പെട്ടു എന്നാണ് ആ മാധ്യമങ്ങൾ വിലയിരുത്തുന്നത്. എന്നാൽ സത്യം മറിച്ചാണ്. പല കാര്യങ്ങളിലും വളരെ


കാർക്കശ്യ നിലപാടെടുക്കുകയും ബന്ധപ്പെട്ടവർക്ക് തക്ക ശിക്ഷ കൊടുക്കാൻ സാഹചര്യം ഒരുക്കുകയും ചെയ്ത വ്യക്തിയാണ് പരിശുദ്ധ പിതാവ് ബനഡിക്ട് മാർപ്പാപ്പ. അതിനാവശ്യമായ നിയമനിർമ്മാണവും അദ്ദേഹം നടത്തുകയുണ്ടായി. തന്റെ വാക്കുകളിലൂടെയും ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ നിലപാട് വെളിപ്പെടുത്തുകയുണ്ടായി. ഏതൊരു സമൂഹത്തിലും തിന്മയുണ്ടാകുമെന്നും ആർക്കുമത് നൂറ് ശതമാനം തുടച്ച് നീക്കാൻ കഴിയുകയുമില്ല എന്നത് ഒരു സാമാന്യതത്വം മാത്രമാണ്.

മാർച്ച് മദ്ധ്യത്തോടെ പുതിയ മാർപ്പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവ് തുടങ്ങും എന്നാണ് അറിയുന്നത്. മാർപ്പാപ്പയെ തെരഞ്ഞെടുക്കുന്നത് കർദ്ദിനാളന്മാർ ചേർന്നാണെങ്കിലും നമുക്കും അതിലൊരു പങ്കുണ്ട്. നമ്മുടെ പ്രാർത്ഥനകൾ അവരോടൊപ്പം ഉണ്ടായിരിക്കണം. 120 കോടിയിലേറെ അംഗങ്ങളുള്ളതും ആഗോളവ്യാപകവുമായ കത്തോലിക്കാ സഭയാകുന്ന അജഗണത്തെ സുരക്ഷിതമായി നയിക്കാൻ കഴിവുള്ള ഒരു നല്ല ഇടയനെ ഞങ്ങൾക്ക് നൽകണമേ എന്ന് ഇടയന്മാരുടെ നാഥനോട് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം. ഈ നിയോഗാർത്ഥം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസ ഭവനങ്ങളിലും സൗകര്യപ്രദമായ ഒരു ദിവസം ഒരു മണിക്കൂർ ആരാധന നടത്തുകയും കുടുംബങ്ങളിൽ, ജപമാലയുടെ അവസാനം ഒരു സ്വർഗ്ഗസ്ഥനായ പിതാവും ഒരു നന്മനിറഞ്ഞമറിയവും ഒരു ത്രിത്വസ്തുതിയും ചൊല്ലി കാഴ്ചവയ്ക്കുകയും വേണം. തീർച്ചയായും കർത്താവാണ് സഭയെ നയിക്കുന്നത്. എങ്കിലും മനുഷ്യകരങ്ങളിലൂടെയാണല്ലോ അവിടുന്നത് സാധിക്കുന്നത്. കേരള കത്തോലിക്കാ മെത്രാൻ സമിതി തയ്യാറാക്കി തന്ന പ്രാർത്ഥനയോടെ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

**ഞങ്ങളെ നിത്യം കാത്തുപരിപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണമായ ഞങ്ങളെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് നൽകുന്നുവല്ലോ. ഞങ്ങളുടെ കർത്താവിന്റെ ശിഷ്യപ്രമുഖനായിരുന്ന പത്രോസിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കാൻ കൂടുന്ന സമ്മേളനത്തിലെ എല്ലാ കർദ്ദിനാളന്മാരേയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ പ്രതിപുരുഷനെ തെരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്ക**

**ണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവ്വത്രിക സഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള കഴിവും ജീവിതവിശുദ്ധിയും വിജ്ഞാനവും വിവേകവുമുള്ള അജപാലശ്രേഷ്ഠനെ മാർപ്പാപ്പയായി ഞങ്ങൾക്ക് നൽകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവായ ക്രിസ്തുവഴി ഞങ്ങളുടെ പ്രാർത്ഥന കേട്ടരുളേണമേ. ആമേൻ.**

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഫെബ്രുവരി മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- പ്രത്യേകം ശ്രദ്ധിക്കുക:** ഈ സർക്കുലർ, ബുള്ളറ്റിൻ കിട്ടുന്ന ക്രമത്തിന് തൊട്ടടുത്ത ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. തുടർന്ന് പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെടുന്നതുവരെ മുകളിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥന എല്ലാ ദിവസവും കുർബാനയ്ക്ക് ശേഷം പള്ളികളിലും സ്ഥാപനങ്ങളിലും ചൊല്ലേണ്ടതുമാണ്. പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെട്ട വിവരം കിട്ടി പിറ്റേ ദിവസം എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനയ്ക്ക് ശേഷം സ്തോത്രഗീതം ആലപിക്കുകയും ചെയ്യണം.

മാർച്ച് 1 മുതൽ പുതിയ മാർപ്പാപ്പ തെരഞ്ഞെടുക്കപ്പെടുന്നതുവരെ വി.കുർബാനയിൽ മാർപ്പാപ്പായെ അനുസ്മരിക്കുന്ന സ്ഥലത്ത് ഇപ്രകാരം ചേർത്ത് പ്രാർത്ഥിക്കേണ്ടതാണ്. **സാർവത്രിക സഭയെ നയിക്കുന്ന കർദ്ദിനാൾ സംഘത്തിനുവേണ്ടിയും ........**

# സർക്കുലർ

***Circular Letter No. 07/2013***
***Prot. No. 13427/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആഗോളവ്യാപകമായ കത്തോലിക്കാ തിരുസഭയെ നയിക്കാൻ അർജന്റീനായിലെ ബ്യൂനെസ്അയേഴ്സ് അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന കർദ്ദിനാൾ ഹോർഹേ മാരിയോ ബെർഗോളിയോയെ ഫ്രാൻസീസ് എന്ന പേരിൽ മാർപ്പാപ്പയായി ദൈവം നമുക്ക് നൽകിയിരിക്കുകയാണല്ലോ. *ഞങ്ങളെ നിത്യം കാത്തുപരിപാലിക്കുന്ന നല്ല ദൈവമേ, അങ്ങയുടെ അജഗണമായ ഞങ്ങളെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് നൽകുന്നുവല്ലോ* എന്ന നമ്മുടെ പ്രാർത്ഥന അന്വർത്ഥമാക്കിക്കൊണ്ടാണ് അദ്ദേഹം മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കാരണം അദ്ദേഹം ആ ഗണത്തിൽ പെടുന്നു എന്ന് അദ്ദേഹത്തിന്റെ ആദ്യ പ്രവർത്തനങ്ങൾ തന്നെ തെളിയിച്ചിരിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ തെരഞ്ഞെടുപ്പ് സഭയ്ക്കും ലോകത്തിനും വലിയ പ്രത്യാശയ്ക്ക് വക നൽകിയിരിക്കുകയാണ്. നമുക്ക് തലവനും വഴികാട്ടിയുമായി അദ്ദേഹത്തെ നൽകിയ നല്ല ദൈവത്തെ സ്തുതിച്ച് വാഴ്ത്താം. അവിടുത്തേയ്ക്ക് നന്ദി പറയാം. അതോടൊപ്പം പുതിയ പാപ്പായുടെ ആയുരാരോഗ്യത്തിനുവേണ്ടിയും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന സഭയെ നയിക്കുന്നതിനാവശ്യമായ വിശുദ്ധിയും വിജ്ഞാനവും വിവേകവും അദ്ദേഹത്തിന് ലഭിക്കുന്നതിനുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

പലതരത്തിലും പ്രത്യേകതകളുള്ളതായിരുന്നു ഫ്രാൻസീസ് പാപ്പായുടെ തെരഞ്ഞെടുപ്പ്. ആധുനിക യൂറോപ്പിന് പുറത്ത് നിന്ന് മാർപാപ്പയായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യവ്യക്തിയാണ് അദ്ദേഹം. സ്ഥാനത്യാഗം ചെയ്ത മാർപാപ്പ ജീവിച്ചിരിക്കുമ്പോഴാണ് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത് എന്ന പ്രത്യേകതയും ഉണ്ട്. എല്ലാമുണ്ടായിരുന്നിട്ടും ഒന്നുമില്ലാത്തവനേപ്പോലെ ജീവിച്ച അസ്സീസിയിലെ വിശുദ്ധ


ഫ്രാൻസീസിന്റെ ജീവിത മൂല്യങ്ങളെ ഉൾക്കൊണ്ട് സഭയെ നയിക്കാൻ ആ പേര് സ്വീകരിച്ച ആദ്യമാർപ്പാപ്പയാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ. തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ ആശീർവദിക്കുന്നതിന് മുമ്പ് ആ ജനത്തിന്റെ ആശീർവ്വാദം തേടിയ വ്യക്തിയാണ് അദ്ദേഹം. തന്റെ സഹശുശ്രൂഷകരായ കർദ്ദിനാളന്മാരുടെ ഇടയിൽ അവരിൽ ഒരാളായി കരുതപ്പെടാൻ ആഗ്രഹിക്കുകയും അവർക്ക് ലഭ്യമാക്കിയിരിക്കുന്ന സൗകര്യങ്ങൾ കൊണ്ട് തൃപ്തിപ്പെടു കയും ചെയ്യുന്ന ഒരു മാർപ്പാപ്പയാണ് അദ്ദേഹം. തെരഞ്ഞെടുപ്പിന് മുമ്പ് താൻ താമസിച്ച ലോഡ്ജിൽ തിരിച്ചുചെന്ന് സ്വയം മുറിവാടക കൊടു ക്കാൻ അദ്ദേഹം സന്മനസ്സ് കാണിച്ച് ഉത്തരവാദിത്വബോധത്തിന്റേയും നന്ദിയുടേയും അപരനെ പരിഗണിക്കുന്നതിന്റേയും മഹത്തായ മാതൃക അദ്ദേഹം നമുക്ക് കാണിച്ച് തന്നു.

പാവങ്ങളോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രകൃതിയോടും ഏറെ അടുത്തിരിക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ് പുതിയ മാർപ്പാപ്പ. അദ്ദേഹം തന്റെ ആദ്യ പ്രസംഗങ്ങളിൽ തന്നെ പറഞ്ഞത് സഭ പാവപ്പെ ട്ടതും പാവങ്ങൾക്ക് വേണ്ടിയും ആയിരിക്കണം എന്നതാണ്. സഭ എന്ന് പറയുമ്പോൾ എല്ലാ സഭാംഗങ്ങളേയും ഉദ്ദേശിച്ചാണ് അദ്ദേഹമത് പറ ഞ്ഞത് എന്ന് നാം മനസ്സിലാക്കണം. ഓരോ ക്രൈസ്തവ വിശ്വാസിയും എപ്രകാരമുള്ള മനോഭാവം വച്ച് പുലർത്തണം എന്നാണ് അദ്ദേഹം ഓർമ്മപ്പെടുത്തുന്നത്. സഭ പാവപ്പെട്ടതായിരിക്കണം എന്ന് പറഞ്ഞ പ്പോൾ അദ്ദേഹം അർത്ഥമാക്കിയത് കേവലം സാമ്പത്തിക കാര്യത്തി ലുള്ള ഇല്ലായ്മയല്ല എന്നും വ്യക്തമാണ്. എന്തെല്ലാം ഉണ്ടെങ്കിലും ക്രൈസ്തവവിശ്വാസികൾ അവയിൽ തങ്ങളുടെ ആശ്രയം വയ്ക്കാതെ ദൈവത്തിൽ ആശ്രയം വയ്ക്കുകയും തങ്ങൾക്കുള്ളത് ഇല്ലാത്തവരു മായി പങ്കുവയ്ക്കാൻ തയ്യാറാകുകയും ചെയ്യണം എന്നാണദ്ദേഹം പറ ഞ്ഞതിന്റെ പൊരുൾ. അതിന്റെ സൂചനയെന്നോണം അദ്ദേഹം ഈ വർഷം പെസഹാവ്യാഴാഴ്ച കാലുകഴുകൾ ശുശ്രൂഷ നടത്താൻ പോകു ന്നത് റോമാപ്പട്ടണത്തിനടുത്ത് സ്ഥാപിച്ചിട്ടുള്ള ഒരു ജെയിലിലെ തടവു കാരുടെ കാൽ കഴുകിക്കൊണ്ടാണ്. ഞാൻ വന്നിരിക്കുന്നത് ആരോഗ്യമുള്ളവരെ അന്വേഷിച്ചല്ല പ്രത്യുത രോഗികളെ അന്വേഷി ച്ചാണ് എന്ന കർത്താവിന്റെ വചനം പരിശുദ്ധപിതാവ് ഇവിടെ പ്രായോ ഗികമാക്കുന്നു.

തന്റെ സ്ഥാനാരോഹണച്ചടങ്ങിന് റോമിലേയ്ക്ക് യാത്രയാകാൻ തയ്യാറെടുത്ത് നിന്ന നൂറുകണക്കിനുള്ള അർജന്റീനാക്കാരെ അദ്ദേഹം

ഉപദേശിച്ചത് യാത്രയ്ക്ക് അവർ മുടക്കാൻ ഉദ്ദേശിക്കുന്ന പണം ഉപയോഗിച്ച് നാട്ടിലുള്ള ദരിദ്രരെ സഹായിക്കാനാണ്. സഭയിലെ ഓരോ അംഗത്തിനും പ്രത്യേകിച്ച് സഭാനേതൃത്വത്തിലുള്ളവർക്കും പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പ കൊടുക്കുന്ന പുതിയ ദിശാബോധമാണിത്. അങ്ങനെ മാത്രമേ കത്തോലിക്കാസഭ ഇനി ഈ ലോകത്തിൽ പ്രസക്തിയുള്ളതാകുകയുള്ളു എന്ന് അദ്ദേഹം വിശ്വസിക്കുന്നതായി നാം മനസ്സിലാക്കണം. എങ്ങോട്ടാണ് സഭയെ നയിക്കാൻ പുതിയ പാപ്പാ ഉദ്ദേശിക്കുന്നത് എന്നതിന്റെ സൂചനകളാണ് ഇതെല്ലാം എന്ന് ഞാൻ കരുതുന്നു. അറുനൂറ് വർഷത്തിനിടയിൽ ആദ്യമായി സ്ഥാനത്യാഗം ചെയ്ത ബെനഡിക്ട് മാർപ്പാപ്പ സഭയിലെ അധികാരത്തെപ്പറ്റി നമുക്ക് തന്ന ദിശാബോധത്തിൽ നിന്നും ഒരു പടികൂടി നമ്മെ മുമ്പോട്ട് നയിക്കുകയാണ് ഫ്രാൻസീസ് മാർപ്പാപ്പ ചെയ്യുന്നത്. നമുക്ക് അദ്ദേഹത്തിന്റെ മാതൃക ഉൾക്കൊണ്ട് അദ്ദേഹത്തിന്റെ വാക്കുകൾ പ്രായോഗികമാക്കാം. ദൈവം ഇതാണ് ഈ കാലഘട്ടത്തിൽ നാമാകുന്ന സഭയിൽ നിന്ന് പ്രതീക്ഷിക്കുന്ന ജീവിതശൈലി എന്ന മനസ്സിലാക്കി പരിശുദ്ധപിതാവിനോടൊപ്പം നമുക്കും നമ്മുടെ വിശ്വാസത്തിൽ മുന്നേറാം. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 മാർച്ച് മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഏപ്രിൽ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

***Prot. No. 13793/2013***
***Circular No. 08/2013***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപ്പാപ്പ പ്രഖ്യാപിച്ച വിശ്വാസ വർഷാചരണത്തിന്റെ മധ്യത്തിൽ എത്തി നിൽക്കുകയാണല്ലോ നമ്മൾ. ഈ ആചരണത്തിന്റെ ഭാഗമായി ഒരു ദിവസം ഒരു പൊതു ആരാധന ലോകമെമ്പാടുമുള്ള ദേവാലയങ്ങളിൽ നടത്തണം എന്നും പരിശുദ്ധ പിതാവ് ആഗ്രഹിച്ചിരുന്നു. പരിശുദ്ധ പിതാവ് വത്തിക്കാൻ ബസിലിയ്ക്കയിൽ നേതൃത്വം കൊടുക്കുന്ന ആരാധനയുടെ അതേസമയത്ത് തന്നെ എല്ലായിടത്തും ആരാധന നടത്തണം എന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ ക്രൈസ്തവവിശ്വാസം പരിശുദ്ധകുർബാനയുമായി ബന്ധപ്പെട്ടതാണല്ലോ. അതുകൊണ്ടാണ് വിശ്വാസവർഷത്തിൽ ഇപ്രകാരം ചെയ്യണം എന്ന് നിർദ്ദേശിച്ചിരിക്കുന്നത്.


ഈ വരുന്ന ജൂൺ രണ്ടാം തീയതി ഞായറാഴ്ച രാത്രി എട്ടര മണിമുതൽ ഒമ്പതരവരെ മേൽപ്പറഞ്ഞരീതിയിൽ ആരാധന നടത്താനാണ് നമുക്ക് കിട്ടിയിരിക്കുന്ന നിർദ്ദേശം. അന്ന് ഈശോയുടെ തിരുശ്ശരീരത്തിന്റേയും തിരുരക്തത്തിന്റേയും ഓർമ്മ ആചരിക്കുന്ന ദിവസമാണ്. ഇറ്റാലിയൻ സമയം വൈകുന്നേരം അഞ്ചുമണിയ്ക്ക് ഇപ്പോഴത്തെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പ വത്തിയ്ക്കാൻ ബസിലിയ്ക്കയിൽ അപ്രകാരം ആരാധനയ്ക്ക് നേതൃത്വം കൊടുക്കും. അതേസമയത്ത് തന്നെ ലോകത്തിൽ എല്ലായിടത്തും ആരാധന നടത്തണം എന്നാണ് മാർപ്പാപ്പയുടെ ഓഫീസിൽനിന്ന് പറഞ്ഞിരിക്കുന്നത്. ഇറ്റലിയിൽ വൈകുന്നേരം അഞ്ചരയാകുമ്പോൾ ഇന്ത്യയിൽ രാത്രി എട്ടരയാകും. അതുകൊണ്ടാണ് ആ സമയത്ത് ആരാധന നടത്താൻ ആവശ്യപ്പെട്ടിരിക്കുന്നത്.

കത്തീഡ്രൽ ദേവാലയങ്ങളിൽ രൂപതാമെത്രാന്മാരുടെ നേതൃത്വത്തിൽ ആരാധന നടത്തണം എന്നതാണ് പൊതുനിർദ്ദേശം. ഇടവക

ദേവാലയങ്ങളിലും സമർപ്പിതസമൂഹങ്ങളുടെ ഭവനങ്ങളിലും ഇപ്രകാരം ചെയ്യുന്നത് ഏറെ അഭികാമ്യമാണ് എന്ന് ഭാരത കത്തോലിയ്ക്കാ മെത്രാൻസമിതിയും കേരള കത്തോലിയ്ക്കാ മെത്രാൻ സമിതിയും അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം ജൂൺ രണ്ടിന് രാത്രി എട്ടര മണിമുതൽ ഒമ്പതര മണിവരെ നമ്മുടെ ഇടവക ദേവാലയങ്ങളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരുടെ ഭവനങ്ങളിൽ ബഹുമാനപ്പെട്ട സുപ്പീരിയർമാരും ആരാധനയ്ക്ക് നേതൃത്വം കൊടുക്കണം. ഈ ആരാധനാ സമയത്ത് നമ്മൾ പ്രത്യേകമായി പരിശുദ്ധപിതാവിന്റെ ദൗത്യങ്ങൾ വിജയിക്കുന്നതിനായും ദൈവത്തിൽനിന്നും ദൈവവിശ്വാസത്തിൽനിന്നും അകലുന്ന ആളുകൾക്ക് വേണ്ടിയും അതുപോലെ വിവിധസഭകൾ തമ്മിൽ ഐക്യം ഉണ്ടാകുന്നതിന് വേണ്ടിയും പ്രാർത്ഥിക്കണം. ലോകം മുഴുവനുമുള്ള കത്തോലിയ്ക്കർ ഒരേ സമയം ദിവ്യകാരുണ്യനാഥന്റെ സന്നിധിയിൽ പ്രാർത്ഥിക്കുന്നത് എത്രയോ ഫലദായകമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. കർത്താവിന്റ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽനിന്നും 2013 മെയ് 14 ന് നൽകപ്പെട്ടത്.

യേശുവിൽ,



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിൽ പറയുന്ന കാര്യം ഇടവകജനങ്ങളുടെ ശ്രദ്ധയിൽ യഥാവിധി കൊണ്ടുവരുകയും ആരാധന നടത്തുകയും ചെയ്യേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 09/2013*
*Prot. No. 13945/2013*

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

മദ്ധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പാഠശാലകളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. പുതിയ സ്കൂൾ വർഷത്തിൽ നിങ്ങൾക്ക് ധാരാളം ദൈവാനുഗ്രഹവും പഠനത്തിൽ വിജയവും നേരുന്നു. നിങ്ങളുടെ കുടുംബങ്ങളുടെയും നമ്മുടെ രാജ്യത്തിന്റെയും സഭയുടെയും സമുദായത്തിന്റെയും എല്ലാം ഭാവി നിങ്ങളുടെ കൈകളിലാണ്. ഈയൊരു ചിന്ത നിങ്ങളുടെ പഠനത്തിൽ നിങ്ങൾക്ക് വഴികാട്ടിയും പ്രചോദനവും ആയിരിക്കട്ടെ.

നിങ്ങൾക്ക് ഈ കത്ത് എഴുതാൻ തുടങ്ങിയപ്പോൾ എന്റെ മനസിലേയ്ക്ക് പെട്ടെന്ന് കടന്നു വന്നത് ഒന്നു രണ്ട് വർഷം മുമ്പ് നമ്മുടെ രൂപതയിലെ ബത്തേരി അസംപ്ഷൻ സ്കൂളിലെ കുട്ടികൾ തയ്യാറാക്കിയ ഒരു ചെറു സിനിമയുടെ പ്രമേയമാണ്. നിങ്ങളിൽ പലരും ആ സിനിമ കണ്ടിരിക്കും. അതിക്രൂരമായ ലൈംഗിക പീഡനത്തിന് വിധേയയായി അവശനിലയിലായ ഒരു നാടോടി പെൺകുട്ടിയുടെ കഥയാണ് സിനിമയുടെ ഇതിവൃത്തം. റോഡ് വക്കിലെ കുറ്റിക്കാട്ടിൽ കിടന്ന് സഹായത്തിനായി കേണപേക്ഷിക്കുന്ന അവളുടെ നിലവിളിയും ഞരക്കങ്ങളും മൂളലും കേട്ട് അതിലെ കടന്നുപോയ ഒരു സ്കൂൾ വിദ്യാർത്ഥിനി അവളുടെ അടുത്ത് ചെന്ന് അവൾക്ക് സംഭവിച്ച കാര്യങ്ങളെപ്പറ്റി വിശദമായി അന്വേഷിക്കുന്നു. നാടോടി പെൺകുട്ടി പറഞ്ഞ കാര്യങ്ങൾ മുഴുവൻ ആ വിദ്യാർത്ഥിനി തന്റെ മൊബൈൽ ക്യാമറയിലെ വീഡിയോയിൽ പകർത്തുന്നു. അവസാനം തന്റെ പ്രൊജക്ടിന് ഈ കഥ ധാരാളം മതി എന്ന് ആത്മഗതം ചെയ്ത് അവൾ നടന്ന് മറയുന്നു. നാടോടി പെൺകുട്ടിയുടെ ദൈന്യതയോ സഹായാഭ്യർത്ഥനയോ ഒന്നും ആ വിദ്യാർത്ഥിനിയെ സ്പർശിക്കുന്നതേയില്ല. ആ വഴി വന്ന ഒരു സിസ്റ്റർ നാടോടി പെൺകുട്ടിയെ രക്ഷിക്കുന്നതോടെ കഥ അവസാനിക്കുന്നു.

നമ്മുടെ സഹജീവികളോട് പരിഗണനയും കരുതലും കാണിയ്ക്കാൻ നമ്മെ പഠിപ്പിക്കാത്ത വിദ്യാഭ്യാസം വിദ്യാഭ്യാസമേയല്ല. അതു

പോലെ തന്നെ സഹജീവികളോടും സമൂഹത്തോടും യാതൊരു പരിഗണനയും കാണിക്കാത്തവർ സംസ്കാരമുള്ളവരാണ് എന്നു പറയാൻ പറ്റുകയില്ല. സിനിമയിലെ വിദ്യാർത്ഥിനി മുടിയെല്ലാം മിനുക്കി പിന്നിയിട്ട് നല്ല വസ്ത്രം ധരിച്ച് ഷൂസും ധരിച്ച് പുസ്തകസഞ്ചിയും പുറത്ത് തൂക്കിയാണ് പോകുന്നത്. ഒരു പക്ഷേ അവൾ നന്നായി പഠിച്ച് ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുന്ന വ്യക്തിയുമാകാം. എന്നാൽ ഇതിലൂടെയൊന്നും അവൾക്ക് യഥാർത്ഥ വിദ്യാഭ്യാസം കിട്ടുകയോ അവ അവളെ സംസ്കാരസമ്പന്നയാക്കുകയോ ചെയ്തില്ല എന്ന് അവളുടെ പ്രവർത്തി തെളിയിക്കുന്നു. അവളെ സംബന്ധിച്ച് അവളുടെ പ്രൊജക്ട് ആയിരുന്നു ഏറ്റവും പ്രധാനം. അത് നന്നായി ചെയ്തില്ലെങ്കിൽ അവൾക്ക് മാർക്ക് കുറയും. ഒരു പക്ഷേ പിന്നീട് ഉന്നത വിദ്യാഭ്യാസത്തിന് താഴ്ന്ന മാർക്ക് തടസ്സമായി നിൽക്കും. ഉന്നത വിദ്യാഭ്യാസം കിട്ടിയില്ലെങ്കിൽ അവൾക്ക് നല്ലൊരു ജോലി കിട്ടുകയില്ല. നല്ല ജോലി കിട്ടിയില്ലെങ്കിൽ അവളെ വിവാഹം ചെയ്യാൻ വിദ്യാഭ്യാസവും ജോലിയും ഉള്ള ആൺകുട്ടികൾ തയ്യാറായി എന്ന് വരുകയില്ല. ഇതെല്ലാമായിരിക്കാം അവളുടെ ചിന്തയിലൂടെ കടന്നുപോയ കാര്യങ്ങൾ. ചുരുക്കത്തിൽ അവളുടെ സ്വന്തം താല്പര്യങ്ങൾക്ക് മാത്രമാണ് അവൾ പരിഗണന കൊടുത്തത്. ആ വിദ്യാർത്ഥിനി എഴുത്തും വായനയും പഠിച്ചെങ്കിലും അവൾക്ക് വിദ്യാഭ്യാസം കിട്ടിയില്ല എന്ന് തന്നെ പറയണം. അവൾ സംസ്കാര സമ്പന്നയുമായില്ല.

നല്ല മനുഷ്യരായി നമ്മളെ മാറ്റുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നല്ല മനുഷ്യരാകുക എന്ന് പറഞ്ഞാൽ ദൈവം നമ്മളെ സൃഷ്ടിച്ചപ്പോൾ നമ്മളിലുണ്ടായിരുന്ന ഗുണഗണങ്ങൾ ഉണ്ടാകുക എന്നർത്ഥം. വിശുദ്ധ ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു: *അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു... ദൈവത്തിന്റെ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു (ഉല്പ്പത്തി 1:27).* അപ്പോൾ നല്ല മനുഷ്യർ ദൈവത്തെപ്പോലെ ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും പ്രതികരിക്കുകയും എല്ലാം ചെയ്യുന്നവരാണ്. എന്നാൽ ഇന്ന് അഭ്യസ്ഥവിദ്യരെന്ന് അഭിമാനിയ്ക്കുന്ന പലരും ചെയ്യുന്ന കാര്യങ്ങൾ ദൈവത്തിന് ഒരിക്കലും ചെയ്യാൻ പറ്റാത്ത കാര്യങ്ങളല്ലേ? കൈക്കൂലി, അഴിമതി, അക്രമം, പൊതുമുതൽ മോഷ്ടിക്കൽ, ലൈംഗിക

പീഢനങ്ങൾ തുടങ്ങിയവയൊന്നും ദൈവത്തിന്റെ ഛായയിൽ ഉള്ളവർക്ക് ചെയ്യാൻ പറ്റില്ലല്ലോ. അതായത് നമ്മുടെ വിദ്യാഭ്യാസം അതിന്റെ ലക്ഷ്യം നേടുന്നില്ല എന്ന് തന്നെയാണ് അർത്ഥം.

അതേസമയം നമ്മുടെ ദൃഷ്ടിയിൽ വിദ്യാഭ്യാസമില്ലാത്തവരും സംസ്കാരശൂന്യരുമായ എത്രയോ മനുഷ്യർ സത്യസന്ധമായി പെരുമാറുന്നതിലും മറ്റുള്ളവരോട് പരിഗണന കാണിക്കുന്നതിലും നമ്മളേക്കാൾ എത്രയോ മുമ്പിലാണ്! അതുകൊണ്ട് പ്രിയപ്പെട്ട കുട്ടികളേ, കേവലം കുറേക്കാര്യങ്ങൾ അറിയാം എന്നതുകൊണ്ട് നിങ്ങൾ വിദ്യാഭ്യാസമുള്ളവരാകുന്നില്ല എന്ന വസ്തുത മറക്കാതിരിയ്ക്കുക. ദൈവത്തെപ്പോലെ പെരുമാറാൻ നിങ്ങളെ നിങ്ങളുടെ വിദ്യാഭ്യാസം കഴിവുറ്റവരാക്കുമ്പോഴാണ് നിങ്ങൾ വിദ്യാഭ്യാസമുള്ളവരാകുന്നത്. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുന്നവരാകണം. സത്യം, നീതി, ആത്മാർത്ഥത, സഹജീവികളോടും ഈ പ്രകൃതിയോടും എല്ലാം ഉള്ള സ്നേഹവും കരുതലും നിയമങ്ങളോടുള്ള വിധേയത്വം, ഈ മൂല്യങ്ങൾ അനുസരിച്ചുള്ള ജീവിതം ഇതെല്ലാമാണ് ആ രാജ്യത്തിന്റെ മൂല്യങ്ങൾ. അവ നിങ്ങൾ സ്വന്തമാക്കുമ്പോൾ നിങ്ങൾ വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവരാകും. *ദൈവഭക്തിയാണ് അറിവിന്റെ ആരംഭം (സുഭാ. 1:7)* എന്ന ദൈവവചനം നിങ്ങൾ എപ്പോഴും അനുസ്മരിക്കണം.

ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് യഥാർത്ഥ വിദ്യാഭ്യാസം. അത് നിങ്ങളുടെ കുടുംബങ്ങളിലാണ് ആരംഭിക്കേണ്ടത്. നമ്മുടെ ജീവിതത്തിലെ തെറ്റും ശരിയും ആദ്യമായി നമുക്ക് പറഞ്ഞുതരുന്നതും തരേണ്ടവരും നമ്മുടെ മാതാപിതാക്കന്മാരാണ്. അതുകൊണ്ട് അവരുടെ വാക്കുകൾക്കായി നിങ്ങൾ കാതോർക്കുകയും അവ നിങ്ങൾക്ക് വഴികാട്ടിയാകുകയും ചെയ്യണം. സുഭാഷിതങ്ങളിലൂടെ കർത്താവായ ദൈവം നമ്മോട് ഇപ്രകാരം അരുളിച്ചെയ്യുന്നു: *മക്കളെ പിതാവിന്റെ പ്രബോധനം കേൾക്കുവിൻ. അതിൽ ശ്രദ്ധിച്ച് അറിവ് നേടുവിൻ. ഞാൻ നിങ്ങൾക്ക് സദുപദേശങ്ങൾ നൽകുന്നു. അവ തള്ളിക്കളയരുത്. ഞാൻ അമ്മയ്ക്ക് ഏക സന്താനമായി ഇളം പ്രായത്തിൽ പിതാവിനോടൊപ്പം കഴിയവേ അവൻ എന്നെ ഇപ്രകാരം പഠിപ്പിച്ചു: നിന്റെ ഹൃദയം എന്റെ വാക്കുകൾ മുറുകെപ്പിടിയ്ക്കട്ടെ. എന്റെ കല്പനകൾ പാലിച്ചാൽ നീ ജീവിയ്ക്കും (സുഭാ.1:1-4).* വീണ്ടും വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു: കുടുംബദ്രോഹിയ്ക്ക് ഒന്നും ബാക്കിയുണ്ടാവുകയില്ല (സുഭാ.11:29)

ഇന്ന് സാധാരണ മാതാപിതാക്കൾ പറഞ്ഞ് കേൾക്കുന്ന ഒരു കാര്യമാണ് മക്കൾ ഒന്നോ രണ്ടോ മാത്രമേ ഉള്ളൂ. അതുകൊണ്ട് അവർ എന്തു ചോദിച്ചാലും ചെയ്തുകൊടുക്കാൻ തയ്യാറാണെന്നും അതുപോലെ ചോദിച്ചത് കിട്ടിയില്ലെങ്കിൽ മക്കൾ ആത്മഹത്യ പോലെയുള്ള കടുംകൈകൾ ചെയ്യുമെന്നും. ഇപ്രകാരം മാതാപിതാക്കളെ ഭയപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന മക്കൾ ദൈവം മാതാപിതാക്കളിലൂടെ തരുന്ന വലിയൊരു ദാനമാണ് പാഴാക്കുന്നത് എന്ന് തിരിച്ചറിയുന്നില്ല. *ശാസന വെറുക്കുന്നവർ മൂഢനാണ് (സുഭാ. 12:1), വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു (സുഭാ. 13:1)* എന്നീ തിരുവചനങ്ങൾ നിങ്ങളുടെ മനസിൽ എന്നും ഉണ്ടായിരിക്കട്ടെ. പുതിയ വിദ്യാഭ്യാസവർഷം നിങ്ങൾക്ക് ദൈവാനുഗ്രഹത്തിന്റെ വർഷമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കുകയും ചെയ്യട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജൂൺ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ജൂലൈ മാസം 14-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 10/2013***
***Prot. No. 14005/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കർത്താവിന്റെ ദിവസമായ ഞായറാഴ്ചകൾ വിശുദ്ധമായി ആച രിക്കേണ്ടതിന്റെ ആവശ്യകതയും അതെങ്ങനെയാണ് ചെയ്യേണ്ടത് എന്ന കാര്യവും ഞാൻ പറയാതെ തന്നെ നിങ്ങൾക്ക് അറിയാമല്ലോ. ക്രമ മായി വിശുദ്ധകുർബാനയിൽ സംബന്ധിക്കാൻ അന്ന് ഇടവകയിൽ സൗകര്യം ഒരുക്കുന്നതിന് പുറമേ കുട്ടികളുടെ വിശ്വാസപരിശീലനം, ഇടവകപ്പൊതുയോഗ മീറ്റിംഗുകൾ, സംഘടനാ മീറ്റിംഗുകൾ തുടങ്ങി യവയും അന്നാണ് സാധാരണ നടത്തുന്നത്. ഇവയ്ക്കൊന്നിനും തടസ്സം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഇടവകപ്പള്ളികളിൽ അന്ന് ഒരു നിശ്ചിത സമയത്തേയ്ക്ക് വിവാഹാഘോഷങ്ങൾ മുടക്കിയിരിക്കുന്നത്. ആ ക്രമീകരണം എല്ലായിടത്തും തന്നെ പാലിക്കപ്പെടുന്നുമുണ്ട്. അതി നായി സഹകരിക്കുന്ന എല്ലാവരേയും നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

എന്നാൽ ഈയടുത്ത കാലത്തായി ഞായറാഴ്ചകളിൽ തിരുപ്പട്ടം നടത്തണം എന്ന് ആവശ്യപ്പെട്ട് പലരും എന്നെ സമീപിക്കുകയുണ്ടായി. വിവാഹത്തിന് വേണ്ടതിലും വളരെയധികം ഒരുക്കം ആവശ്യമായു ള്ളതും ഇടവകക്കാർ എല്ലാവരും തന്നെ സംബന്ധിക്കാൻ താത്പര്യ പ്പെടുന്നതുമായ ഒന്നാണ് തിരുപ്പട്ടം. അങ്ങനെയുള്ള ഒരു ചടങ്ങ് ഞായറാ ഴ്ചകളിൽ നടത്തുമ്പോൾ ഉണ്ടാകാവുന്ന അസൗകര്യങ്ങൾ ഊഹിക്കാ വുന്നതേയുള്ളു. അതുകൊണ്ട് ഞായറാഴ്ചകളിൽ തിരുപ്പട്ടം നടത്തു ന്നത് തീർത്തും നിരുത്സാഹപ്പെടുത്തേണ്ടതാണ്. അതിനായി അനുവാ ദത്തിന് എന്നെ സമീപിക്കുമ്പോൾ കൊടുക്കാൻ എനിക്കും ബുദ്ധിമുട്ടു ണ്ടാകും. നിങ്ങളുടെ മക്കൾ ആരെങ്കിലുമൊക്കെ വൈദികപരിശീലന ത്തിൽ ഉണ്ടെങ്കിൽ അവരെ ഇക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഇടദിവസങ്ങളിൽ മാത്രം ഇടവകകളിൽ തിരുപ്പട്ടശുശ്രൂഷ നടത്താൻ എല്ലാവരും സഹകരിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.

ഈ രൂപതയ്ക്ക് വേണ്ടിയുള്ളവരുടെ കാര്യത്തിൽ നിയന്ത്രണം എളുപ്പമാണ്. എന്നാൽ ഈ രൂപതയിൽ നിന്ന് മറ്റേതെങ്കിലും രൂപതയിലോ സന്യാസസമൂഹത്തിലോ ചേർന്നവരുടെ കാര്യത്തിലാണ് ഇത് കൂടുതൽ പ്രസക്തമായിരിക്കുന്നത്. അതുകൊണ്ട് ബന്ധപ്പെട്ട ബഹുമാനപ്പെട്ട വികാരിയച്ചന്മാരും, സന്യാസസഭകളുടെ അധികാരികളും വൈദികപരിശീലനത്തിൽ ഉള്ളവരുടെ മാതാപിതാക്കളും ഇക്കാര്യത്തിൽ പ്രത്യേകശ്രദ്ധ വയ്ക്കണം എന്ന് ഓർമ്മപ്പെടുത്തുകയാണ്. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ജൂലൈ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഓഗസ്റ്റ് മാസം 11-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 11/2013***
***Prot. No. 14167/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ ഇടവകകളിൽ അടുത്ത ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടക്കാൻ പോകുന്ന തിരുനാളുകളുടെ കാര്യങ്ങൾ ആലോചിക്കാൻ പൊതുയോഗം കൂടുന്ന അവസരമാണല്ലോ ഇത്. ആ അവസരത്തിൽ ക്രൈസ്തവ ആഘോഷങ്ങളെപ്പറ്റി മുമ്പ് ഞാൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ ഒരിക്കൽകൂടി നിങ്ങളെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അവകൂടി പരിഗണിച്ചു വേണം നിങ്ങൾ പൊതുയോഗങ്ങളിൽ തീരുമാനങ്ങൾ എടുക്കാൻ എന്ന് അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ എന്റെ നിർദ്ദേശങ്ങൾ ഇടവകകളിൽ എത്താൻ വൈകിയതിനാൽ അവയ്ക്കനുസരിച്ച് തീരുമാനങ്ങൾ എടുക്കാൻ സാധിച്ചില്ല എന്ന് ചിലർ അറിയിക്കുകയുണ്ടായി. അതുകൊണ്ടാണ് ഇത്തവണ നേരത്തേതന്നെ ഇതേപ്പറ്റി എഴുതുന്നത്.

ആഘോഷങ്ങളുമായി ബന്ധപ്പെട്ട് കേരള കത്തോലിക്കാ മെത്രാൻ സമിതി 2010 ജൂൺ മാസത്തിൽ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ നമ്മുടെ രൂപതാ ബുള്ളറ്റിന്റെ 2010 ഓഗസ്റ്റ് ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അവയുടെ ചുരുക്കം വീണ്ടും ബുള്ളറ്റിനിലൂടെ നിങ്ങളെ അറിയിച്ചിട്ടുള്ളതാണ്. തിരുനാളുകളേപ്പറ്റി മെത്രാൻ സമിതി പറഞ്ഞ കാര്യം ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ:

*ക്രൈസ്തവ വിശ്വാസത്തിൽ ഇടവകത്തിരുനാളുകൾക്ക് അതീവ പ്രാധാന്യമുണ്ട്. ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളാണ് തിരുനാളുകൾ വിളംബരം ചെയ്യുന്നത്. വിശ്വാസത്തിൽ ആഴപ്പെടാനും ഇടവകകൂട്ടായ്മയിൽ വളരാനും തിരുനാളുകൾ സഹായിക്കണം. തിരുനാളാഘോഷങ്ങൾ ആർഭാടത്തിനും ധൂർത്തിനുമുള്ള അവസരമല്ല. അവയിൽ ലാളിത്യം നിറഞ്ഞു നിൽക്കണം. ഇടവക മദ്ധ്യസ്ഥരുടേയും മാലാഖമാരുടേയും തിരുനാളുകൾ ആചരിക്കാനും അവരുടെ തിരുസ്വരൂപങ്ങൾ സ്ഥാപിക്കാനും വണങ്ങാനും വിശ്വാസികൾക്ക് കടമയുണ്ട്. ഇട*

*വകത്തിരുനാളുകൾ വിശ്വാസപാരമ്പര്യത്തിന്റേയും ആരാധനക്രമ പൈതൃകത്തിന്റേയും പ്രകാശനമാണ്. നമ്മുടെ തിരുനാളാഘോഷങ്ങ ളിൽ കടന്നുകൂടിയിരിക്കുന്ന ആർഭാടത്തെക്കുറിച്ചും ധൂർത്തിനെക്കു റിച്ചും 2010 ജൂൺ 8 മുതൽ 10 വരെ കൊച്ചിയിൽ ചേർന്ന കേരളകത്തോ ലിയ്ക്കാ മെത്രാൻ സമിതിയുടെ സമ്മേളനം വിശദമായി ചർച്ച ചെയ്യു കയും താഴെപറയുന്ന അജപാലന മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ തീരു മാനിക്കുകയും ചെയ്തു. കെ.സി.ബി.സി. നിർദ്ദേശങ്ങൾ രൂപതാതല ത്തിലും ഇടവകാതലത്തിലും നടപ്പിലാക്കാൻ ഏവരും പരിശ്രമിക്കേ ണ്ടതാണ് (പേജ് 3).*

തിരുനാളുകൾ, നൊവേനകൾ തുടങ്ങിയവയെ സംബന്ധിച്ച് 12 നിർദ്ദേശങ്ങളാണ് മെത്രാൻ സമിതി നൽകിയിരുന്നത്. അവയുടെ ചുരുക്കം ഒരിക്കൽ കൂടി നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്.

1) നമ്മുടെ ആഘോഷങ്ങൾ വാണിജ്യവത്ക്കരിക്കപ്പെടരുത് എന്ന താണ് ഒന്നാമത്തെ നിർദ്ദേശം. പണം നമ്മുടെ ഇടവക പ്രവർത്തന ങ്ങൾക്ക് അത്യന്താപേക്ഷിതമാണ് എന്ന വസ്തുത മറക്കാതെ തന്നെ പറയട്ടെ, തിരുനാളുകളുടെ ആഘോഷക്കൊഴുപ്പ് കൂട്ടി കൂടുതൽ ആളു കളെ ആകർഷിച്ച് കൂടുതൽ പണം സ്വരൂപിക്കാനുള്ള മാർഗ്ഗമായി അതിനെ കണക്കാക്കുന്നത് അധാർമ്മികമാണ്. തിരുനാൾ നടത്തിപ്പിൽ നിന്ന് പണം മിച്ചം വരാനേ പാടില്ല എന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്. പ്രത്യുത, അതൊരു വരുമാനമാർഗ്ഗമായി കാണരുത് എന്നും വരുമാനം കൂട്ടാനായി അതിന് പറ്റിയ പരിപാടികൾ ആസൂത്രണം ചെയ്യരുത് എന്നു മാണ്. കാരണം അങ്ങനെ ചെയ്യുമ്പോൾ നമ്മുക്ക് നഷ്ടമാകുന്നത് നമ്മുടെ വിശ്വാസവും ധാർമ്മികതയുമാണ്.

2) *അത്ഭുതപ്രവർത്തകയായ, അത്ഭുതപ്രവർത്തകനായ* എന്നീ വിശേഷണങ്ങൾ വിശുദ്ധർക്ക് കൊടുക്കുന്നത് തീർത്തും അനുചിത മാണ്. കാരണം അത്ഭുതങ്ങൾ കർത്താവാണ് പ്രവർത്തിക്കുന്നത്. വിശു ദ്ധർ അതിനുള്ള ഉപാധികൾ മാത്രമാണ്. *തിരുനാൾ മഹാമഹം, മഹാ ഊട്ടുനേർച്ച, അത്ഭുതരോഗശാന്തിധ്യാനം* തുടങ്ങിയ പദപ്രയോഗങ്ങളും പരസ്യങ്ങളിൽ നിന്ന് ഒഴിവാക്കണം. അറിയാതെയാണെങ്കിലും ഇതെല്ലാം വിശുദ്ധവസ്തുക്കൾ വാണിജ്യവത്ക്കരിക്കപ്പെടുന്നതിന്റെ അടയാളങ്ങളാണ്.

3) പ്രധാന ഇടവകത്തിരുനാളിന് പുറമേ കപ്പേളകളിലും കുരിശടികളിലും വലിയ തോതിൽ തിരുനാളുകൾ നടത്തുന്നത് തീർത്തും നിരുത്സാഹപ്പെടുത്തണം. അതുപോലെ ഇവയിലുള്ള മത്സരബുദ്ധിയും ഒഴിവാക്കണം.

4) തിരുനാളുകൾ നടത്താൻ ഇടവകകൾ ചെലവഴിക്കുന്ന തുകയുടെ നിശ്ചിതശതമാനം സാമൂഹ്യപ്രവർത്തനത്തിനും ദരിദ്രരെ സഹായിക്കുന്നതിനും വേണ്ടി മാറ്റി വയ്ക്കണം. മൊത്തം തുകയുടെ എത്ര ശതമാനമാണ് ഉപവിപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കേണ്ടതെന്ന് രൂപതകളും ഇടവകകളും നിശ്ചയിക്കേണ്ടതാണ് എന്നതാണ് മെത്രാൻ സമിതിയുടെ നിർദ്ദേശം. തിരുനാളുകൾക്ക് ചെലവാകുന്ന തുകയുടെ 5 ശതമാനമെങ്കിലും നാമാരംഭിച്ചിരിക്കുന്ന വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് കൊടുക്കണം എന്ന് മുമ്പും ഞാൻ എഴുതിയിട്ടുള്ളതാണല്ലോ. അത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുകയാണ്. കുറേയധികം ഇടവകകൾ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ആ ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും ഇടവകക്കാരേയും ഞാൻ അഭിനന്ദിക്കുകയും നന്ദിപൂർവ്വമോർക്കുകയും ചെയ്യുന്നു. അക്കാര്യത്തിൽ ബാക്കിയുള്ളവരുടേയും അകമഴിഞ്ഞ സഹകരണം ഉണ്ടാകണം.

5) ക്രിസ്തുകേന്ദ്രീകൃത ഭക്തിയിൽ നിന്ന് വിശ്വാസികളെ അകറ്റുന്ന പുതിയ ഭക്താഭ്യാസങ്ങളും നേർച്ചാരീതികളും ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്. ഇതെല്ലാം വിശ്വാസത്തിന്റെ വാണിജ്യവത്ക്കരണം ആണെന്നതിന് ഉപരി ശരിയായ വിശ്വാസം കാത്ത് സൂക്ഷിക്കാൻ ശ്രമിക്കുന്നവരെ സഭയിൽ നിന്ന് അകറ്റുന്ന പ്രക്രിയ കൂടി ആണ് എന്ന് നമ്മൾ ഓർക്കേണ്ടതുണ്ട്.

6) രാത്രി ഏറെ വൈകുംവരെ പ്രദക്ഷിണങ്ങൾ നടത്തുന്നതും ദേവാലയാങ്കണത്തിൽ കലാപരിപാടികൾ അരങ്ങേറുന്നതും ഒഴിവാക്കപ്പെടേണ്ടതാണ്.

7) ആഘോഷത്തിന് വേണ്ടി ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നതും അഭിലഷണിയമല്ല എന്ന് നിർദ്ദേശങ്ങളിൽ പറയുന്നു.

8) മറ്റു ഇടവകകളിൽ നിന്ന് സ്വർണ്ണ, വെള്ളിക്കുരിശുകൾ വാടകയ്ക്ക് എടുക്കുന്നത് നിരുത്സാഹപ്പെടുത്തണം.

9) തിരുനാൾ പ്രദക്ഷിണങ്ങൾ ഭക്തിനിർഭരമായും ഗതാഗതത്തിനു തടസ്സം വരാതെയുമാണ് നടത്തേണ്ടത്. തിരുനാളാഘോഷങ്ങൾ പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ നടത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10) കരിമരുന്ന് പ്രയോഗങ്ങൾ നിരുത്സാഹപ്പെടുത്തണം എന്നതാണ് മറ്റൊരു നിർദ്ദേശം. ചെലവു ചുരുക്കുകയും അപകടങ്ങൾ കുറയ്ക്കുകയും ചെയ്യുക എന്ന ഉദ്ദേശമാണ് ഇതിന്റെ പിന്നിലുള്ളത്.

11) പരിസരമലിനീകരണത്തിനും അന്തരീക്ഷമലിനീകരണത്തിനും കാരണമാകുന്ന ഒന്നും നാം ചെയ്യരുത് എന്നതാണ് അടുത്ത നിർദ്ദേശത്തിന്റെ ചുരുക്കം. ഫ്ളക്സ്, പ്ലാസ്റ്റിക്ക് തുടങ്ങിയ വസ്തുക്കൾ കൊണ്ട് നിർമ്മിക്കുന്ന പോസ്റ്ററുകളും ബാനറുകളും തോരണങ്ങളും നമ്മുടെ പ്രകൃതിയെ നശിപ്പിക്കുന്നവയാണ്. അവ തീർത്തും ഒഴിവാക്കി പരിസ്ഥിതി സൗഹൃദമായ വസ്തുക്കൾ ഉപയോഗിക്കണം. അവയുടെ എണ്ണത്തിൽ മിതത്വം പാലിക്കുകയും വേണം.


ഇപ്പറഞ്ഞ നിർദ്ദേശങ്ങൾ പല പ്രാവശ്യം ആവർത്തിക്കപ്പെട്ടവയായതുകൊണ്ടും അപ്രായോഗികമെന്ന് ചിലർക്കെങ്കിലും തോന്നാൻ ഇടയുള്ളതുകൊണ്ടും അവയുടെ സ്വീകാര്യത പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ക്രൈസ്തവ വിശ്വാസം കേവലം ഏതാനും ചില അനുഷ്ഠാനങ്ങളോ ആചാരങ്ങളോ അല്ല പ്രത്യുത ദൈവരാജ്യത്തിന്റെ അനുഭവം ഈ ലോകത്തിൽ തന്നെ അനുഭവിക്കുകയും അത് മറ്റുള്ളവർക്കും അനുഭവവേദ്യമാക്കിക്കൊടുക്കുകയും ആണ് എന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം. അതിന് വിഘാതമാകുന്ന ഒന്നും ഒരു ക്രൈസ്തവവിശ്വാസിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ല.

ധാരാളം ഇടവകകളിൽ ഈ നിർദ്ദേശങ്ങളിൽ പറയുന്ന രീതിയിലാണ് തിരുനാളുകൾ നടത്തുന്നത് എന്നത് ആശാവഹമായ കാര്യമാണ്. അവരെ ഞാൻ അഭിനന്ദിക്കുന്നു. ബാക്കിയുള്ളവർക്കും അത് സാധിക്കും എന്നത് നിസ്സംശയമാണ്. അതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ഇടവകാംഗങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും ചെയ്യണം.

വിശുദ്ധരുടെ മരണദിനങ്ങളാണ് സാധാരണയായി അവരുടെ തിരുനാളുകളായി ആചരിക്കുന്നത്. കാരണം അന്നാണ് അവർ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചത്. അതിനവർക്ക് പിൻചെല്ലേണ്ടി വന്ന പാത എളുപ്പമുള്ളതായിരുന്നില്ല. പക്ഷേ ഇടുങ്ങിയ വഴിയിലൂടെ കടന്നു പോയെങ്കിൽ

മാത്രമേ സ്വർഗ്ഗീയമായ അനുഭവം നമുക്ക് ഉണ്ടാകുകയുള്ളു എന്ന വസ്തുത അവരുടെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. ആ ജീവിതങ്ങളെ നമ്മൾ സ്വീകരിക്കുകയും അവരെ അനുകരിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നതിന്റെ അടയാളമാണ് തിരുനാളാഘോഷങ്ങൾ. അതിനെ ദ്യോതിപ്പിക്കുന്നതാകട്ടെ നമ്മുടെ തിരുനാളാഘോഷങ്ങൾ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഒക്ടോബർ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 12/2013***
***Prot. No. 14168/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ആരാധനാക്രമ പുസ്തക സംബന്ധമായി ചില കാര്യങ്ങൾ 2012 ഡിസംബർ മാസത്തിലെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നല്ലോ. അതിന്റെ തുടർച്ചയായി മറ്റ് ചില കാര്യങ്ങൾകൂടി നിങ്ങളുടെ ശ്രദ്ധ യിൽ പെടുത്തുവാനാണ് ഈ സർക്കുലർ. ഇതിൽ പറയുന്ന കാര്യ ങ്ങൾ ബന്ധപ്പെട്ട എല്ലാവരും വളരെ പ്രാധാന്യത്തോടെ കരുതുകയും ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും നടപ്പാക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങ ളുടെ സഹകരണത്തിന് മുൻകൂട്ടി നന്ദി പറയുന്നു.

വിശുദ്ധ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പുസ്തകങ്ങളെപ്പറ്റി യാണ് ഈ സർക്കുലറിൽ പ്രാധാനമായും പ്രതിപാദിക്കുന്നത്. പല സന്ദർഭങ്ങളിലായി പ്രസിദ്ധീകരിച്ച കുർബാന പുസ്തകങ്ങളാണല്ലോ നമ്മൾ ഇപ്പോൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത്. ആരാധനക്രമ വത്സ രമനുസരിച്ച് ഓരോ കാലത്തും മാറിവരുന്ന പ്രാർത്ഥനകൾ ഉൾക്കൊ ള്ളുന്ന തക്സാ (കാർമ്മികൻ ഉപയോഗിക്കുന്ന കുർബാനപുസ്തകം) 2013 ജനുവരി 1 മുതൽ നമ്മുടെ രൂപതയിൽ എല്ലായിടത്തും ഉപയോഗി ക്കാൻ തുടങ്ങണം എന്ന് കഴിഞ്ഞ സർക്കുലറിൽ പറഞ്ഞിരുന്ന കാര്യം ഒരിക്കൽകൂടി ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു. ഇനിയും ആ തക്സ വാങ്ങാത്തിടത്ത് അത് എത്രയും വേഗം വാങ്ങണം. അതുപോലെ തന്നെ കാലത്തിനനുസരിച്ച് മാറിവരുന്ന പ്രാർത്ഥനകളും ഗീതങ്ങളും ഉപയോ ഗിക്കാനും ശ്രദ്ധിക്കണം. അതിലേയ്ക്ക് ബഹുമാനപ്പെട്ട ഇടവക വൈദി കരുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം എന്ന് അഭ്യർത്ഥി ക്കുന്നു.

ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുകുർബാനപുസ്തകം നമ്മുടെ രൂപതയിലെ രീതിയ്ക്കനുസരിച്ചുള്ള നിർദ്ദേശങ്ങളോടെ പ്രസി ദ്ധീകരിച്ചിട്ടുണ്ട്. അത് എല്ലാവരും വാങ്ങുന്നുണ്ടെന്നും വിശുദ്ധ കുർബാ

നയിൽ ഉപയോഗിക്കുന്നുണ്ടെന്നും ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തണം. ആവശ്യമായ വിശദീകരണങ്ങളോടെയും നിർദ്ദേശങ്ങളോടെയും ആണ് അത് തയ്യാറാക്കിയിരിക്കുന്നത്. എല്ലാ ഇടവകകളിലും വിശുദ്ധ കുർബാനയർപ്പണം ഏകീകരിക്കാൻ അത് സഹായിക്കും. മാത്രമല്ല, വിശുദ്ധകുർബാനയുടെ വിവിധ ഭാഗങ്ങളെപ്പറ്റിയുള്ള ലഘുവിശദീകരണങ്ങളും അതിൽ കൊടുത്തിരിക്കുന്നതുകൊണ്ട് വിശുദ്ധ കുർബാനയിൽ കൂടുതൽ സജീവഭാഗഭാഗിത്വം ഉണ്ടാകും എന്നതും നിശ്ചയമാണ്. ശ്രേഷ്ഠമെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്നും ജനങ്ങളുടെ ഉപയോഗത്തിനുള്ള ചെറുകുർബാനപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവ ഉപയോഗിക്കുന്നതിന് തടസ്സമില്ല. എന്നാൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ നമ്മുടെ രൂപതയിൽ നിന്ന് പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകം വാങ്ങുന്നതാകും ഉചിതം.

നിങ്ങൾക്കറിയാവുന്നതുപോലെ എല്ലാ റീത്തിലും വിശുദ്ധ കുർബാനയിൽ ഒന്നിലധികം അനാഫറകൾ നിലവിലുണ്ട്. (വിശ്വാസ പ്രമാണത്തിന് ശേഷമുള്ള ഭാഗം മുതൽ റൂഹാക്ഷണ പ്രാർത്ഥന ഉൾപ്പെടെയുള്ള ഭാഗത്തെയാണ് അനാഫറ എന്ന് വിളിയ്ക്കുന്നത്). നമ്മുടെ കുർബാനയിൽ ഇപ്പോൾ ഒരു അനാഫറ മാത്രമേ ഉള്ളൂ. മാർ അദ്ദായിയുടേയും മാർ മാറിയുടേയും അനാഫറ എന്നാണത് അറിയപ്പെടുന്നത്. മറ്റുള്ള അനാഫറകൾ ഇതുവരെ സുറിയാനിയിൽ നിന്ന് തർജ്ജിമ ചെയ്തിട്ടില്ലായിരുന്നു. ആ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. അതിൽ ആദ്യത്തേതായി മാർ തെയദോറിന്റെ പേരിലുള്ള അനാഫറ ഇപ്പോൾ ഉപയോഗത്തിനായി തയ്യാറായിട്ടുണ്ട്. അതിന്റെ തക്സായും ചെറുപുസ്തകവും നമ്മുടെ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. അതും ഇടയ്ക്കിടെ ഉപയോഗിക്കാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുന്നതിന് മുമ്പായി വിശ്വാസികളെ, പ്രത്യേകിച്ച് കുട്ടികളേ, അതിലെ പ്രാർത്ഥനകൾ പരിചയപ്പെടുത്തുകയും വിശുദ്ധ കുർബാനയിൽ അനാഫറയ്ക്കുള്ള സ്ഥാനവും പ്രാധാന്യവും അവയുടെ ചരിത്രവും എല്ലാം പഠിപ്പിച്ച് കൊടുക്കുകയും വേണം.

വിശുദ്ധ കുർബാനയിലെ വായനകൾക്കുള്ള പ്രത്യേക പുസ്തകമാണ് ഇനിയും പരിചയപ്പെടുത്താനുള്ളത്. ഓരോ ദിവസത്തേയ്ക്കുമുള്ള വായനകളുടെ ലിസ്റ്റും വായനകൾക്കായി പ്രത്യേകം തയ്യാറാക്കിയ വിശുദ്ധഗ്രന്ഥങ്ങളുമാണ് ഇപ്പോൾ നമുക്കുള്ളത്. എന്നാൽ സഭ


യിലെ പൊതുവായ രീതി അതല്ല. പ്രത്യുത, ഓരോ ദിവസത്തേയ്ക്കുമുള്ള വായനാഭാഗങ്ങൾ പ്രത്യേകമായി അടയാളപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളാണ് (Lectionary) വായനകൾക്ക് ഉപയോഗിക്കുന്നത്. ഇതും നമ്മുടെ സഭയിൽ ഇതുവരെ തയ്യാറാക്കപ്പെട്ടിരുന്നില്ല. അവയും ഉപയോഗത്തിനായി 2014 ജനുവരിയോടെ തയ്യാറാകും. പുതിയ വർഷം മുതൽ അവ നമ്മുടെ രൂപതയിൽ എല്ലായിടത്തും ഉപയോഗിക്കാൻ തുടങ്ങണം. ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതോടെ വായനകളുടെ ലിസ്റ്റ് അടങ്ങുന്ന ഷീറ്റ് പ്രസിദ്ധീകരിക്കുന്നതല്ല എന്നാണ് സഭാകേന്ദ്രത്തിൽ നിന്ന് അറിയിച്ചിരിക്കുന്നത്.

മരണവീട്ടിലും മറ്റും പ്രാർത്ഥിക്കാൻ പോകുന്ന അവൈദികരായ സഹോദരങ്ങളുടെ ഉപയോഗത്തിനായും ഒരു ചെറു പ്രാർത്ഥനാ പുസ്തകം നമ്മുടെ രൂപതയിൽ നിന്ന് തയ്യാറാക്കിയിട്ടുണ്ട്. ഒപ്പീസ് വൈദികർ ചൊല്ലുന്നതായതിനാൽ അവൈദികർക്കായി ഒരു പ്രാർത്ഥന ഉണ്ടാകണം എന്ന് സീറോ മലബാർ മെത്രാൻ സിനഡിൽ നിന്ന് നിർദ്ദേശമുണ്ടായിരുന്നു. അത് പൊതുവായി തയ്യാറാക്കുന്നതിന് പകരം ഓരോ രൂപതയ്ക്കും അതിനുള്ള സ്വാതന്ത്ര്യം കൊടുക്കുകയാണ് ചെയ്തത്. അതിൻ പ്രകാരമാണ് നമ്മൾ ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഇനിമുതൽ വൈദികരല്ലാത്തവർ ഈ പുസ്തകമാണ് ഉപയോഗിക്കേണ്ടത്. എന്നാൽ ഒപ്പീസിലേയും മൃതസംസ്കാര ശുശ്രൂഷയിലേയും മറ്റും ഗീതങ്ങൾ ഉചിതമെന്ന് തോന്നുന്ന സന്ദർഭങ്ങളിൽ പ്രാർത്ഥനാപരമായി പാടുന്നതിൽ ഈ പുസ്തകം തടസ്സമല്ല.

നമ്മുടെ ആദ്ധ്യാത്മികത കേവലം എഴുതപ്പെട്ട ദൈവവചനത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല എന്ന് എടുത്ത് പറയേണ്ട വസ്തുതയാണ്. വിശുദ്ധ ഗ്രന്ഥത്തിൽ എഴുതപ്പെടാത്ത ഒരുപാട് കാര്യങ്ങൾ നമ്മുടെ കർത്താവിൽ നിന്ന് തന്നെ വിശുദ്ധ ശ്ലീഹന്മാരിലൂടെ പാരമ്പര്യത്തിന്റെ രൂപത്തിൽ നമുക്ക് കൈമാറിക്കിട്ടിയിട്ടുണ്ട്. അങ്ങനെ കൈമാറിക്കിട്ടിയവ കൂടുതലായും നമ്മുടെ ആരാധനക്രമത്തിൽ, പ്രത്യേകിച്ച്, വിശുദ്ധ കുർബാനയിൽ, ആണ് നമ്മൾ കണ്ടെത്തുന്നത്. നമ്മുടെ വിശ്വാസം എന്തെന്ന് തിരിച്ചറിയുന്നതും രക്ഷാകരകൃത്യത്തിന്റെ ഫലങ്ങൾ നമ്മൾ അനുഭവിക്കുന്നതും ആരാധനയുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെയാണ്. അതിൽ തന്നെ വിശുദ്ധ കുർബാന പ്രഥമസ്ഥാനത്ത് നിൽക്കുന്നു. അതുകൊണ്ട് വിശുദ്ധ കുർബാന വിശുദ്ധിയോടെയും

ഭക്തിയോടെയും സജീവമായും അർപ്പിക്കപ്പെടുകയും എല്ലാവരും അതിൽ പങ്കെടുക്കുകയും ചെയ്യണം. അതിന് നമ്മെ പ്രാപ്തരാക്കുന്ന ഗ്രന്ഥങ്ങളാണ് മുകളിൽ പരിചയപ്പെടുത്തിയത്. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 ഒക്ടോബർ മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 13/2013***
***Prot. No. 14242/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

2012 ഒക്ടോബർ 11-ന് തുടങ്ങിയ വിശ്വാസവർഷം 2013 നവംബർ 24-ന് അവസാനിക്കുകയാണല്ലോ. *നിന്റെ സഹോദരന്മാരെ വിശ്വാസത്തിൽ സ്ഥിരീകരിക്കുക* (ലൂക്ക 22:32) എന്ന് പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ശിഷ്യപ്രമുഖനായ പത്രോസിന് കൊടുത്ത ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടാണ് പരിശുദ്ധ പിതാവ് ബനഡിക്ട് മാർപ്പാപ്പ വിശ്വാസവർഷം പ്രഖ്യാപിച്ചത് എന്ന് ഇപ്പോഴത്തെ പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ *വിശ്വാസവെളിച്ചം* എന്ന തന്റെ പ്രഥമ ചാക്രിക ലേഖനത്തിൽ പറയുന്നുണ്ട് (നമ്പർ 5). ക്രിസ്തുവിലുള്ള ഈ വിശ്വാസം ഒരു വെളിച്ചമാണെന്നും മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളേയും പ്രകാശിപ്പിക്കാൻ കഴിവുള്ള ഏകവെളിച്ചം വിശ്വാസവെളിച്ചമാണെന്നും അദ്ദേഹം തുടർന്ന് പറയുന്നു. അതുകൊണ്ട് തന്നെ എല്ലാ ക്രിസ്തുശിഷ്യരും ഈ വിശ്വാസത്തിന്റെ ഉള്ളടക്കം വ്യക്തമായി മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. അതിനായിട്ടായിരുന്നു വിശ്വാസവർഷം പ്രഖ്യാപിക്കപ്പെട്ടത്.

വിശ്വാസവർഷാചരണത്തിന്റ പ്രാധാന്യം വ്യക്തമാക്കുന്നതിന് വിശ്വാസത്തിന്റെ വാതിൽ (Porta Fidei) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനവും ബനഡിക്ട് മാർപ്പാപ്പ പ്രസിദ്ധീകരിച്ചിരുന്നു. ഈ ലേഖനത്തിൽ ആവശ്യപ്പെട്ടിരുന്നതനുസരിച്ച് രൂപതാ തലത്തിലും ഇടവക തലത്തിലും മറ്റും ചെയ്യേണ്ട പ്രായോഗിക കാര്യങ്ങൾ റോമിലെ വിശ്വാസകാര്യങ്ങൾക്ക് വേണ്ടിയുള്ള കാര്യാലയം തയ്യാറാക്കി തന്നിരുന്നതും ഇക്കാര്യത്തിൽ കേരള കത്തോലിയ്ക്കാ മെത്രാൻ സമിതിയുടെ നിർദ്ദേശങ്ങളും ഒരുമിച്ച് 2012 ഓഗസ്റ്റ് മാസത്തെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരുന്നു. അവയനുസരിച്ച് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും കുടുംബങ്ങളിലും സമർപ്പിതരുടെ ഭവനങ്ങളിലും സ്ഥാപനങ്ങളിലും ചെയ്തു കാണും എന്ന് ഞാൻ വിശ്വസിക്കുകയാണ്.

സഭയുടെ നവീകരണത്തിൽ നിർണ്ണായകപങ്ക് വഹിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു കൂട്ടിയതിന്റെ അൻപതാം വർഷവും, *കത്തോലിയ്ക്കാസഭയുടെ മതബോധനഗ്രന്ഥം* പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികവും, ഇനി റോമിൽ നടക്കാൻ പോകുന്ന ആഗോള കത്തോലിയ്ക്കാമെത്രാൻ സിനഡും പ്രമാണിച്ചാണ് വിശ്വാസവർഷം പ്രഖ്യാപിക്കപ്പെട്ടത്. അതുകൊണ്ട് തന്നെ ഇവയുമായി ബന്ധപ്പെട്ട രേഖകൾ നമ്മൾ ശ്രദ്ധാപൂർവ്വം പഠിക്കുകയും സ്വാംശീകരിക്കുകയും ചെയ്യണമെന്നും 2012 സെപ്റ്റംബർ മാസത്തെ ബുള്ളറ്റിനിൽ ഞാൻ എഴുതിയിരുന്നു. നമ്മുടെ വിശ്വാസം വളരെ കൃത്യമായും അടുക്കും ചിട്ടയോടെയും വിവരിച്ചിട്ടുള്ള *കത്തോലിയ്ക്കാ സഭയുടെ മതബോധന ഗ്രന്ഥവും യുവജന മതബോധന ഗ്രന്ഥവും* നമ്മൾ നന്നായി പഠിക്കണം എന്നും ഞാൻ സൂചിപ്പിച്ചിരുന്നു. ഈ പുസ്തകങ്ങൾ നമ്മുടെ ഇടവക കളിൽ പ്രചരിപ്പിക്കാൻ കെ.സി.വൈ.എം., വിൻസെന്റ് ഡി പോൾ സംഘടന തുടങ്ങിയവർ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കാനും അവർക്ക് നന്ദി പറയാനും ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. ഇനിയും അവ കരസ്ഥമാക്കാനുള്ളവർ എത്രയും വേഗം വാങ്ങണമെന്നും വായി ക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു.

വിശ്വാസ വർഷാചരണത്തിന്റെ ഭാഗമായി ഇടവകകളിൽ ക്ലാസു കൾക്കായി പോയ രൂപതാ സമിതിയംഗങ്ങൾ നിരന്തരം അഭിമുഖീക രിച്ച ഒരു ചോദ്യമുണ്ട്. അതിതാണ്: *എന്തുകൊണ്ട് സഭയുടെ നിലപാടു കൾ ഇങ്ങനെയൊക്കെയാണെന്ന് ഞങ്ങൾക്ക് നേരത്തെ തന്നെ പറഞ്ഞു തന്നില്ല? അങ്ങനെ പറഞ്ഞു തന്നിരുന്നെങ്കിൽ ഞങ്ങൾ തെറ്റിൽ വീഴു കയില്ലായിരുന്നു.* നമ്മുടെ വിശ്വാസപരിശീലനക്ലാസുകളും സുവിശേ ഷപ്രഘോഷണങ്ങളും വിശ്വാസം, ധാർമ്മികത തുടങ്ങിയ കാര്യങ്ങളിൽ സഭയുടെ നിലപാടുകൾ വിശദീകരിക്കപ്പെടുന്ന വേദികൾ കൂടിയാ കണം. അതിന് ചുമതലപ്പെട്ടവർ, പ്രത്യേകിച്ച് വൈദികർ, സമർപ്പിതർ, മതബോധനാധ്യാപകർ, സംഘടനാനേതാക്കൾ, മാതാപിതാക്കൾ തുടങ്ങിയവർ, അതീവ ശ്രദ്ധയോടെ സഭാ നിലപാടുകൾ മനസ്സിലാ ക്കുകയും അവ തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നവരെ പഠിപ്പിക്കു കയും ചെയ്യണം. വിശ്വാസവർഷം സമാപിച്ചാലും തുടരേണ്ട ഒരു പ്രക്രി യയാണിത് എന്ന് പറയേണ്ടതില്ലല്ലോ. എന്താണ് വിശ്വാസത്തിന്റെ ഉള്ള ടക്കം എന്ന് അറിയാതെ വരുമ്പോളാണ് പഴയ നിയമത്തിൽ അഹറോൻ

ചെയ്തതുപോലെ ജനങ്ങൾക്ക് ആരാധിക്കാൻ പല തരത്തിലുള്ള കാളക്കുട്ടികളെ നേതൃത്വത്തിലുള്ളവർ സൃഷ്ടിക്കുന്നത് എന്നതും നമ്മളെ ചിന്തിപ്പിക്കേണ്ട വസ്തുതയാണ്.

നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം എന്താണെന്ന് മനസ്സിലാക്കാനുള്ള സവിശേഷ സന്ദർഭം കൂടിയാണ് വിശ്വാസവർഷാചരണം എന്ന് സൂചിപ്പിച്ചല്ലോ. മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും ആ സൃഷ്ടി പാപം ചെയ്ത സൃഷ്ടാവിൽ നിന്ന് അകന്നപ്പോൾ പരിശുദ്ധ ത്വിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ച് പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത് നമ്മുടെ പാപങ്ങൾക്ക് വേണ്ടി പരിഹാരം ചെയ്യുകയും അങ്ങനെ പാപപ്പരിഹാരത്തിനുള്ള മാർഗ്ഗം നമുക്ക് കാണിച്ചു തരുകയും ചെയ്തു എന്നുമാണ് നമ്മൾ വിശ്വസിക്കുന്നത്. അവിടുത്തെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവർക്ക് അവിടുന്ന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. ആ മാർഗ്ഗം നമുക്ക് നിരന്തരം പകർന്ന് കിട്ടുന്നത് സഭയിലൂടെയാണ്. ഈ സഭയാകട്ടെ അവിടുത്തെ പിൻചെല്ലുന്നവരുടെ കൂട്ടായ്മയാണ്. ആ കൂട്ടായ്മയുടെ ശിരസ്സ് ക്രിസ്തു തന്നെയാണ്. സഭയിലൂടെയുള്ള ജീവിതമാണ് നിത്യജീവനുള്ള സുനിശ്ചിതമാർഗ്ഗം. ഇതിന്റെയെല്ലാം താത്വികവും പ്രായോഗികവുമായ വിശദീകരണങ്ങളാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ രേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും മറ്റും തരുന്നത്.

ബൈബിൾ മാത്രമാണ് വിശ്വാസത്തിന്റെ അടിസ്ഥാനമെന്നും, നമ്മുടെ വ്യക്തിപരമായ അനുഭവമാണ് വിശ്വാസത്തിന്റെ ആധികാരികത നിശ്ചയിക്കുന്നതെന്നും മറ്റുമുള്ള വാദഗതികൾ ഉന്നയിച്ച് പലരും നമ്മെ വഴിതെറ്റിക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിശ്വാസത്തെപ്പറ്റിയുള്ള വ്യക്തമായ അറിവ് അത്യന്താപേഷിതമാണ് എന്ന് ഞാൻ മേലുദ്ധരിച്ച സർക്കുലറിൽ എഴുതിയിരുന്നത് ഒരിക്കൽകൂടി ആവർത്തിക്കട്ടെ. വിശുദ്ധ ഗ്രന്ഥം തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചും നമ്മളെ വഴിതെറ്റിച്ചെന്ന് വരാം. ഇതിനെതിരെയെല്ലാം നാം ജാഗരൂകരാകണം. നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എഴുതപ്പെട്ട ദൈവവചനത്തിന്മേലും എഴുതപ്പെടാത്ത ദൈവവചനമായ പാരമ്പര്യത്തിന്മേലുമാണ്. നമ്മുടെ കർത്താവ് ചെയ്ത മറ്റ് പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊ

ള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത്. എന്നാണല്ലോ യോഹന്നാൻ ശ്ലീഹാ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നത് (യോഹ. 21:25). അതെല്ലാം കാണുകയും സ്വന്തം കണ്ണുകൾകൊണ്ട് അവിടുത്തെ ദർശിക്കുകയും ചെയ്ത ശ്ലീഹന്മാരുടേയും അവരുടെ പിൻഗാമികളുടേയും എല്ലാ നിർദ്ദേശങ്ങൾക്കനുസാരമാണ് സഭയിലെ ജീവിതവും ആചാരങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടിട്ടുള്ളത്. അതിനെയാണ് പാരമ്പര്യം എന്ന് നാം വിളിക്കുന്നത്. എന്തിനേറെ, വിശുദ്ധഗ്രന്ഥത്തിൽ ഏതെല്ലാം പുസ്തകങ്ങളാണ് ദൈവനിവേശിതം എന്ന് പ്രഖ്യാപിച്ചതും സഭയിലാണല്ലോ.

ഇടവകാതലത്തിലും വാർഡ്തലത്തിലും സന്യാസഭവനങ്ങളിലും വിശ്വാസവർഷാചരണ സമാപനം ഇതിനകം നിങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ടെന്ന് കരുതുന്നു. വിശ്വാസവർഷം സമാപിച്ചാലും ഈ വർഷത്തിൽ നമ്മൾ ചെയ്ത കാര്യങ്ങൾ തുടർന്നും ചെയ്യാനായി നമ്മെ സഹായിക്കുന്ന ഏതാനും കാര്യങ്ങൾ താഴെക്കൊടുക്കുന്നു. അവ ഈ സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരം വിശ്വാസവർഷാചരണം സമാപിക്കുന്ന നവംബർ 24-ന് ഞായറാഴ്ച ചെയ്യണമെന്ന് ഏവരേയും ഓർമ്മപ്പെടുത്തട്ടെ. പ്രധാനമായി തുടർന്നും കുടുംബങ്ങളിലും സമർപ്പിതഭവനങ്ങളിലും ഇടവകയിലും സ്ഥിരമായി ചെയ്യേണ്ട കാര്യങ്ങൾ കണ്ടെത്തി അവ തീരുമാനങ്ങളാക്കി വിശ്വാസവർഷാചരണ സമാപനദിവസം കുർബാനമദ്ധ്യേയുള്ള കാഴ്ചവയ്പ് സമയത്ത് സമർപ്പിക്കുക എന്നതാണ് നാം ചെയ്യേണ്ടത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടേയും അസേന്തിയച്ചന്മാരുടേയും സമർപ്പിതസമൂഹാധികാരികളുടേയും കുടുംബനാഥന്മാരുടേയും നാഥമാരുടേയും ആത്മാർത്ഥമായ സഹകരണം ഞാൻ പ്രതീക്ഷിക്കുന്നു. കുടുംബങ്ങളിൽ ചെയ്യേണ്ട കാര്യങ്ങൾ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. സമർപ്പിതഭവനങ്ങളിലും ഇതേ രീതിയാണ് സ്വീകരിക്കേണ്ടത്. ഇടവകയിൽ ചെയ്യേണ്ട കാര്യങ്ങൾ പൊതുയോഗത്തിൽ അഥവാ പ്രതിനിധിയോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതാകണം. അങ്ങനെ ഒരുമിച്ചെടുക്കുന്ന തീരുമാനങ്ങൾക്കല്ലേ സ്വീകാര്യത ഉണ്ടാവുകയുള്ളൂ.

### ഇടവകാ തലത്തിൽ എടുക്കാവുന്ന തീരുമാനങ്ങൾ

- വിശ്വാസ ജീവിതവളർച്ച ലക്ഷ്യമാക്കി വാർഡുതല പ്രവർത്തനങ്ങൾ

കാര്യക്ഷമമാക്കും. (വിശ്വാസ സത്യങ്ങളെപ്പറ്റിയുള്ള പഠനങ്ങൾ, ക്ലാസുകൾ, ബൈബിൾ ചോദ്യോത്തരവേദി)

- ഏതെങ്കിലും കാരണത്താൽ വിശ്വാസ കൗദാശിക ജീവിതത്തിൽ നിന്നും ഇടവക ബന്ധത്തിൽ നിന്നും അകന്നിരിക്കുന്നവരേയും, ഇടവകയിലെ വിശ്വാസസമൂഹവുമായി ബന്ധിപ്പിക്കുവാൻ ശ്രമിക്കും.
- ദരിദ്രരെ അവഗണിച്ചുകൊണ്ടുള്ള ഒരു ആഘോഷ പരിപാടിയും ഇടവകയിൽ സംഘടിപ്പിക്കുകയില്ല.
- ഇടവകയിൽ വീടില്ലാത്തവരും സാമ്പത്തികപരാധീനത മൂലം വിവാഹം കഴിക്കാത്തവരും സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളും ഇല്ല എന്ന് ഉറപ്പു വരുത്തും.
- ഇടവകയിലെ ആഘോഷങ്ങളിലെ ആർഭാടവും ധൂർത്തും ഒഴിവാക്കി ജീവകാരുണ്യ മേഖലയിൽ ക്രിയാത്മകമായ ഒരു പ്രവർത്തനം നടത്തുവാൻ ശ്രദ്ധിക്കും. ഇടവകയിൽ ജീവകാരുണ്യനിധി ഇല്ലെങ്കിൽ ഉടൻ അത് ഏർപ്പെടുത്തും.
- ഇടവകയുടെ സാമൂഹിക സാംസ്കാരിക ജീവകാരുണ്യ വികസന പ്രവർത്തനങ്ങൾ, ആത്മീയ ആരാധനാക്രമ അജപാലന പ്രവർത്തനങ്ങൾ, വിശ്വാസപരിശീലനം, സംഘടനാ പ്രവർത്തനങ്ങൾ, യുവജന അജപാലനം തുടങ്ങിയവ എല്ലാം സുഗമമായി നടത്തുന്നതിന് ഇടവക പാരീഷ് കൗൺസിൽ സജീവവും സൃഷ്ടിപരവുമായി പങ്കുവഹിക്കും.

**കുടുംബത്തിൽ എടുക്കാവുന്ന തീരുമാനങ്ങൾ**

- കുടുംബപ്രാർത്ഥനയിൽ കുടുംബങ്ങളുടെ പങ്കാളിത്തവും സമയനിഷ്ഠയും പാലിക്കും.
- അയൽക്കാരുമായി ക്രൈസ്തവോചിതമായ ബന്ധം പരിപോഷിപ്പിക്കും.
- കുടുംബങ്ങളിലെ ആഘോഷങ്ങളിലെ ധൂർത്ത് ഒഴിവാക്കും.
- കൗദാശിക ജീവിതവും ഇടവകാപ്രവർത്തനത്തിലുള്ള പങ്കാളിത്തവും പരിപോഷിപ്പിക്കും. (ഉദാ: കുടുംബാംഗങ്ങളെല്ലാവരും വർഷത്തിൽ ഒരു തവണയെങ്കിലും ഒന്നിച്ച് പോയി കുമ്പസാരം എന്ന കൂദാശ സ്വീകരിക്കും. ഒരുമിച്ച് ഒരു ചെറിയ തീർത്ഥാടനം.)

- ദരിദ്രരേയും പാവപ്പെട്ടവരേയും സഹായിക്കാൻ ഒരു നിശ്ചിത തുക മാറ്റിവെക്കും.
- കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം പരിപോഷിപ്പിക്കും. (ഉദാ: വർഷത്തിലൊരിക്കലെങ്കിലും കുടുംബാംഗങ്ങൾ [വിവാഹം ചെയ്തയച്ചവരും അവരുടെ മക്കളും...] ഒരുമിച്ചുകൂടുകയും സാഹോദര്യം പരിപോഷിപ്പിക്കുകയും ചെയ്യും.)
- മദ്യം, മയക്കുമരുന്ന്, പുകവലി, മുറുക്ക് തുടങ്ങിയ ദുശീലങ്ങൾ ഉപേക്ഷിക്കും.
- കുടുംബാംഗങ്ങൾ എല്ലാവരും ബൈബിൾ മുഴുവനായും ഒരു തവണയെങ്കിലും വായിക്കും.
- വൈദികരും സന്യസ്തരുമായുള്ള സ്നേഹബന്ധം നിലനിർത്തുകയും വളർത്തുകയും ചെയ്യും. (പ്രത്യേകിച്ചും കൂദാശാ ജീവിതത്തിൽ പ്രത്യേകമാംവിധം സഹായിച്ചവർ ഉദാ: മാമ്മോദീസ മുക്കിയവർ, വിവാഹം ആശീർവദിച്ചവർ, സ്കൂളിൽ പഠിപ്പിച്ചവർ)

മേൽപ്പറഞ്ഞവ കേവലം ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. അവരവരുടെ സാഹചര്യമനുസരിച്ച് മറ്റുള്ളവയും കൂട്ടിച്ചേർക്കാവുന്നതാണ്. ഇടവകയിലുള്ള സ്ഥാപനങ്ങളും സമർപ്പിതഭവനങ്ങളും സംഘടനകളും എല്ലാം ഇതുപോലെ തീരുമാനങ്ങൾ എടുത്ത് സമർപ്പിക്കുന്നത് നല്ലതാണ്. തങ്ങളുടെ പ്രവർത്തനങ്ങളിൽ എന്നും അത് ഒരു ഓർമ്മപ്പെടുത്തലായി നിലകൊള്ളും.

വി.കുർബാനയുടെ ഇടയിലുള്ള പ്രസംഗത്തിനുശേഷം വികാരിയച്ചന്റെ പക്കൽ കുടുംബനാഥന്മാർ അഥവാ നാഥമാർ ഓരോരുത്തരായി വന്ന് തങ്ങളുടെ കുടുംബത്തിന്റെ തീരുമാനങ്ങൾ എഴുതിയത് സമർപ്പിക്കുക. അതിനുശേഷം സ്ഥാപനങ്ങൾ, സംഘടനകൾ, സമർപ്പിതഭവനങ്ങൾ എന്നിവയുടെ നേതൃത്വത്തിലുള്ളവർ അവരുടെ തീരുമാനങ്ങൾ സമർപ്പിക്കുക. അവസാനമായി നടത്തുകൈക്കാരൻ ഇടവകയുടെ തീരുമാനങ്ങൾ സമർപ്പിക്കുക. തീരുമാനങ്ങൾ സമർപ്പിച്ചതിന് ശേഷം എല്ലാവരും കൂടി ഒരുമിച്ച് വിശ്വാസപ്രമാണം ചൊല്ലാവുന്നതാണ്. ഈ സമയം എല്ലാവരും കൈകൾ ഉയർത്തിപ്പിടിക്കുന്നതും ഉചിതമായിരിക്കും.

മേൽപ്പറഞ്ഞവയെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി തന്നെ പള്ളിയിൽ അറിയിക്കുകയും ഇടവകാംഗങ്ങളെ ഒരുക്കുകയും അവയോട് സഹകരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും

ചെയ്യണം. അതുപോലെ, ഇങ്ങനെ ചെയ്യുന്നതിന്റെ പ്രസക്തിയും പ്രാധാന്യവും സാംഗത്യവും എല്ലാം അവരെ പറഞ്ഞ് മനസ്സിലാക്കേണ്ടതാണ്.

രൂപതാ വിശ്വാസപരിശീലന വിഭാഗത്തിനാണ് വിശ്വാസ വർഷാചരണത്തിന്റെ മേൽനോട്ടം ഏൽപ്പിച്ചിരുന്നത്. ഇത്തരുണത്തിൽ അതിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുകയും അവരുടെ പരിശ്രമങ്ങൾ കർത്താവ് ഫലവത്താക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമുക്ക് ദാനമായി ലഭിച്ച വിശ്വാസത്തിന് നന്ദി പറയാനും അതിൽ അടിയുറച്ച് നിൽക്കാനും അതിന് സജീവ സാക്ഷ്യം നൽകാനും വിശ്വാസവർഷാചരണം നമുക്ക് ഇടവരുത്തട്ടെ. വിശ്വാസത്തിന്റെ തുറക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഒക്ടോബർ മാസം 20-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2013 നവംബർ മാസം 3-ാം തീയതി ഞായറാഴ്ചയോ അന്ന് സാധിക്കാത്തവർ 10-ാം തീയതി ഞായറാഴ്ചയോ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 14/2013*
*Prot. No. 14298/2013*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഗുജറാത്തിലെ തപ്തി മുതൽ തമിഴ്നാട്ടിലെ കന്യാകുമാരിവരെ നീണ്ടു കിടക്കുന്ന ഇന്ത്യയുടെ പശ്ചിമഘട്ടം മുഴുവൻ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യുനെസ്കോയുടെ ലോക പൈതൃകപട്ടികയിൽപെടുത്തി അവിടുത്തെ പരിസ്ഥിതി സംരക്ഷണത്തിനായി പ്രത്യേക നിയമങ്ങളും നിയന്ത്രണങ്ങളും നമ്മുടെ സർക്കാരുകൾ കൊണ്ടുവന്നു കൊണ്ടിരിക്കുകയാണല്ലോ. നമ്മുടെ രൂപതയുടെ ഉള്ളിൽ വരുന്ന മലപ്പുറം, കണ്ണൂർ, വയനാട് എന്നീ ജില്ലകളിൽപെട്ട പതിനെട്ടോളം വില്ലേജുകൾ ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രദേശങ്ങൾ സംരക്ഷിക്കാൻ നടപ്പാക്കേണ്ട നിയമങ്ങളും നിയന്ത്രണങ്ങളും എവിടെയെല്ലാം, എന്തെല്ലാം, എപ്രകാരമെല്ലാം ആയിരിക്കണം എന്ന് അതിനായി സർക്കാർ നിയമിച്ച പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള സമിതി തയ്യാറാക്കിയ റിപ്പോർട്ടിൽ കാണാം. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവാദമായപ്പോൾ, ആ നിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി നടപ്പാക്കണം എന്ന് പഠിക്കാനായി മുൻ ഐ.എസ്.ആർ.ഒ. ഡയറക്ടർ ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഒരു സമിതിയെ കേന്ദ്ര സർക്കാർ നിയമിക്കുകയും ആ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിലെ നിർദ്ദേശങ്ങളും ഇപ്പോൾ വിവാദമായിരിക്കുകയാണ്. ഈ രണ്ട് റിപ്പോർട്ടുകളിലും ഉള്ള പല നിർദ്ദേശങ്ങളും നടപ്പാക്കിയാൽ അവ നടപ്പാക്കപ്പെടുന്ന സ്ഥലങ്ങളിലെ ജനജീവിതം ദുസ്സഹമാകും എന്നതാണ് അവ വിവാദമാകാൻ കാരണം. പലരും ധരിച്ചിരിക്കുന്നതുപോലെ ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് പ്രാബല്യമില്ലാതായിട്ടുമില്ല. കാരണം അതാണ് കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നത്.

ഈ റിപ്പോർട്ടുകളെ പറ്റി അവ നടപ്പാക്കപ്പെടുന്ന ജനങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ച് കേരളസർക്കാരിന് കൊടുക്കാനായി പൊതു

ജനാഭിപ്രായപ്രകാരം ഒരു കമ്മീഷനെ കേരളസർക്കാരും നിയമിച്ചിട്ടുണ്ട്. ഈ കമ്മീഷനും പലസ്ഥലത്തും സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ അഭിപ്രായം കിട്ടി ആവശ്യമായ മാറ്റങ്ങളോടെമാത്രമെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുകയുള്ളൂ എന്ന ഉറപ്പ് കേന്ദ്ര കേരള ഭരണാധികാരികൾ ജനങ്ങൾക്ക് കൊടുക്കുകയും ചെയ്തു.

എന്നാൽ ഇപ്രകാരം ഉറപ്പുകൾ നിലനിൽക്കെതന്നെ ലോകപൈതൃകപ്രദേശമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിലെ, പ്രത്യേകിച്ച്, കേരളത്തിലെ നിവാസികളെ ആശങ്കയിലാഴ്ത്തിക്കൊണ്ട് കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാൻ കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം നവംബർ 13-ന് ഒരു ഓഫീസ് മെമ്മോയും ആ മെമ്മോ റദ്ദ് ചെയ്ത് കൂടുതൽ വ്യക്തമായ നിബന്ധനകളോടെ നവംബർ 16-ന് ഒരു പ്രാഥമിക വിജ്ഞാപനവും ഇറക്കിക്കഴിഞ്ഞു. ഈ വിജ്ഞാപനം പൂർണ്ണമല്ലെന്നും അന്തിമമല്ലെന്നും റിപ്പോർട്ടുകളിന്മേൽ ഇനിയും പൊതുജനങ്ങൾക്ക് അഭിപ്രായം പറയാൻ അവസരം ഉണ്ട് എന്നും ബന്ധപ്പെട്ടവർ പ്രസ്താവിക്കുമ്പോഴും നമ്മുടെ ആശങ്കകൾ മാറുന്നില്ല. കാരണം ആ പ്രസ്താവനകൾ കേവലം സാങ്കേതികം മാത്രമാണ് എന്നത് വ്യക്തമാണ്.

ലോക പൈതൃകപ്രദേശത്തെ പരിസ്ഥിതിലോല ഗ്രാമങ്ങളിൽ താമസിക്കുന്ന നമ്മുടെ ആശങ്കകൾ സർക്കാരിനേയും മറ്റ് ബന്ധപ്പെട്ടവരേയും അറിയിക്കാൻ നമ്മുടെ രൂപതയുടെ ചില ഫൊറോനകൾ കേന്ദ്രീകരിച്ച് പ്രാദേശിക പൊതുജനപ്രസ്ഥാനങ്ങൾ ഈയടുത്ത കാലത്തായി രൂപപ്പെട്ടിരുന്നു. അങ്ങനെ രൂപപ്പെട്ട പ്രസ്ഥാനങ്ങളിൽ ഏറ്റവും ശക്തമായത് ചുങ്കക്കുന്ന്-കൊട്ടിയൂർ പ്രദേശത്തായിരുന്നു. ഇതിൽ ആ പ്രദേശത്തെ സർവ്വരാഷ്ട്രീയ കക്ഷികളും ഒട്ടുമിക്ക മതസാമുദായിക സംഘടനകളും സഹകരിക്കുന്നു എന്നത് പ്രത്യേക പ്രസ്താവ്യമാണ്.

എന്നാൽ ഈ പ്രസ്ഥാനത്തെ നയിക്കുന്നവരുടെ അറിവോ സമ്മതമോ ഇല്ലാതെ ചുങ്കക്കുന്നിലും അതിന് ചുറ്റുപാടുമുള്ള പ്രദേശത്തെ ജനങ്ങൾ സ്വമേധയാ നടത്തിയ ഒരു പ്രക്ഷോഭത്തിൽ ചില നിക്ഷിപ്ത താത്പര്യക്കാർ നുഴഞ്ഞു കയറുകയും പോലീസിന്റേയും ഫോറസ്റ്റ് വകുപ്പിന്റേയും വാഹനങ്ങളും കെട്ടിടങ്ങളും നശിപ്പിക്കുകയും ഉദ്യോഗസ്ഥരെ ആക്രമിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പോലീസ് റെയ്ഡുകളും അറസ്റ്റുകളും മറ്റും നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സംഭവങ്ങളിൽ വേദനയനുഭവിക്കുന്ന എല്ലാവരോടും എനിക്കും

രൂപതയ്ക്ക് പൊതുവേയുമുള്ള ഐക്യദാർഢ്യം ഞാൻ ആവർത്തിച്ച് പ്രസ്താവിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതുപോലെ തന്നെ എത്രയും വേഗം കാര്യങ്ങൾ പൂർവ്വസ്ഥിതിയിലേയ്ക്ക് എത്താനും ആ പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും പുന: സ്ഥാപിക്കപ്പെടാനും നിങ്ങൾ യത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എനിക്ക് കഴിയുന്ന വിധത്തിലെല്ലാം പ്രശ്നപരിഹാരത്തിനായി ശ്രമിക്കുന്നുമുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട നമ്മുടെ രൂപതയുടെ നയം എന്തെന്ന് ഇതുവരെ വെളിപ്പെടുത്തിയില്ല എന്നും ഇക്കാര്യത്തിൽ രൂപതാ മെത്രാൻ നിശബ്ദത പാലിക്കുന്നു എന്നും ഈ നാട്ടിലെ ജനങ്ങളുടെ, പ്രത്യേകിച്ച് രൂപതാംഗങ്ങളുടെ, നന്മയിൽ രൂപതയ്ക്ക് ഒട്ടും താല്പര്യമില്ല എന്നാണ് അത് സൂചിപ്പിക്കുന്നത് എന്നും മറ്റുമുള്ള ആരോപണങ്ങൾ കേൾക്കാനിടയായി. അതുപോലെ തന്നെ മുമ്പ് രൂപതയുടെ സ്ഥാപനങ്ങൾ സംരക്ഷിക്കുന്ന കാര്യം വന്നപ്പോൾ രൂപതാനേതൃത്വം പെട്ടെന്ന് തന്നെ അക്കാര്യത്തിൽ ഇടപെട്ട് പ്രതിഷേധജാഥകളും മറ്റും സംഘടിപ്പിച്ചു എന്നും ജനങ്ങളുടെ കാര്യം വന്നപ്പോൾ അത്തരം ഒരു നടപടിയും സ്വീകരിക്കുന്നില്ല എന്നും ആരോപണങ്ങളുണ്ടായി. ഇതേപ്പറ്റിയും ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെപ്പറ്റിയും ചില വിശദീകരണങ്ങൾ തരാനും ഇക്കാര്യത്തിൽ മുന്നോട്ടുള്ള രൂപതയുടെ കർമ്മപരിപാടികൾ വിശദീകരിക്കാനുമാണ് ഈ സർക്കുലർ ഞാൻ എഴുതുന്നത്.

നവംബർ 5 മുതൽ 16 വരെ (പ്രായോഗികമായി 4 മുതൽ 17 വരെ) ഞാൻ വിദേശത്തായിരുന്നു എന്ന വസ്തുത പലർക്കും അറിവില്ലായിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. ആ കാലയളവിലാണ് മേൽപ്പറഞ്ഞ അക്രമസംഭവങ്ങളും അതേത്തുടർന്നുള്ള മറ്റ് കാര്യങ്ങളും സംഭവിച്ചത്. വിദേശത്തായിരിക്കുമ്പോൾ രൂപതയിൽ നടക്കുന്ന കാര്യങ്ങളെപ്പറ്റി പ്രതികരിക്കുന്നതിലും എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിലും എനിക്ക് പരിമിതികൾ ഉണ്ട് എന്ന് നിങ്ങൾക്കറിയാം. എങ്കിലും സാഹചര്യം അനുവദിക്കുന്ന തരത്തിൽ പറ്റുന്നത് ഞാൻ ചെയ്യുകയും ചെയ്തു. നാട്ടിൽ തിരിച്ചെത്തിയ ഉടനെ തന്നെ ബന്ധപ്പെട്ടവരുമായി ആലോചിച്ച് എനിക്ക് കഴിയുന്ന രീതിയിൽ വീണ്ടും ഞാനീ കാര്യത്തിൽ പലതും ചെയ്തിട്ടുണ്ട്. ഇപ്പോഴും ചെയ്യുന്നുമുണ്ട്.

ഇപ്പോൾ സംജാതമായിരിക്കുന്നതു പോലെയുള്ള സാഹചര്യങ്ങളിൽ ഏറെ ശ്രദ്ധയോടെയും വിവേകത്തോടെയും നിങ്ങേണ്ടതുണ്ട് എന്ന കാര്യം നേതൃത്വത്തിലുള്ളവർ പാലിക്കേണ്ട ഒരു പൊതു തത്വമാണ്. അതല്ലെങ്കിൽ നമ്മുടെ സമൂഹം മുഴുവനായും അപകടത്തിൽ ചെന്ന് പെട്ടെന്ന് വരാം. അപ്പോഴും കുറ്റം ഏൽക്കേണ്ടി വരിക നേതൃത്വം തന്നെയായിരിക്കും. അനുയായികളെ നേരായ മാർഗ്ഗത്തിലൂടെ നയിക്കേണ്ടവരും അവർക്ക് ശരിയായ മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടവരും അതിനവരെ പ്രേരിപ്പിക്കേണ്ടവരുമാണ് നേതൃത്വത്തിലുള്ളവർ എന്ന പരിഗണനകൾ വച്ചുകൊണ്ട് ഞാൻ സ്വീകരിച്ച നിലപാടിനെയാണ് നിശബ്ദത എന്ന് പലരും വിശേഷിപ്പിക്കുന്നത് എന്ന് ഞാൻ കരുതുന്നു.

എനിക്ക് ഈ വിഷയത്തിൽ യാതൊരു താത്പര്യക്കുറവും ഇല്ലെന്നും എന്റേയും നിങ്ങളുടേയും ഗുരുവായ യേശു ക്രിസ്തുവിന്റെ പ്രബോധനങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കഴിയുന്നതെല്ലാം ചെയ്യുന്നതാണെന്നും നിങ്ങൾക്ക് ഉറപ്പു തരുന്നു. ഇക്കാര്യത്തിൽ ആർക്കും സംശയം വേണ്ട. എനിക്ക് മറ്റ് നിക്ഷിപ്ത താത്പര്യങ്ങളുമില്ല. നിങ്ങൾക്ക് എന്റെ നേതൃത്വത്തിൽ വിശ്വാസമുണ്ടാകുക എന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. *അവരുടെ അവിശ്വാസം നിമിത്തം അവൻ അവിടെ അധികം അത്ഭുതങ്ങൾ ചെയ്തില്ല* (മത്താ. 13, 58) എന്ന തിരുവചനം ഇവിടെ പ്രത്യേകം സ്മർത്തവ്യമാണ്.

കടുവാസങ്കേതം, ലോകപൈതൃകപ്രദേശം, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്, കസ്തൂരിരംഗൻ റിപ്പോർട്ട് തുടങ്ങിയവയെപ്പറ്റി മുമ്പ് ഒന്നിലധികം വേദികളിൽ ഞാൻ പരസ്യമായി എന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. ഒരുപക്ഷേ നിങ്ങളിൽ പലരും അത് പത്രങ്ങളിൽ വായിക്കുകയോ ടെലിവിഷനിൽ കാണുകയോ ചെയ്തിട്ടില്ല എന്നതുകൊണ്ടാണ് ഇത്തരം അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കാൻ ഇടയാകുന്നത് എന്നെനിക്ക് തോന്നുന്നു. നിങ്ങൾ എല്ലാവരും ആരോപണങ്ങൾ ഉന്നയിച്ചു എന്ന് ഞാൻ അർത്ഥമാക്കുന്നില്ല. എങ്കിലും സമൂഹത്തിലെ ഉയർന്ന ശ്രേണിയിൽ നിൽക്കുന്നവരിൽ ചിലരെങ്കിലും അപ്രകാരം ചെയ്യുമ്പോൾ അത് താഴേത്തട്ടിലേയ്ക്ക് തെറ്റായ സന്ദേശം എത്തിക്കാൻ സാധ്യതയുണ്ട് എന്നത് വസ്തുതയാണല്ലോ.

ഏതെങ്കിലും വിഷയത്തിൽ ഒരാൾ നിശബ്ദനാകുമ്പോൾ ആ വിഷയത്തിൽ താത്പര്യമില്ല എന്ന് അർത്ഥമാക്കേണ്ടതില്ല. അങ്ങനെ

യെങ്കിൽ നമ്മുടെ പ്രാർത്ഥനകൾക്ക് മുമ്പിൽ നിശബ്ദനാകുന്ന ദൈവം നമ്മുടെ കാര്യത്തിൽ താത്പര്യമില്ലാത്തവൻ ആണ് എന്ന് പറയേണ്ടി വരുമല്ലോ. "പിതാവേ കഴിയുമെങ്കിൽ ഈ കാസ എന്നിൽ നിന്ന് മാറ്റിത്തരണമേ" എന്ന യേശുവിന്റെ അഭ്യർത്ഥനയ്ക്ക് മുമ്പിൽ നിശ ബ്ദനായ പിതാവായ ദൈവത്തിന് അവിടുന്ന് സംവിധാനം ചെയ്ത രക്ഷാകരപദ്ധതിയിലും അവിടുത്തെ ഏകജാതനിലും ഒരു താത്പര്യവും ഇല്ലായിരുന്നു എന്നും പറയേണ്ടിവരും. അതിന്റെ അർത്ഥശൂന്യതയെ പ്പറ്റി ഞാൻ നിങ്ങളെ പറഞ്ഞ് മനസ്സിലാക്കേണ്ടതില്ല. പിതാവായ ദൈവം അപ്രകാരം നിശബ്ദത പാലിച്ചത് അവിടുത്തേക്ക് രക്ഷാകരപദ്ധതിയിൽ അതീവതാത്പര്യം ഉണ്ടായിരുന്നതുകൊണ്ടാണ് എന്നതാണ് യാഥാർത്ഥ്യം. യേശുവിന്റെ പ്രാർത്ഥന കേട്ട് അവിടുത്തെ പീഢാ സഹനവും കുരിശുമരണവുമാകുന്ന കാസാ മാറ്റിയിരുന്നെങ്കിൽ നമ്മൾ മനുഷ്യർ ഏറെ ദുർഭഗരായേനെ. നമ്മുടെ പ്രാർത്ഥനകൾ നമ്മൾ ചിന്തി ക്കാത്ത സമയത്തും ചിന്തിക്കാത്ത രീതിയിലുമാണ് അവിടുന്ന് നടപ്പാ ക്കുന്നത്.

നമ്മുടെ കാര്യങ്ങൾ നേടിയെടുക്കാൻ വേണ്ടിവന്നാൽ അക്രമ ത്തിലേയ്ക്കും പോകണം എന്നും ചിലരെങ്കിലും പറഞ്ഞെന്നും വരാം. ക്രിസ്ത്യാനികൾ എന്ന നിലയിലും ഒരു ജനാധിപത്യരാജ്യത്തിലെ പൗര ന്മാർ എന്ന നിലയിലും നമുക്ക് അവലംബിക്കാൻ പറ്റിയ മാർഗ്ഗമല്ല അത്. എനിക്കത് പ്രോത്സാഹിപ്പിക്കാനും പറ്റില്ല. ചുങ്കക്കുന്ന്-കൊട്ടിയൂർ മേഖ ലയിൽ ഉണ്ടായ അക്രമസംഭവങ്ങളെ ന്യായീകരിക്കാൻ എനിക്ക് കഴി യില്ല. എന്നാൽ അതിലേയ്ക്ക് ആളുകളെ നയിച്ച സാഹചര്യങ്ങളെപ്പറ്റി ഭരണാധികാരികൾ വളരെ ഗൗരവമായ ആത്മശോധന ചെയ്യേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം. പ്രദേശവാസികളുടെ ആശങ്കകൾ അക റ്റാതെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ചില വ്യവസ്ഥകൾ പ്രാബല്യ ത്തിൽ വരുത്തിക്കൊണ്ട് പൊടുന്നനവേ ഇറങ്ങിയ കേന്ദ്രസർക്കാരിന്റെ വിജ്ഞാപനവും ആവശ്യമായ രേഖകൾ ഇല്ലാതെയും ഉടമസ്ഥരെ ശരി യാംവണ്ണം അറിയിക്കാതെയും സ്വകാര്യഭൂമിയിൽ കടന്ന് പരിശോധന കൾ നടത്തിയ ഉദ്യോഗസ്ഥരുടെ പ്രവൃത്തിയും എല്ലാം ഇത്തരം ഒരു സാഹചര്യം സൃഷ്ടിച്ചു എന്നതാണ് സത്യം. അത് ഒഴിവാക്കാവുന്നതാ യിരുന്നു; ഒഴിവാക്കേണ്ടതുമായിരുന്നു.

ചുങ്കക്കുന്ന് ഭാഗത്ത് ഉണ്ടായ അനിഷ്ടസംഭവങ്ങളിൽ നമു ക്കെല്ലാം ദു:ഖമുണ്ട്. ഇനിയെന്ത് എന്ന ചോദ്യവും അവശേഷിക്കുന്നു.

കുറേപ്പേർ അറസ്റ്റിലായി. അതിൽ നിരപരാധികളും ഉണ്ടാകും. അതുപോലെ തന്നെ ഇപ്പോഴും അറസ്റ്റുകൾ തുടർന്നുകൊണ്ടും ഇരിക്കുന്നു. അക്രമത്തെപോലെ തന്നെ അപലപിക്കപ്പെടേണ്ടതാണ് നിരപരാധികളുടെ അറസ്റ്റും വീട് വീടാന്തരം കയറിയിറങ്ങിയുള്ള റെയ്ഡും ഭീഷണിപ്പെടുത്തലും മറ്റും. അക്രമത്തിന്റെ മറ്റൊരു വശമായി മാത്രമേ അതിനെ കാണാൻ കഴിയുകയുള്ളു. ഇതിലും ഭരണാധികാരികളുടെ അടിയന്തിര ശ്രദ്ധ പതിയണം. ജനത്തിന് സ്വൈര്യജീവിതം ഉറപ്പാക്കാൻ കടപ്പെട്ടവർ തന്നെ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് അംഗീകരിക്കാൻ പറ്റുകയില്ല. ഇക്കാര്യത്തിലെല്ലാം ആവശ്യമായ കാര്യങ്ങൾ അവിടെ ചുങ്കക്കുന്ന് ഫൊറോനാ വികാരി ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ രൂപീകൃതമായിരിക്കുന്ന സമിതി ചെയ്തുകൊണ്ടിരിക്കുന്നുണ്ട് എന്നത് ഏറെ ആശ്വാസകരമാണ്. സമിതിയോട് ബന്ധപ്പെട്ട് അവിടെയുള്ള ജനപ്രതിനിധികളും സജീവമായി ത്തന്നെ രംഗത്തുണ്ട്. നിയമപരമായ നടപടികളും മറ്റ് മാർഗ്ഗങ്ങളും അവർ പരിശോധിക്കുന്നുണ്ട്. ഏത് കാര്യത്തിനും അതിന്റേതായ സമയം എടുക്കും എന്നതിനാൽ ബന്ധപ്പെട്ടവർ സംയമനം പാലിക്കുകയും ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. അതുപോലെ ഇതിനായി പ്രവർത്തിക്കുന്നവരെ നിരന്തരം കുറ്റപ്പെടുത്തുന്ന പ്രവണതയും അവസാനിപ്പിക്കണം. അനാവശ്യ കുറ്റപ്പെടുത്തലുകളും വിമർശനങ്ങളും അവരുടെ ആത്മവീര്യം തകർക്കുകയും അങ്ങനെ അവർ പ്രവർത്തനത്തിൽ നിന്ന് പിൻമാറുകയും ചെയ്തെന്ന് വരാം. രൂപതാ തലത്തിലും ആവശ്യമായ സമിതികളും മറ്റും രൂപീകരിച്ച് പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പ്രാദേശികസമിതികൾ ഈ കേന്ദ്ര സമിതികളുമായി സഹകരിച്ച് പ്രവർത്തിച്ചാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും. സർവ്വോപരി നിങ്ങൾ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുക.

എന്തിനേയാണ് നമ്മൾ എതിർക്കുന്നത് എന്ന് എല്ലാവരും വ്യക്തമായി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. അത് മനസ്സിലാകണമെങ്കിൽ അല്പം ചരിത്രം പറയേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണം എന്ന വിഷയവുമായി ബന്ധപ്പെട്ടതാണത്. പരിസ്ഥിതി എന്ന് പറയുമ്പോൾ മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും ഉൾക്കൊള്ളുന്ന ഈ ഭൂമിയിലെ ആവാസവ്യവസ്ഥ എന്ന് മനസ്സിലാക്കണം.

അതിനാൽതന്നെ മനുഷ്യനാണ് പരിസ്ഥിതിയുടെ കേന്ദ്രബിന്ദു. മനുഷ്യന്റെ നിലനിൽപ്പിന് ആവശ്യമായ കാര്യങ്ങൾ ഒരുക്കിതരുന്നതിൽ മറ്റ് ജീവികളും കാടുകളും മരങ്ങളും ജലസ്രോതസ്സുകളും ചില പ്രത്യേക ഭൂവിഭാഗങ്ങളും എല്ലാം വലിയ പങ്ക് വഹിക്കുന്നുണ്ട് എന്നും എന്നാൽ മനുഷ്യൻ നടത്തുന്ന അനിയന്ത്രിതമായ വികസന പ്രക്രിയകൾ ഇവയെ നശിപ്പിക്കുന്നവയാണ് എന്നുമുള്ള അറിവ് കിട്ടിയതോടെയാണ് പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകളും ആഗോളതലത്തിൽ ആരംഭിച്ചത്. അതുസംബന്ധിച്ച് പല അന്താരാഷ്ട്ര ഉടമ്പടികളും നിലവിൽ വരുകയും ചെയ്തു.

നിർഭാഗ്യവശാൽ ഈ ചർച്ചകളിൽ മനുഷ്യനെ പ്രകൃതിയുടെ കേന്ദ്രബിന്ദുവായി കണക്കാക്കി മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി പരിസ്ഥിതി സംരക്ഷിക്കപ്പെടണം എന്ന് വാദിക്കുന്ന ഒരു ഗ്രൂപ്പും മനുഷ്യന് പ്രത്യേക പ്രാധാന്യമൊന്നും കൊടുക്കാതെ പ്രകൃതി പ്രകൃതിക്ക് വേണ്ടി സംരക്ഷിക്കപ്പെടണം എന്ന് വാദിക്കുന്ന മറ്റൊരു ഗ്രൂപ്പും ഉടലെടുത്തു. മനുഷ്യനെപ്പറ്റിയുള്ള കാഴ്ചപ്പാടിന്റെ വ്യത്യാസത്തിലാണ് ഈ ഗ്രൂപ്പുകൾ ഉടലെടുത്തത് എന്ന് വ്യക്തമാണ്. മനുഷ്യനെ സൃഷ്ടിയുടെ മകുടമായി കാണുന്ന ക്രൈസ്തവരുടെ കാഴ്ചപ്പാട് പരിസ്ഥിതി മനുഷ്യന്റെ നന്മയ്ക്ക് വേണ്ടി സംരക്ഷിക്കപ്പെടണം എന്നും അതുകൊണ്ട് മനുഷ്യനെ മറന്നുകൊണ്ടുള്ള ഒരു സംരക്ഷണം അംഗീകരിക്കാൻ പറ്റില്ല എന്നതുമാണ്. കൂടുതലായും ദൈവനിഷേധകരും മനുഷ്യന് മറ്റ് ജീവികളിൽ നിന്ന് ഉയർന്ന സ്ഥാനമൊന്നും കൽപ്പിക്കാത്തവരുമായ എതിർ ഗ്രൂപ്പിന് ഈ ക്രൈസ്തവ നിലപാട് സ്വീകാര്യമല്ല. അത് സ്വാഭാവികമാണ് താനും. മനുഷ്യനും മറ്റേതൊരു ജീവിയേയും പോലെയുള്ള സ്ഥാനമേ ഉള്ളൂവെങ്കിൽ അങ്ങനെയൊരു നിലപാട് എടുത്താൽ മതിയാകും. മനുഷ്യന് പ്രഥമസ്ഥാനം കൊടുക്കാത്തവർ ഉൾക്കൊള്ളുന്ന നിരവധി പരിസ്ഥിതിസംഘടനകൾ ഇന്ന് ലോകത്തിൽ എല്ലായിടത്തും നിലവിലുണ്ട്. ഇന്ത്യയിലുമുണ്ട്. അവർ പരിസ്ഥിതി സംബന്ധമായി ധാരാളം പഠനങ്ങൾ നടത്തുകയും റിപ്പോർട്ടുകൾ ഉണ്ടാക്കുകയും അന്തർദ്ദേശീയ ഏജൻസികളെ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ അന്തർദ്ദേശീയ ചർച്ചകളിൽ ഇന്ത്യയും പങ്കാളിയാകുകയും ഉടമ്പടികളിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉടമ്പടികളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസാരം രാജ്യങ്ങൾ നിയമങ്ങൾ ഉണ്ടാക്കേണ്ടിയിരുന്നതിനാൽ ഇന്ത്യയും നിയമങ്ങൾ ഉണ്ടാക്കാൻ

ബാദ്ധ്യസ്ഥമായിരുന്നു. അങ്ങനെ ഇന്ത്യ 1986 ൽ പരിസ്ഥിതി സംരക്ഷണസംബന്ധമായി ഒരു നിയമം നിലവിൽ വരുത്തി. അതോടൊപ്പം വനം, പരിസ്ഥിതി, ഖനനം തുടങ്ങി അനേകം മേഖലകളിൽ നിയന്ത്രണം വരുത്താനായി മറ്റ് പല നിയമങ്ങളും പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

മുകളിൽ സൂചിപ്പിച്ച തീവ്രപരിസ്ഥിതിസംഘടനകളുടെ ദീർഘകാല ആവശ്യമായിരുന്നു ഇന്ത്യയുടെ പശ്ചിമഘട്ടം മുഴുവൻ ഒരു സംരക്ഷിതപ്രദേശമായി പ്രഖ്യാപിച്ച് അവിടെ എല്ലാ തരത്തിലുമുള്ള മനുഷ്യപ്രവർത്തനങ്ങളും തടയുകയും ചെയ്യുക എന്നത്. അതിനവർ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലും സർക്കാരിതര ഏജൻസികളിലും നടത്തിയ സ്വാധീനത്തിന്റെ ഫലമായിട്ടാണെന്ന് വേണം കരുതാൻ ഈ പ്രദേശങ്ങളെ ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള യുനെസ്കോയെക്കൊണ്ട് ഒരു ലോകപൈതൃകപ്രദേശമായി പ്രഖ്യാപിക്കാൻ 2006 മുതൽ ഇന്ത്യ ശ്രമം ആരംഭിച്ചു. ഇങ്ങനെ പ്രഖ്യാപിച്ചു കഴിഞ്ഞാൽ ആ പ്രദേശങ്ങളിൽ യുനെസ്കോയുടെ നിയമങ്ങളനുസരിച്ചുള്ള കാര്യങ്ങൾ നടപ്പാക്കിയേ മതിയാകൂ. അവ നടപ്പാക്കാൻ വേണ്ടി ഒരു പ്രത്യേക സമിതി ഉണ്ടാക്കുകയും വേണം. ഈ സമിതിയുടെ മേൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് കാര്യമായ അധികാരം ഉണ്ടാകുകയുമില്ല.

ഇങ്ങനെ യുനെസ്കോ പ്രഖ്യാപിച്ച് കഴിഞ്ഞാൽ ലോകപൈതൃക ഫണ്ടിൽ നിന്ന് ധാരാളം പണം ഈ പ്രദേശത്തിന്റെ സംരക്ഷണത്തിനായി കിട്ടുമെന്നതും അവിടെയൊന്നും നമ്മുടെ സർക്കാരുകൾക്ക് കാര്യമായ നിയന്ത്രണം ഉണ്ടാവുകയില്ല എന്നതുമാണ് ഈ കാര്യത്തിലെ മുഖ്യ ആകർഷണം. മാത്രമല്ല തീവ്രനിലപാടെടുക്കുന്ന സംഘടനകൾക്ക് മാധ്യമങ്ങളിലൂടെ അടക്കം വിവിധരീതികളിൽ കാര്യമായ സ്വാധീനം ചെലുത്താനും കഴിയും.

ഇന്ത്യ കൊടുത്ത അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതിന് മുമ്പായി യുനെസ്കോയുടെ തന്നെ കീഴിലുള്ള പ്രത്യേകസമിതി ഇന്ത്യയുടെ പശ്ചിമഘട്ടത്തെപ്പറ്റി വിശദമായ പഠനം നടത്തുകയും ഇവിടെയുള്ള ഭൂപ്രദേശവും ജീവജാലങ്ങളും സംരക്ഷിക്കപ്പെടേണ്ടതു തന്നെയാണെന്നും കണ്ടെത്തി. എന്നാൽ അപേക്ഷയിൽ ചില കാര്യങ്ങൾ കുറവുണ്ടായിരുന്നു. അതിൽ പ്രധാനമായ രണ്ടെണ്ണം ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന മേഖലകൾ ഏതൊക്കെയാണെന്ന് കൃത്യം പറഞ്ഞിട്ടില്ലെന്നും അവയെ സംരക്ഷിക്കുന്നതിനുള്ള യാതൊരു മാർഗ്ഗരേഖയും

കൊടുത്തിട്ടില്ല എന്നതുമായിരുന്നു. അതുകൊണ്ട് ഇന്ത്യയുടെ അപേക്ഷ രണ്ടു പ്രാവശ്യം നിരസ്സിക്കപ്പെട്ടു. എന്നാൽ മൂന്നാം പ്രാവശ്യം ഇന്ത്യ ലോകപൈതൃക സമിതിയിലെ 21 രാജ്യങ്ങളെയും സ്വാധീനിച്ച് ഇക്കാര്യം നേടുകയാണുണ്ടായത്. സമിതി ആവശ്യപ്പെട്ടവയും മറ്റു കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി പ്രൊഫ.മാധവ് ഗാഡ്ഗിൽ എന്ന പരിസ്ഥിതി വിദഗ്ദന്റെ നേതൃത്വത്തിലുള്ള സമിതിയെ 2010 മാർച്ച് 4-ന് കേന്ദ്രസർക്കാർ നിയമിച്ചത് ഈ സാഹചര്യത്തിലാണ്.

ഈ സമിതിയിൽ ഈ പ്രദേശത്ത് വസിക്കുന്നവരും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ താൽപര്യം ഉള്ളവരുമായ ആരും ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. മാത്രമല്ല അംഗങ്ങൾ എല്ലാവരും തന്നെ തീവ്രപരിസ്ഥിതി സംരക്ഷണത്തിന് വേണ്ടി നിൽക്കുന്നവരും അങ്ങനെയുള്ള സംഘടനകളിൽ അംഗങ്ങളായിരുന്നവരോ അവയുടെ അനുഭാവികളോ ആയിരുന്നു എന്നതുമാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. 2011 ഓഗസ്റ്റ് 31-ന് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ ഒരു കോടതിവിധിയിലൂടെ പൊതുജനങ്ങൾക്ക് കിട്ടുന്നതുവരെ ഈ റിപ്പോർട്ട് പൊതുജനങ്ങളിൽ നിന്ന് മറച്ചുവച്ചിരിക്കുകയായിരുന്നു. കാരണം അതിലെ കണ്ടെത്തലുകൾ ബഹുജനപ്രക്ഷോഭത്തിന് കാരണമാകും എന്ന് ബന്ധപ്പെട്ടവർക്ക് അറിയാമായിരുന്നു എന്നുവേണം അനുമാനിക്കാൻ. ഇപ്പോൾ അതു സംഭവിച്ചു എന്നതുതന്നെ ആ അനുമാനത്തെ ശരിവയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ പല ഭാഗങ്ങളും ഗാഡ്ഗിൽ കമ്മിറ്റി തയ്യാറാക്കി എന്ന് പറയുന്നത് ശരിയല്ല. തീവ്രപരിസ്ഥിതിസംരക്ഷണം അജണ്ടയാക്കിയ സംഘടനകളുടെ പഠനറിപ്പോർട്ടുകളാണ് അവയിൽ പല ഭാഗങ്ങളും. അതിനാൽ തന്നെ അതിലെ ശിപാർശകളും നിലപാടും ഊഹിക്കാവുന്നതേയുള്ളു. തന്റെ നിലപാട് വിശദീകരിച്ചുകൊണ്ട് പിന്നീട് പ്രൊഫ. ഗാഡ്ഗിൽ തന്നെ പല വേദികളിലും പ്രത്യക്ഷപ്പെട്ടതിൽ നിന്ന് ഇത് വ്യക്തമാണ്. അതല്ലെങ്കിൽ ഒരു കമ്മീഷൻ, റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം അതിലെ കണ്ടെത്തലുകൾ ന്യായീകരിച്ചുകൊണ്ടോ മറ്റുള്ളവരെ വിമർശിച്ചുകൊണ്ടോ, അവയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടോ ഇറങ്ങിത്തിരിക്കേണ്ട കാര്യമില്ലല്ലോ. സാധാരണയായി കമ്മീഷനുകളുടെ ചുമതല റിപ്പോർട്ട് സമർപ്പിക്കുന്നതോടെ അവസാനിക്കുന്നു.

യുനെസ്കോയുടെ നിയമങ്ങൾ അനുസരിച്ച്, അതാത് പ്രദേശങ്ങളിലെ ജനങ്ങളെ അവരുടെ വാസസ്ഥലം ഒരു ലോകപൈതൃക

പ്രദേശമായി പ്രഖ്യാപിച്ച് കഴിയുമ്പോൾ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ അവരെ മുൻകൂട്ടി പറഞ്ഞ് മനസ്സിലാക്കി അവരുടെ സമ്മതം വാങ്ങിയ ശേഷമേ അതിനുള്ള അപേക്ഷ ഒരു രാജ്യം കൊടുക്കാവൂ. എന്നാൽ ഇവിടെ ഇതൊന്നും സംഭവിച്ചില്ല എന്ന് മാത്രമല്ല പരമാവധി ഇക്കാര്യങ്ങൾ രഹസ്യമാക്കി വച്ചുകൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്തത് എന്നും നമുക്ക് കാണാം.

ഗാഡ്ഗിൽ റിപ്പോർട്ടിൽ പശ്ചിമഘട്ടത്തെ മൂന്ന് സോണുകളായിട്ട് തിരിച്ചിരിക്കുകയാണ്. അതനുസരിച്ച് വയനാട് ഏതാണ്ട് പൂർണ്ണമായും തീർത്തും മനുഷ്യപ്രവർത്തനങ്ങൾ അനുവദിക്കാൻ പറ്റാത്ത ഒന്നാം സോണിൽ തന്നെയായിരുന്നു. രണ്ട്, മൂന്ന് എന്നീ സോണുകളിലും പ്രവർത്തനങ്ങൾക്ക് ഏറ്റക്കുറച്ചിലുകളോടെ കഠിന നിയന്ത്രണങ്ങളുണ്ടായിരുന്നു.

ഏതായാലും 2012 ജൂലൈ മാസത്തിൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗിൽ ചേർന്ന ലോകപൈതൃകസമിതിയുടെ സമ്മേളനത്തിൽ ഗാഡ്ഗിൽ റിപ്പോർട്ട് ഇന്ത്യയുടെ നിലപാടായി അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പശ്ചിമഘട്ടത്തിന് ലോക പൈതൃകപദവി കൊടുക്കുകയും ചെയ്തു. ഇനി കാര്യങ്ങൾ നീങ്ങേണ്ടത് ഈ റിപ്പോർട്ടിൽ പറയുന്നതുപോലെയാണ്. ഒരു അന്താരാഷ്ട്ര ഉടമ്പടിയായതിനാൽ ഇന്ത്യയ്ക്ക് ഇനി ഇതിൽ നിന്ന് പിൻമാറാൻ അത്ര എളുപ്പമല്ല. അങ്ങനെ ചെയ്താൽ അന്താരാഷ്ട്രതലത്തിൽ ഇന്ത്യ ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരും.

ഗാഡ്ഗിൽ കമ്മിറ്റി പഠനം നടത്തുന്ന സമയത്ത് അതിൽ നമ്മുടെ കേന്ദ്ര–സർക്കാരുകളുടെ പ്രതിനിധികളും ഉദ്യോഗസ്ഥരും സജീവമായി പങ്കെടുക്കുന്നുണ്ടായിരുന്നു. നമ്മുടെ ജനപ്രതിനിധികളേയും ഗാഡ്ഗിൽ കണ്ട് സംസാരിക്കുകയുണ്ടായി. എന്നാൽ ഇത്തരം ഒരു പഠനം നടക്കുന്ന വിവരം ഒരു സർക്കാരും ജനപ്രതിനിധികളും ജനങ്ങളെ അറിയിക്കുകയോ അവരുടെ അഭിപ്രായം ശേഖരിക്കുകയോ ചെയ്തില്ല. ജനപ്രതിനിധികൾ പറഞ്ഞ അഭിപ്രായം തന്നെ ഗാഡ്ഗിൽ തന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയുമില്ല. എങ്കിലും ജനങ്ങളെയെല്ലാം കണ്ട് അവരുടെ അഭിപ്രായവും സമ്മതവും എല്ലാം വാങ്ങി എന്ന നിലയിലാണ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചത്. ആ രീതിയിൽ തന്നെയാണ് ലോകപൈതൃകകമ്മിറ്റി അതിനെ സ്വീകരിച്ചതും ലോകപൈതൃക പദവി കൊടുത്തതും.

റിപ്പോർട്ട് പുറത്ത് വന്നതോടെ എതിർപ്പുകളും ആരംഭിച്ചു. അപ്പോഴാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയാൽ പൊതുജനത്തിന്റെ എതിർപ്പ് കുറയ്ക്കാം എന്ന ചിന്തയിൽ കേന്ദ്രസർക്കാർ ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഒരു സമിതിയെ നിയമിച്ചത്. കാര്യമായ പഠനമൊന്നും നടത്താതെ ഈ സമിതിയും റിപ്പോർട്ട് സമർപ്പിച്ചു. മൂന്ന് സോണുകൾ എന്നതിന് പകരം പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കേണ്ട സ്ഥലങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തീരുമാനിച്ചു എന്നതാണ് അദ്ദേഹം വരുത്തിയ പ്രധാന മാറ്റം. അതുപോലെ പ്രാദേശിക ഭരണസമിതികൾക്കും മറ്റും ഗാഡ്ഗിൽ കൊടുത്തിരുന്ന പ്രാധാന്യം ഇതിൽ ഇല്ലാതാകുകയും ചെയ്തു. ഡോ.കസ്തൂരിരംഗൻ കൊടുത്ത റിപ്പോർട്ട് അനുസരിച്ച് സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളുടെ വിസ്തൃതി ഏറെ കുറഞ്ഞു എന്നത് സത്യമാണ്. പക്ഷേ കേരളത്തെ സംബന്ധിച്ച് അങ്ങനെ വിസ്തൃതി കുറഞ്ഞാലും ഇവിടുത്തെ മനുഷ്യവാസത്തിന്റെ പ്രത്യേകതകളാൽ വലിയ മാറ്റമൊന്നും ഗാഡ്ഗിൽ പറഞ്ഞതിൽ നിന്നും ഉണ്ടായില്ല. തന്നെയുമല്ല ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങി എന്ന പ്രതീതി ഉണ്ടാക്കിക്കൊണ്ട് ഒറ്റനോട്ടത്തിൽ തന്നെ പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിക്കപ്പെടാവുന്ന പലസ്ഥലങ്ങളും ഒഴിവാക്കുകയും ചെയ്തു.

കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോഴേയ്ക്കും പല പരിസ്ഥിതി സംഘടനകളും എത്രയും വേഗം ഈ റിപ്പോർട്ടുകളിന്മേൽ തീരുമാനം എടുക്കാൻ സർക്കാരിന് നിർദ്ദേശം കൊടുക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാതിയുമായി കോടതിയിലെത്തി. കേസിൽ കേരള സംസ്ഥാനസർക്കാരും അവരുടെ നിലപാട് അറിയിക്കാൻ പലപ്പോഴും താമസിച്ചു. അതിനാൽ തന്നെ പലകാര്യങ്ങളിലും അവർക്ക് ഫലപ്രദമായി എന്തെങ്കിലും ചെയ്യാനും കഴിഞ്ഞില്ല. ഏതായാലും സുപ്രീംകോടതിയുടെ ഇടപെടൽമൂലം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കേന്ദ്രസർക്കാർ നിർബന്ധിതമായി. അങ്ങനെ കസ്തൂരിരംഗൻ റിപ്പോർട്ടിലെ ഏതാനും വ്യവസ്ഥകൾ നടപ്പിലാക്കിക്കൊണ്ട് നവംബർ 16-ന് ഒരു വിജ്ഞാപനമിറക്കി. അന്തിമവിജ്ഞാപനം ഉടനെ തന്നെ ഇറക്കുകയും ചെയ്യും എന്ന് ഏതാണ്ട് ഉറപ്പാണ്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച ശേഷവും കേരളം നിയമിച്ച പ്രത്യേക കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയശേഷവും മാത്രമേ കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുകയുള്ളു എന്ന് ഭരണാധികാരികൾ പറയുമ്പോഴും കാര്യങ്ങൾ അങ്ങനെയല്ല

നീങ്ങുന്നത് എന്ന് അവരുടെ പ്രവൃത്തികൾ സൂചിപ്പിക്കുന്നു. അത് ജനങ്ങളുടെ ആശങ്കകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാൻ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇനി നമുക്ക് എന്താണ് ചെയ്യാൻ കഴിയുക എന്നാണ് നാമിനി ചിന്തിക്കേണ്ടത്. ഒന്നാമതായി ഇക്കാര്യത്തെങ്ങളെപ്പറ്റി ശരിയായ അവബോധം ഉണ്ടാകുക എന്നതാണ് ആവശ്യം. രൂപതാതലത്തിൽ ഒരു സെമിനാറോ ക്ലാസോ നടത്തിയതുകൊണ്ട് മാത്രം അത് കിട്ടണം എന്നില്ല. ഇക്കാര്യങ്ങളെപ്പറ്റി എഴുതുന്ന പത്രങ്ങളും മാസികകളും വായിക്കുകയും ടെലിവിഷൻ പരിപാടികൾ കാണുകയും ചെയ്യുന്നതുവഴി ഒരു പരിധിവരെ അത് സാധ്യമാകും. ദീപിക ദിനപ്പത്രം ഈ വിഷയത്തെപ്പറ്റി വളരെ വിശദമായ പഠനറിപ്പോർട്ടുകളും വാർത്തകളും നിരന്തരം പ്രസിദ്ധീകരിക്കുന്നുണ്ട്. അത് എല്ലാവരും വാങ്ങി വായിക്കണം. അതുപോലെ മറ്റ് മാസികകളും പത്രങ്ങളും മറ്റും വായിക്കണം. രണ്ടാമതായി ഏവർക്കും ഉണ്ടാകേണ്ട മറ്റൊരവബോധം രൂപതാ മെത്രാനോ മറ്റേതെങ്കിലും വ്യക്തിയോ ഒരു പ്രസ്താവന ഇറക്കുകയോ ഒരു പ്രതിഷേധസമരത്തിന് ആഹ്വാനം ചെയ്യുകയോ ചെയ്താൽ പരിഹരിക്കപ്പെടാവുന്ന ഒരു പ്രശ്നമല്ല നമ്മൾ കൈകാര്യം ചെയ്യുന്നത് എന്നതാണ്. നിങ്ങളുടെ എല്ലാവരുടെയും സജീവമായ സഹകരണവും സഹായവും ഉണ്ടെങ്കിൽ മാത്രമേ അത് സാധ്യമാകുകയുള്ളു.

അതിന് ആദ്യമായി ചെയ്യേണ്ടത് നിങ്ങളുടെ പ്രാദേശിക രാഷ്ട്രീയ നേതാക്കന്മാരെ കണ്ട് ഇക്കാര്യം ചർച്ച ചെയ്യുക എന്നതാണ്. വേണമെങ്കിൽ ഇടവക തലത്തിലോ ഫൊറോന തലത്തിലോ പഞ്ചായത്ത് തലത്തിലോ ഒക്കെ ഈ ചർച്ച നടത്താവുന്നതാണ്. അവരിൽ പലരും നമ്മുടെ രൂപതാംഗങ്ങളുമാണല്ലോ. അവർക്കല്ലേ ഇക്കാര്യത്തിൽ ഫലവത്തായി എന്തെങ്കിലും ചെയ്യാൻ കഴിയുന്നത്. നമുക്കാർക്കും നിയമസഭയിലോ പഞ്ചായത്ത് സമിതിയിലോ പോയി നിയമനിർമ്മാണം നടത്താൻ കഴിയില്ല. എന്നാൽ നമുക്ക് ചെയ്യാൻ പറ്റുന്ന ഒന്നുണ്ട്. നമ്മുടെ പഞ്ചായത്ത് വാർഡുകളിലെ ഗ്രാമസഭകൾ ക്രമമായി വിളിച്ച് ചേർക്കാൻ ബന്ധപ്പെട്ടവരെ നിർബന്ധിക്കുകയും ആ സഭകളിൽ നിങ്ങളും പോയി ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യണം. മാത്രമല്ല ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പാക്കരുത് എന്ന് പറഞ്ഞ് പഞ്ചായത്തു സമിതികളിൽ പ്രമേയങ്ങൾ പാസ്സാക്കിച്ച് മേൽഘടകങ്ങളി

ലേയ്ക്ക് അയയ്ക്കുക എന്നതും ചെയ്യാവുന്നതാണ്. അതുപോലെതന്നെ എല്ലാ രാഷ്ട്രീയപ്പാർട്ടികളുടേയും നേതാക്കന്മാരെ കണ്ട് ഇക്കാര്യം ചർച്ച ചെയ്യണം. അവർ ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കുന്നു എന്ന് പരസ്യമായി പ്രസ്താവിക്കാൻ ആവശ്യപ്പെടാം.

ലോകപൈതൃകപദവിയുടെ സ്ഥിതിയെപ്പറ്റിയും അല്പം പറയേണ്ടതുണ്ട്. ഒന്നാമതായി ഈ രാജ്യത്തെ പൗരന്മാർക്ക് അവരുടെ ജീവിത സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന ഒരു പ്രക്രിയയ്ക്ക് തുടക്കം കുറിക്കാനും തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ സഭകളായ പാർലമെന്റിലും നിയമസഭയിലും ചർച്ച ചെയ്ത് ഒരു നിയമമാക്കാതെ അത് ജനങ്ങളുടെ മേൽ കെട്ടി വയ്ക്കാനും സർക്കാരുകൾ ശ്രമിക്കുന്നത് ഈ രാജ്യത്തോടും ഇവിടുത്തെ ജനങ്ങളോടുമുള്ള അവഹേളനമാണ് എന്നതാണ്. അതുകൊണ്ട് ഈ പ്രക്രിയയ്ക്ക് ആവശ്യമായ നിയമനിർമ്മാണ പ്രവർത്തനങ്ങൾ ആദ്യം നടത്തട്ടെ. ജനങ്ങളുടെ ജീവിത സ്വാതന്ത്ര്യം ഒരു അന്താരാഷ്ട്ര ഏജൻസിയുടെ നിയന്ത്രണങ്ങൾക്ക് വിട്ടു കൊടുക്കുന്നു എന്നതാണ് രണ്ടാമത്തെ കാര്യം. ആ നിയന്ത്രണങ്ങളിന്മേൽ ഈ രാജ്യത്തെ സുപ്രീം കോടതിയ്ക്ക് പോലും അധികാരം ഉണ്ടായിരിക്കരുത് എന്ന് ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ശുപാർശ ചെയ്യുന്നു. അന്താരാഷ്ട്ര ഏജൻസിയായ യുനെസ്കോയുടെ ആവശ്യപ്രകാരമുള്ള കാര്യങ്ങൾ പഠിച്ച് ശുപാർശ ചെയ്യാൻ നിയമിതമായ ഗാഡ്ഗിൽ കമ്മിറ്റി തമിഴ് നാട്ടിലെ കോത്തഗിരിയിൽ പരിസ്ഥിതി സംഘടനകൾ സംഘടിപ്പിച്ച ഒരു സമ്മേളനത്തിനിടയിലാണ് രൂപീകരിക്കപ്പെട്ടത് എന്ന് ആ കമ്മിറ്റിയുടെ റിപ്പോർട്ട് തന്നെ വെളിവാക്കുന്നു. ഇക്കാര്യത്തിൽ പരിസ്ഥിതി സംഘടനകളുടെ സ്വാധീനം എത്രമാത്രമുണ്ട് എന്നതിന് വേറെ തെളിവ് ആവശ്യമില്ല.

ഈ റിപ്പോർട്ട് തന്നെ യാതൊരു നിയമനിർമ്മാണ സഭകളിലും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് മാത്രമല്ല അത് ജനങ്ങളിൽ നിന്ന് ഏറെക്കാലം മറച്ചു വയ്ക്കുകയും ചെയ്തു. ഗാഡ്ഗിൽ ആകട്ടെ കസ്തൂരിരംഗൻ ആകട്ടെ, പ്രദേശ വാസികളായ ആളുകളുടെ അഭിപ്രായം ശരിയാംവണ്ണം സ്വീകരിച്ചതുമില്ല. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് അന്തിമരൂപത്തിലാക്കാൻ കൂടിയ മീറ്റിംഗ് 2013 ഏപ്രിൽ 5 ആയിരുന്നു. എന്നാൽ വയനാട്ടിൽ അദ്ദേഹം അഭിപ്രായങ്ങൾ ശേഖരിച്ചത് ഏപ്രിൽ 8 ന് ആയിരുന്നു. അപ്പോൾ ആ അഭിപ്രായങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് ന്യായമായും ഊഹിക്കാം.

റിപ്പോർട്ടുകൾ നിയമങ്ങളല്ല. അതിനാൽ തന്നെ അവയ്ക്ക് നിയമത്തിന് ആവശ്യമായ നിർവ്വചനങ്ങളോ വ്യക്തതയോ ഇല്ല. അപ്പോൾ പിന്നെ എങ്ങനെ പൗരന്മാർ ഇതിലെ ശുപാർശകൾ പ്രകാരം എടുക്കുന്ന നടപടികൾക്കെതിരേ ആവശ്യം വരുമ്പോൾ കോടതിയേ സമീപിക്കും എന്ന ചോദ്യം അവശേഷിക്കുന്നു. മാത്രമല്ല, ലോക പൈതൃക പ്രദേശം സംരക്ഷിക്കാൻ രൂപീകരിക്കേണ്ട സമിതിയുടെ നിർദ്ദേശങ്ങളെ സുപ്രീം കോടതിയിൽ പോലും ചോദ്യം ചെയ്യാൻ പാടില്ല എന്നും റിപ്പോർട്ട് പറയുന്നു. റിപ്പോർട്ടുകളിൽ ഉള്ളത് ശുപാർശകളാണ്. അവ നിയമരൂപത്തിലായില്ലെങ്കിൽ അതിൽ പരിസ്ഥിതി സംരക്ഷണത്തെ പറ്റി പറയുന്നത് പെട്ടെന്ന് തന്നെ നടപ്പിലാക്കുകയും ജനങ്ങൾക്ക് വരുന്ന നഷ്ടങ്ങൾ നികത്താനുള്ള ശുപാർശകളിന്മേലും മറ്റും യാതൊന്നും ചെയ്യാതിരിക്കാനുമുള്ള പ്രലോഭനങ്ങൾ സർക്കാരുകൾക്കുണ്ടാകും എന്നത് ഏതാണ്ട് ഉറപ്പാണ്. ഫലത്തിൽ ജനങ്ങൾക്ക് അവരുടെ സ്വാതന്ത്ര്യവും സ്വത്തും നഷ്ടപ്പെടുന്ന അവസ്ഥ വരും.

അഴിമതി നിറഞ്ഞ നമ്മുടെ ഭരണ വ്യവസ്ഥിതിയിൽ ഇപ്പോൾതന്നെ കൊച്ചുകാര്യങ്ങൾക്ക് പോലും കൈക്കൂലി കൊടുക്കേണ്ടിയും മാസങ്ങളോളം ഓഫീസുകൾ കയറി ഇറങ്ങേണ്ടി വരുകയും ചെയ്യുന്നു. അപ്പോൾ നിയമത്തിനുണ്ടായിരിക്കേണ്ട യാതൊരു വ്യക്തതയുമില്ലാത്ത ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പാക്കിയാൽ ഉദ്യോഗസ്ഥർ അവരുടെ മനസ്സിൽ തോന്നിയ പ്രകാരം അവയിലെ നിർദ്ദേശങ്ങൾ വ്യാഖ്യാനിക്കുകയും ജനങ്ങൾക്ക് ഒന്നും ചെയ്തുകൊടുക്കാതിരിക്കുന്ന സ്ഥിതി സംജാതമാകുകയും ചെയ്യും. ഫലത്തിൽ അഴിമതിക്കും കൈക്കൂലിക്കും കൂടുതൽ വഴി വയ്ക്കുകയായിരിക്കും ചെയ്യുന്നത്. ഇതെല്ലാമാണ് ജനങ്ങൾ ഭയക്കുന്നത്.

റിപ്പോർട്ടിലെ പല സ്ഥിതിവിവരക്കണക്കുകളും കാലഹരണപ്പെട്ടതാണ് എന്നതാണ് വസ്തുത. ഉദാഹരണമായി 2001 ലെ സെൻസസ് അനുസരിച്ചുള്ള ജനസംഖ്യാ കണക്കുകളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. 2011 ലെ സെൻസസ് കണക്കുകൾ സ്വീകരിക്കാത്തത് എന്തേ എന്ന സംശയം ന്യായമാണ്. അപ്പോൾ അതിലും അഴിമതി മണക്കുന്നത് യുക്തംതന്നെ. ചതുരശ്ര കിലോമീറ്ററിൽ നൂറിൽതാഴെ താമസക്കാർ ഉള്ള സ്ഥലങ്ങളെ മാത്രമേ പരിസ്ഥിതി ലോല പ്രദേശങ്ങളായി ഉൾപ്പെടുത്താവൂ എന്ന വ്യവസ്ഥയും ലംഘിച്ചിരിക്കുന്നു. വയനാട്ടിൽ നിന്ന് ഉൾപ്പെടുത്തിയിരിക്കുന്ന 13 വില്ലേജുകളിൽ മൂന്നെണ്ണം ഒഴികെ

ബാക്കി എല്ലാ വില്ലേജുകളിലും നൂറിലും വളരെയേറെ താമസക്കാരുണ്ട്. ഈ മൂന്ന് വില്ലേജുകളിലാവട്ടെ ജനസാന്ദ്രത കണക്കാക്കുമ്പോൾ നില വിലുള്ള വനഭൂമിയുടെ വിസ്തൃതി ഒഴിവാക്കിയാൽ സാന്ദ്രത നൂറിൽ കൂടുകയും ചെയ്യും.

എന്തുകൊണ്ടാണ് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ ശുപാർശകൾ പ്രദേശവാസികൾക്ക് ഹാനികരമായി തീരുന്നത് എന്ന് നമ്മൾ തിരിച്ചറിയണം. മിശ്രിത വിളകൾ കൃഷി ചെയ്യുന്ന നമ്മുടെ നാട്ടിൽ ഇനിമുതൽ 30 ഡിഗ്രിയിൽ ഏറെ ചെരിവുള്ള സ്ഥലങ്ങളിൽ കപ്പ, ചേന തുടങ്ങിയ തന്നാണ്ട് കൃഷികൾ പാടില്ല എന്ന് പറയുമ്പോൾ ചായയും കാപ്പിയും മാത്രം കഴിച്ച് നമുക്ക് ജീവിക്കാൻ പറ്റുമോ എന്ന കാര്യത്തിന് ഉത്തരം തേടേണ്ടി വരും. ഏക വിളയും വിദേശ വിളകളും കാലക്രമത്തിൽ ഈ പ്രദേശത്ത് നിന്ന് ഒഴിവാക്കണം എന്ന നിർദ്ദേശം സ്ഥിരം കൃഷിയും ഇല്ലാതാക്കും. അതുപോലെ തന്നെ കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന യാതൊരു കൃഷിയും പാടില്ല എന്ന് റിപ്പോർട്ടുകൾ പറ യുന്നു. അങ്ങനെ ഏത് കൃഷിയുണ്ട് എന്ന ചോദ്യം ന്യായമായും ചോദി ക്കാം. എല്ലാ കൃഷികളും ഏതെങ്കിലും മൃഗത്തെ ആകർഷിക്കുന്നതാണ് എന്ന് കർഷകർക്കറിയാം.

എന്തുകൊണ്ടാണ് ഇങ്ങനെയുള്ള യാഥാർത്ഥ്യത്തിന് നിരക്കാത്ത ശുപാർശകൾ ഈ റിപ്പോർട്ടുകളിൽ വരാൻ കാരണം എന്ന് നാം പരി ശോധിക്കേണ്ടതാണ്. കാരണം ഇതിന്റെ കർത്താക്കൾ ജിവിക്കുന്നത് പട്ടണങ്ങളിലെ ശീതീകരിച്ച മുറികളിലും അവർ സഞ്ചരിക്കുന്നത് ശീതീ കരിച്ച വാഹനങ്ങളിലുമാണ് എന്നതാണ്. എയർ കണ്ടീഷണറുകൾ പുറം തള്ളുന്ന ക്ലോറോ ഫ്ളൂറോ കാർബൺ എന്ന വിഷവായുവാണ് ഓസോൺ പാളികൾ നശിപ്പിക്കുന്നതിലെ പ്രധാന വില്ലൻ. അതിന്റെ ഫലമായി സൂര്യന്റെ അൾട്രാ വയലറ്റ് കിരണങ്ങൾ ഭൂമിയിൽ നേരിട്ട് പതിക്കുകയും ചൂട് വർദ്ധിക്കുകയും പലതരം രോഗങ്ങൾക്കും കാലാ വസ്ഥാ മാറ്റത്തിനും കാരണമാകുകയും ചെയ്യുന്നു. മരങ്ങളും കാടു കളും ഇല്ലാതായതാണ് മഴ കുറയാനുള്ള ഏകകാരണമെങ്കിൽ ഈ വർഷം പെയ്ത മഴ എങ്ങനെ വന്നു എന്ന് ബന്ധപ്പെട്ടവർ കണ്ടെത്തേ ണ്ടതാണ്. മാത്രമല്ല, മനുഷ്യന്റെ ഇടപെടൽ കൂടാതെ തന്നെ പരിസ്ഥി തിയിൽ മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കും എന്നതിന് ചരിത്രം സാക്ഷി യാണ്. മുമ്പുണ്ടായിരുന്ന ദിനോസറുകൾ പോലെയുള്ള ജീവികൾ ഇല്ലാ തായതും ഭൂമി പല ഭൂഖണ്ഡങ്ങളായി വേർപിരിഞ്ഞതും എല്ലാം ഇങ്ങ

നെയുള്ള പ്രതിഭാസങ്ങളാണ്. അവയെ മനുഷ്യന് തടയാനാകുകയില്ല. അത് അവന്റെ കുറ്റവുമല്ല.

പട്ടണവാസികളും പരിസ്ഥിതിവാദികളും അവരുടെ ചുറ്റുമുള്ള മാലിന്യ കൂമ്പാരങ്ങൾ കാണുന്നില്ല. അത് ഏതെങ്കിലും തരത്തിൽ പരിസ്ഥിതിയെ നശിപ്പിക്കുന്നതുമായി അവർ കാണുന്നുമില്ല. അതുപോലെ തന്നെ മലനിരകളിൽ നിന്ന് നല്ല ശുദ്ധജലമായി താഴ്‌വാരങ്ങളിലേയ്ക്ക് ഒഴുകുന്ന നദികൾ പട്ടണങ്ങളിൽ എത്തുമ്പോൾ അവ മലിനമാക്കുന്നു. അത് ചെയ്യുന്നത് പട്ടണവാസികളും അവിടെയുള്ള വ്യവസായ സ്ഥാപനങ്ങളും പട്ടണങ്ങളിലൂടെ തലങ്ങും വിലങ്ങും പായുന്ന ആയിരക്കണക്കിന് വാഹനങ്ങളുമാണ്.

ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകൾ പരിശോധിച്ചാൽ മനസ്സിലാകുന്ന ഒരു കാര്യം വികസിതരാജ്യങ്ങൾ പറയുന്ന അതേ കാര്യം തന്നെയാണ് അവരും പറയുന്നത് എന്നാണ്. തങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ നിലനിർത്താൻ വേണ്ടി അവികസിത രാജ്യങ്ങൾ സഹിക്കണം എന്നതാണത്. അവർ വികസിക്കരുത്; കാരണം അപ്പോൾ തങ്ങൾക്ക് ലഭിക്കുന്നവയിൽ കുറവ് വരും. ഏതാണ്ട് അതേ രീതിയിലുള്ള ഒരു വാദമാണ് ഈ റിപ്പോർട്ടുകളിലൂടെ പുറത്ത് വരുന്നതും. പട്ടണവാസികൾ അവർക്ക് ഇപ്പോൾ ഉള്ള സുഖസൗകര്യങ്ങളിൽ കുറവ് വരുത്താൻ ആഗ്രഹിക്കുന്നില്ല. അതിനാൽ ഗ്രാമവാസികൾ സഹിക്കണം. ഗ്രാമവാസികൾക്ക് ഇനി സ്കൂൾ, കോളേജ്, ആശുപത്രി, റോഡ്, റെയിൽവേ, കച്ചവടസ്ഥാപനങ്ങൾ, ജോലിസാദ്ധ്യതകൾ എന്നിവ ഉണ്ടാകരുത്. തന്നാണ്ട് വിളകളായ അവരുടെ ഭക്ഷണവസ്തുക്കൾ അവർ കൃഷി ചെയ്യാനും പാടില്ല. ദീർഘകാല ഭക്ഷണവസ്തുക്കൾ പോലും മൃഗങ്ങളെ ആകർഷിക്കുന്നതാണെങ്കിൽ കൃഷി ചെയ്യാൻ പാടില്ല.


ഇങ്ങനെയുള്ള ശുപാർശകൾ റിപ്പോർട്ടുകളിൽ ഉണ്ടോ എന്ന് തീവ്രപരിസ്ഥിതി വാദികൾ ചോദിച്ചെന്ന് വരാം. പലതും റിപ്പോർട്ടിൽ തന്നെയുണ്ട്. മറ്റ് പലതും അവ റഫർ ചെയ്യുന്ന പല മുൻകാല നിയമങ്ങളിലും ഉണ്ട് എന്നതാണ് സത്യം. ഇനി ഇല്ലാത്തത് ഉണ്ടാക്കാൻ എല്ലാ സാദ്ധ്യതകളും ഈ റിപ്പോർട്ടുകൾ കൊടുക്കുന്നുമുണ്ട്. അതാണ് വാസ്തവം. അങ്ങനെ വരുമ്പോൾ ഒരു നാൾ നിവൃത്തിയില്ലാതെ നമ്മൾ നമ്മുടെ നാടിനോട് താനേ വിട പറയും. അതാണ് ഈ റിപ്പോർട്ടുകളുടെ പിന്നിലുള്ള ശക്തികൾ ആഗ്രഹിക്കുന്നതും.

നമ്മുടെ ആവശ്യം അതുകൊണ്ട് എന്താണ്? ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ കേരളത്തെ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ മുഴുവനായും തള്ളിക്കളയുക; മറ്റൊരു കമ്മിറ്റിയെ വച്ച് വസ്തുനിഷ്ഠമായും നിയമാനുസൃതമായും അതാത് പ്രദേശങ്ങളെ ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിച്ചും കേരളത്തിന്റെ പ്രത്യേക ആവാസവ്യവസ്ഥകൾക്ക് അനുസരിച്ചും ഒരു പരിസ്ഥിതി നയം രൂപീകരിക്കുക. ഇപ്രകാരം ഒരു പരിസ്ഥിതി നയം ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യാത്ത രീതിയിൽ നിയമമായി നടപ്പാക്കുക. അങ്ങനെ നടപ്പാക്കുമ്പോൾ നഷ്ടങ്ങൾ വരുന്നവർക്ക് മതിയാ നഷ്ടപരിഹാരം നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്ത ശേഷം മാത്രം ആ നിയമം നടപ്പാക്കുക. നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നതിന് തടസ്സം നിൽക്കുന്നവർക്ക് കഠിന ശിക്ഷയും ഉറപ്പാക്കണം.

പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ഒട്ടും നമ്മൾ കുറച്ച് കാണേണ്ടതില്ല. എന്നാൽ ആ സംരക്ഷണത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനാകുകയും അതിന്റെ ലക്ഷ്യം മനുഷ്യന്റെ നന്മയാകുകയും വേണം എന്ന് മാത്രമാണ് നമ്മൾ ആവശ്യപ്പെടുന്നത്.

ദൈവം നമ്മുടെ നാടിനേയും നമ്മളേയും കാത്ത് സംരക്ഷിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2013 നവംബർ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സൗകര്യംപോലെ ഡിസംബർ മാസത്തിലെ ഏതെങ്കിലും ഒന്നോ രണ്ടോ ഞായറാഴ്ചകളിലായി ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി.കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം



***Pastoral Letter No. 02/2013***
***Prot. No. 14302/2013***

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ

**പൊരുന്നേടം മാർ ജോസ് മെത്രാൻ**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാൾ ആചരിക്കാനായി നാം നമ്മെത്തന്നെ ഒരുക്കുന്ന കാലഘട്ടമാണല്ലോ ഇരുപത്തഞ്ചു നോമ്പ്. ആ കാലഘട്ടത്തിലാണ് നാമിപ്പോൾ. ആരാധനക്രമവർഷത്തിൽ ഇത് ആഗമനകാലം എന്ന് അറിയപ്പെടുന്നു. കാരണം ദൈവം വാഗ്ദാനം ചെയ്ത രക്ഷകന്റെ ആഗമനത്തെ കാത്തിരുന്നതിന്റെ ഓർമ്മയാണ് ഇവിടെ ആചരിക്കപ്പെടുന്നത്. ഈ കാലഘട്ടത്തിൽ തന്നെ നമ്മൾ 2013 നോട് വിട പറഞ്ഞ് 2014 നെ വരവേൽക്കാൻ ഒരുങ്ങുകയും ചെയ്യുന്നു.

ഏശയ്യ പ്രവാചകനിലൂടെ കർത്താവായ ദൈവം ഇപ്രകാരം അരുളിചെയ്യുന്നു: *അതിനാൽ കർത്താവ് തന്നെ നിനക്ക് അടയാളം തരും. യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ എമ്മാനുവേൽ എന്ന് വിളിക്കപ്പെടും* (ഏശയ്യ 7:14). ഇത് വരാനിരിക്കുന്ന രക്ഷകനെത്തന്നെയാണ് സൂചിപ്പിക്കുന്നത് എന്ന് പരിശുദ്ധ സുവിശേഷം നമ്മോട് പറയുന്നു: ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് പരിശുദ്ധ മറിയത്തിന്റെ ഭർത്താവായ ജോസഫിനോട് പറയുന്ന ഭാഗമാണത്: *ദാവീദിന്റെ പുത്രനായ ജോസഫ്, മറിയത്തെ ഭാര്യയായി സ്വീകരിക്കാൻ ശങ്കിക്കേണ്ട. അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവൾ ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. എന്തെന്നാൽ, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും മോചിപ്പിയ്ക്കും. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിയ്ക്കും. ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിയ്ക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ മുഖേന അരുളിച്ചെയ്തത് പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്*

(മത്തായി 1:20–23). യേശുവെന്ന പേരിന്റെ അർത്ഥം ദൈവം രക്ഷിക്കുന്നു എന്നാണ്. അതുകൊണ്ടാണ് ആ പേര് തന്നെ കുട്ടിയ്ക്ക് ഇടണം എന്ന് ദൂതൻ നിർദ്ദേശിക്കുന്നത്. കാരണം രക്ഷിയ്ക്കുന്ന ദൈവമാണവൻ.

എന്തിൽ നിന്നാണ് രക്ഷിയ്ക്കുക എന്നും പറയുന്നുണ്ട്. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് അവൻ മോചിപ്പിയ്ക്കും. രക്ഷകൻ വരുന്നത് മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിയ്ക്കാനാണ് എന്നത് നമ്മൾ പ്രത്യേകം ഓർത്തിരിയ്ക്കേണ്ടതാണ്. പാപത്തിൽ നിന്ന് രക്ഷിയ്ക്കാൻ എന്ന് പറയുമ്പോൾ അത് യാന്ത്രികമായി സംഭവിയ്ക്കുന്ന എന്തോ ഒന്ന് നമ്മൾ കരുതേണ്ടതില്ല. പാപമോചനത്തിനുള്ള മാർഗ്ഗങ്ങളാണ് രക്ഷകൻ കാണിച്ച് തരുന്നത്. നമ്മുടെ സ്വാതന്ത്ര്യം ഉപയോഗിച്ച് നാം ആ മാർഗ്ഗങ്ങൾ പിൻചെല്ലുമ്പോഴാണ് രക്ഷ നമുക്ക് കൈവരുന്നത്. ധൂർത്ത പുത്രനെപ്പോലെ നമ്മൾ സുബോധം വീണ്ടെടുത്ത് തിരികെ പിതാവിന്റെ സന്നിധിയിലേയ്ക്ക് നടക്കണം.

താൻ ഭൂമിയിൽ ജീവിച്ചിരുന്നിടത്തോളം കാലം അവിടുന്ന് ആ രക്ഷയ്ക്കുള്ള മാർഗ്ഗം തന്നെ ചുറ്റും കൂടിയവരോട് പറഞ്ഞുകൊടുത്തു. അവസാനം തന്റെ മാതൃകയിലൂടെ കാണിച്ച് കൊടുക്കുകയും ചെയ്തു. ഈ ഭൂമിയിലെ തന്റെ ജീവിതത്തിന് ശേഷം ഇവിടെ ജീവിക്കുന്നവർക്കും ആ രക്ഷ കിട്ടാനായി അവിടുത്തെ ദൗത്യം തന്റെ ശിഷ്യരെ ഏൽപ്പിച്ചു. അവരുടെ സമൂഹമാണ് സഭ. പാപമോചനത്തിനായുള്ള എല്ലാ മാർഗ്ഗവും ഈ സഭയിലുണ്ട്. അവയെ സ്വീകരിക്കുന്നവർക്ക് പാപമോചനം ലഭിയ്ക്കുകയും ചെയ്യുന്നു. ഈ സഭയിലാണ് ഇന്ന് നമ്മൾ രക്ഷകനെ കണ്ടെത്തുന്നത്. വി. പൗലോസിന്റെ ഭാഷയിൽ സഭ ക്രിസ്തുവിന്റെ മൗതികശരീരമാണ്. ക്രിസ്തു അതിന്റെ ശിരസ്സും നമ്മളെല്ലാം അവയവങ്ങളുമാണ്. അപ്പോൾ അവയവങ്ങൾക്ക് ശരിയായ രീതിയിൽ പ്രവർത്തിക്കാനും ഫലം പുറപ്പെടുവിയ്ക്കാനും സാധിക്കണമെങ്കിൽ അവ ശരീരത്തോട് അതായത് ശിരസ്സിനോടും മറ്റ് അവയവങ്ങളോടും, ചേർന്നിരിക്കുകയും ശിരസിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിയ്ക്കുകയും ചെയ്യണം. തന്നെത്തന്നെ മുന്തിരിവള്ളിയുടെ തായ്തണ്ടും നമ്മളെ അതിന്റെ ശാഖകളുമായി അവതരിപ്പിക്കുന്ന കർത്താവും ഇതേ ആശയം തന്നെയാണ് പറഞ്ഞു വയ്ക്കുന്നത്.

സ്വർഗ്ഗസൗഭാഗ്യം അഥവാ ദൈവവുമൊത്തുള്ള ജീവിതത്തിൽ ലഭ്യമാകുന്ന അനന്തസന്തോഷവും സംതൃപ്തിയും ലഭിക്കാൻ അഥവാ നിത്യജീവൻ ലഭിക്കാൻ ഇവയല്ലാതെ വേറെ മാർഗ്ഗങ്ങളില്ല എന്ന വസ്തുതയും പ്രത്യേകം സ്മർത്തവ്യമാണ്. ആ മാർഗ്ഗങ്ങൾ നമ്മൾ

സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിയ്ക്കാനുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നൽകിയിരിയ്ക്കുന്നു. അവിടുന്ന് പറയുന്നു: *നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിയ്ക്കുകയും അവന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല. എന്റെ ശരീരം ഭക്ഷിയ്ക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവസാനദിവസം ഞാൻ അവനെ ഉയിർപ്പിയ്ക്കും* (യോഹ. 6:53-54). ഈ ശരീരവും രക്തവും സ്വീകരിക്കണമോ എന്ന് നാം തന്നെ തീരുമാനിയ്ക്കണം.

ഈ ലോകത്തിന്റെ മായികവലയത്തിൽപെട്ട് ചിലപ്പോൾ നാം ദൈവം തരുന്ന മാർഗ്ഗങ്ങൾ നിരസിച്ചെന്ന് വരാം. പക്ഷേ ദൈവം നമ്മെ കയ്യൊഴിയുന്നില്ല. ധൂർത്ത പുത്രന്റെ ഉപമയിലെ പിതാവിനെപ്പോലെ അവിടുന്ന് നമ്മുടെ തിരിച്ച് വരവും പ്രതീക്ഷിച്ച് കാത്തിരിയ്ക്കുന്നുണ്ടാകും. ധൂർത്തപുത്രന് തിരിച്ച് വരവിനുള്ള സുബോധം കൊടുത്തത് പന്നികളോടൊത്തുള്ള അവന്റെ ജീവിതമാണ്. ഒരു യഹൂദനെ സംബന്ധിച്ച് പന്നികളെ മേയിയ്ക്കുന്നത് ഏറ്റവും  നികൃഷ്ടമായ ഒരു ജോലിയാണ്. അയാൾക്ക് ജീവിതത്തിൽ സംഭവിയ്ക്കാവുന്ന ഏറ്റവും വലിയ ദുരന്തങ്ങളിൽ ഒന്നാണത്. ഏത് ദുരന്തങ്ങൾക്കും നമ്മോട് ചിലത് പറയുവാനുണ്ടാകും. അതിലൂടെ നമ്മെ സുബോധത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരിക എന്നതാണ് ദൈവത്തിന്റെ ലക്ഷ്യം. ഈ സത്യം നമ്മൾ മനസിലാക്കി പ്രവർത്തിയ്ക്കുമ്പോൾ നമ്മൾ അനുഗ്രഹീതരാകുന്നു. നമ്മുടെ ഈ നോമ്പുകാലത്തിന്റെ ചൈതന്യം മറ്റൊന്നല്ല. ഈ കാലഘട്ടത്തിൽ നാമനുഷ്ഠിക്കുന്ന ത്യാഗപ്രവർത്തികൾ അപ്രകാരമൊരു സുബോധത്തിലേയ്ക്ക് നമ്മളെ കൊണ്ടെത്തിയ്ക്കണം. എന്നിട്ട് കർത്താവിങ്കലേയ്ക്ക് തിരികെ ചെല്ലണം. അപ്പോൾ യേശു നമ്മുടെ ഹൃദയത്തിൽ ഭൂജാതനാകും. അങ്ങനെയാണ് യേശുവിനെ സ്വീകരിയ്ക്കാൻ നമ്മൾ ഒരുങ്ങുന്നത്.

നോമ്പുകാലത്തിന്റെ അവസാനം വരുന്ന ക്രിസ്തുമസ് സന്തോഷത്തിന്റെ ആഘോഷമാണ്. അവിടുത്തെ ജനനം അറിയിച്ചുകൊണ്ട് ദൈവദൂതൻ ആട്ടിയന്മാരോട് പറയുന്നു: *ഭയപ്പെടേണ്ട. ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിയ്ക്കുന്നു* (ലൂക്ക 2:10). അത് സന്തോഷത്തിന്റെ വാർത്ത മാത്രമല്ല, പ്രത്യുത സകല ജനങ്ങൾക്കും വേണ്ടിയുള്ള വാർത്തയാണത്. നമ്മളുൾപ്പെടെ എല്ലാ കാലഘട്ടത്തിലുമുള്ള ജനതകൾ അതിൽപ്പെടുന്നുണ്ട്.

വലിയ സന്തോഷത്തിന്റെ വാർത്തയാണ് യേശുവിന്റെ ജനനം. കൊച്ചു കൊച്ചു സന്തോഷങ്ങൾ തരുന്ന എത്രയോ കാര്യങ്ങൾ ഈ ലോകത്തിൽ നമുക്ക് ലഭ്യമാണ്. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഈ സന്തോഷം. ഇത് വലിയ സന്തോഷമാണ്. നമ്മുടെ പാപങ്ങളിൽ നിന്ന് നമുക്ക് മോചനം നൽകി നമ്മെ വീണ്ടും ദൈവ പുത്രരാക്കി എന്നതിലും വലിയ എന്തു സന്തോഷമാണ് നമുക്കുണ്ടാകാനുള്ളത്? കേവലം ദാസനായിരുന്നാൽ മതി എന്ന ചിന്തയിൽ തിരികെ വരുന്ന ധൂർത്തപുത്രന് പുത്രസ്ഥാനം തിരികെ കിട്ടിയപ്പോൾ ഉണ്ടായ സന്തോഷം എത്ര വലുതായിരുന്നിരിയ്ക്കണം! ഈ സന്തോഷമാണ് നമ്മൾ ക്രിസ്തുമസ് കാലത്ത് പലതരം ആചാരങ്ങളിലൂടെയും അനുഷ്ഠാനങ്ങളിലൂടെയും പ്രകടിപ്പിയ്ക്കാൻ ശ്രമിക്കുന്നത്. ഇഷ്ടപ്പെട്ട ഒരു സിനിമയോ സർക്കസോ ഒക്കെ കാണുന്ന ഒരു വ്യക്തി തന്റെ കൂട്ടുകാരോടെല്ലാം അവയെപ്പറ്റി സംസാരിയ്ക്കും എന്നത് തീർച്ചയാണ്. അതു തന്നെയാണ് നമ്മൾ ഇവിടെ ചെയ്യുന്നത്. എനിയ്ക്ക് കിട്ടിയ സന്തോഷവും അത് നേടാനുള്ള മാർഗ്ഗവും ഞാൻ മറ്റുള്ളവർക്കും മനസിലാക്കി കൊടുക്കുന്നു.

ആശംസാക്കാർഡുകളും കേക്കും സമ്മാനങ്ങളും മറ്റും കൈമാറുമ്പോഴും കരോൾ നടത്തുമ്പോഴും ഈ വസ്തുത നമ്മൾ നിരന്തരം അനുസ്മരിയ്ക്കണം. എന്റെ പാപത്തിൽ നിന്ന് എന്നെ മോചിപ്പിച്ചവനേയും അതിനുള്ള മാർഗ്ഗം പറഞ്ഞു തന്നവനെയും ഞാൻ കണ്ടെത്തിയിരിയ്ക്കുന്നു. നിങ്ങൾക്കും ആ സന്തോഷം ഉണ്ടാകണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. അതേ അവൻ യഥാർത്ഥത്തിൽ യേശു – രക്ഷിയ്ക്കുന്ന ദൈവം – ആണ്. ഇതായിരിയ്ക്കണം നമ്മൾ കൈമാറുന്ന സന്ദേശം. യേശുവുമായി കിണറ്റിൻകരയിൽ വച്ച് സംസാരിച്ച സമരിയാക്കാരി സ്ത്രീ തന്റെ ഗ്രാമവാസികളോട് പറഞ്ഞ കാര്യം നമുക്കോർമ്മിയ്ക്കാം: ആ സ്ത്രീയാകട്ടെ കുടം അവിടെ വെച്ചിട്ട് പട്ടണത്തിലേയ്ക്ക് പോയി, ആളുകളോട് പറഞ്ഞു: *ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോട് പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്ന് കാണുവിൻ. ഇവൻ തന്നെയായിരിയ്ക്കുമോ ക്രിസ്തു?* (യോഹ 4:2829). ഗ്രാമവാസികൾ സ്ത്രീയോട് പറഞ്ഞ കാര്യവും പ്രത്യേകം ശ്രദ്ധേയമാണ്: *ഇനി മേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കുമൂലമല്ല. കാരണം ഞങ്ങൾ തന്നെ നേരിട്ട് ശ്രവിയ്ക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്ന് മനസിലാക്കുകയും ചെയ്തിരിയ്ക്കുന്നു* (യോഹ 4:42). നമ്മുടെ ആശംസാപ്രകടനങ്ങൾ മറ്റുള്ളവരെ യേശുവിലേയ്ക്ക് നയിക്കാനുതകുന്നവയാകണം. അതായത് അവ രക്ഷാകരമാകണം.

എന്നാൽ ഇന്നത്തെ കച്ചവട ലോകത്തിൽ യേശു പലതിൽ നിന്നും അപ്രത്യക്ഷമായിരിയ്ക്കുന്നു എന്നത് വേദനാജനകമായ ഒരു സത്യമാണ്. സിനിമാതാരങ്ങളുടെയും മറ്റും പേരിലിറങ്ങുന്ന ആശംസാ ക്കാർഡുകളും അതുപോലെയുള്ള നക്ഷത്രവിളക്കുകളും എല്ലാം കേവലം പണം മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ് എന്നത് വ്യക്ത മാണ്. ഇവിടെയും നമ്മൾ യേശുവിനെ പുനഃപ്രതിഷ്ഠിക്കേണ്ടതുണ്ട്.

നമ്മുടെ കുടുംബജീവിതങ്ങളിലും വൈദിക-സമർപ്പിതജീവിത ങ്ങളിലും രാഷ്ട്രീയ പൊതുജീവിതത്തിലും എല്ലാം കർത്താവിന്റെ രക്ഷാകര സന്ദേശം പകർന്ന് കൊടുക്കുന്നവരായി തീരാൻ ഈ നോമ്പു കാലവും ക്രിസ്തുമസും ഉപകരിയ്ക്കട്ടെ. അതിനുള്ള ശക്തി കർത്താ വിൽ നിന്ന് നമുക്ക് യാചിയ്ക്കാം. കടന്നു പോകുന്ന വർഷത്തിൽ നമുക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയാനും വന്നു പോയിട്ടുള്ള പരാ ജയങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് കൂടുതൽ ഊർജ്ജസ്വലതയോടെ ഭാവിയിൽ പ്രവർത്തിയ്ക്കാനും ഉള്ള തീരുമാനങ്ങൾ എടുക്കാനും പുതു വത്സരത്തിൽ നമുക്ക് സാധിയ്ക്കട്ടെ. പരാജയങ്ങൾ മനുഷ്യസഹജമാ ണെന്നും അതുലൂടെയെല്ലാം ദൈവം നമ്മെ വഴി നടത്തുന്നു എന്നുമുള്ള വിശ്വാസം നമുക്ക് ഊർജ്ജം പകരും. കർത്താവിന്റെ കൃപ നിങ്ങളേവ രോടും കൂടിയുണ്ടായിരിക്കട്ടെ. ഏവർക്കും ഫലദായകമായ നോമ്പുകാ ലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്ര ഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2013 ഡിസംബർ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**